# എറിയാട് ഗ്രാമപഞ്ചായത്ത്

## പൊതു വിവരങ്ങൾ :-

| | |
|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | : എറിയാട് |
| രൂപീകരിക്കപ്പെട്ട വർഷം | : 1954 |

## അതിരുകൾ :-

| | |
|---|---|
| വടക്ക് | : എടവിലങ്ങ് ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റി |
| തെക്ക് | : പെരിയാർ |
| പടിഞ്ഞാറ് | : അറബിക്കടൽ |
| ഉൾപ്പെടുന്ന വില്ലേജുകൾ | : അഴീക്കോട്, എറിയാട് |
| വിസ്തീർണ്ണം | : 16.75 ച.കിലോമീറ്റർ |
| വാർഡുകൾ | : 24 |
| ജില്ലാപഞ്ചായത്ത് ഡിവിഷൻ | : എറിയാട് |
| ബ്ലോക്ക് പഞ്ചായത്ത് | : മതിലകം |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : 4 |
| താലൂക്ക് | : കൊടുങ്ങല്ലൂർ |
| അസംബ്ലി മണ്ഡലം | : കയ്പമംഗലം |
| ലോകസഭാ മണ്ഡലം | : ചാലക്കുടി |
| ജനസംഖ്യ (2011 സെൻസസ്) | : 46,213 |
| മൊത്തം സ്ത്രീ | : 24286 |
| പുരുഷൻ | : 21927 |
| പട്ടികജാതിക്കാർ | : 2555 |
| പട്ടികവർഗ്ഗക്കാർ | : 2 |
| സാക്ഷരത | : 94% |
| സാക്ഷരത പുരുക്ഷൻ | : 98.78% |
| സാക്ഷരത സ്ത്രീകൾ | : 90% |
| ആകെ വീടുകൾ | : 15617 |

# എറിയാട് ഗ്രാമപഞ്ചായത്ത്

LSGD

തദ്ദേശ
സ്വയംഭരണ
വകുപ്പ്

# അന്തിമ പദ്ധതിരേഖ 2026-2027

# എറിയാട് ഗ്രാമപഞ്ചായത്ത്

## ഭരണസമിതി അംഗങ്ങൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ. **കെ.പി. രാജൻ** | – | 9946413588<br>9496046164 |
| വൈസ് പ്രസിഡന്റ് | : | ശ്രീമതി. **സാറാബി ഉമ്മർ** | – | 9946742226 |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | | | | |
| വികസനകാര്യം | : | ശ്രീ. **സി.കെ. ഹാരിസ്** | – | 8943137338 |
| ക്ഷേമകാര്യം | : | ശ്രീ. **റെനീഡ് വി.ആർ.** | – | 9846678680 |
| ആരോഗ്യം - വിദ്യാഭ്യാസം | : | ശ്രീമതി. **സരിത പുരുഷൻ** | – | 9539465535 |

അംഗങ്ങൾ:-

| | | | |
|---|---|---|---|
| 1. | ശ്രീമതി. **കൊച്ചലു അബൂബക്കർ** | – | 9048023141 |
| 2. | ശ്രീമതി. **സുഹറാബി മുഹമ്മദ്** | – | 9747438365 |
| 3. | ശ്രീമതി. **മിനി തങ്കപ്പൻ** | – | 9946134299 |
| 4. | ശ്രീമതി. **ഷീബ പ്രസാദ്** | – | 9744011935 |
| 5. | ശ്രീ. **പി.എസ്. മുജീബ് റഹ്മാൻ** | – | 9846135411 |
| 6. | ശ്രീ. **പി.കെ. മുഹമ്മദ്** | – | 9495333063 |
| 7. | ശ്രീമതി. **സിന്ധു വിബീഷ്** | – | 9048555235 |
| 8. | ശ്രീ. **എം.കെ. മുഹമ്മദ്** | – | 9995159064 |
| 9. | ശ്രീമതി. **ആബിദ ഷിബി** | – | 9539343858 |
| 10. | ശ്രീമതി. **സിന്ധുസാബു** | – | 9847395464 |
| 11. | ശ്രീമതി. **ഷിബി സജീവൻ** | – | 9847120449 |
| 12. | ശ്രീമതി. **പ്രസീന റാഫി** | – | 9846318489 |
| 13. | ശ്രീ. **ഇ.വി. വേണു** | – | 9846419564 |
| 14. | ശ്രീ. **കെ.എം. സാദത്ത്** | – | 9947705430 |
| 15. | ശ്രീ. **സി.ഡി. വിജയൻ** | – | 9747276023 |
| 16. | ശ്രീ. **കെ.ടി. സജീവൻ** | – | 9446782524 |
| 17. | ശ്രീമതി. **അസ്മാബി അബ്ദുൽ ജബ്ബാർ** | – | 9562674905 |
| 18. | ശ്രീ. **സുഹൈൽ വി.എ.** | – | 9947566784 |
| 19. | ശ്രീമതി. **ഷീജ ഷീബൻ** | – | 7034164469 |

സെക്രട്ടറി : ശ്രീമതി **സെറീന എ. അലി** – 9496046165

# 2026-27 വാർഷിക പദ്ധതി

## വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻമാരുടെയും കൺവീനർമാരുടെയും പേരുവിവരം

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | ചെയർമാൻ | കൺവീനർ |
|---|---|---|---|
| 1 | പൊതുഭരണവും, ധനകാര്യവും (കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ മുതലായവ | **സാറാബി ഉമ്മർ** | **സെറീന എ. അലി**<br>സെക്രട്ടറി |
| 2 | കൃഷി (ഉൽപ്പന്ന സംഭരണവും, സംസ്കരണവും, വിപണനവും ഉൾപ്പെടെ) തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം മുതലായവ | **എം.കെ. മുഹമ്മദ്** | **അമൽ ജോസഫ്**<br>കൃഷി ഓഫീസർ |
| 3 | മൃഗസംരക്ഷണവും, ക്ഷീര വികസനവും | **ഷിബി സജീവൻ** | **ഡോ. സതി കെ.ബി.**<br>വെറ്ററിനറി സർജൻ |
| 4 | പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം, സൂക്ഷ്മസംരംഭങ്ങൾ ഉൾപ്പെടെ) സഹകരണം മുതലായവ | **കെ.എം. സാദത്ത്** | **നിഷ കെ.എ.**<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 5 | ദാരിദ്ര്യ ലഘൂകരണം | **ഷീജ ഷീബൻ** | **സെൽവി എം.എഫ്.**<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 6 | സാമൂഹ്യ നീതി (ഭിന്ന ശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ഭിന്നലിംഗ വിഭാഗം മുതലായവ) | **ഷീബ പ്രസാദ്** | **ഡിനി**<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 7 | ജെന്ററും വികസനവും, കുട്ടികളുടെ വികസനവും | **മിനി തങ്കപ്പൻ** | **ഡിനി**<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 8 | പട്ടികജാതി വികസനം | **സിന്ധു സാബു** | **ബീന വി.എസ്.**<br>അസിസ്റ്റന്റ് സെക്രട്ടറി |
| 9 | ആരോഗ്യം | **സിന്ധു വിബീഷ്** | **ഡോ. ഷിനിൽ**<br>മെഡിക്കൽ ഓഫീസർ FHC Madavana |
| 10 | കുടിവെള്ളം, ശുചിത്വം മുതലായവ | **കൊച്ചലു അബൂബക്കർ** | **ഉഷ കെ.കെ.**<br>അസിസ്റ്റന്റ് എഞ്ചിനീയർ, LSGD Section |
| 11 | വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനക്ഷേമം | **വി.എ. സുഹൈൽ** | **പുഷ്കല പി.പി.**<br>ഹെഡ്മാസ്റ്റർ |
| 12 | പൊതുമരാമത്ത് (വൈദ്യുതിയും, ഊർജ്ജവും ഉൾപ്പെടെ) | **ആബിദ ഷിബി** | **ഉഷ കെ.കെ.**<br>അസിസ്റ്റന്റ് എഞ്ചിനീയർ, LSGD Section |
| 13 | മത്സ്യബന്ധനം | **ഇ.വി. വേണു** | **അൻസിൽ**<br>സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 14 | കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം | **കെ.പി. രാജൻ** | **സെറീന എ. അലി**<br>സെക്രട്ടറി |

## ആസൂത്രണ സമിതി

| | | | |
|---|---|---|---|
| 1. | **കെ.പി. രാജൻ**, പ്രസിഡന്റ് | - ചെയർമാൻ, എറിയാട് ഗ്രാമപഞ്ചായത്ത് | - ഫോൺ : 9946413588 |
| 2. | **സി.എ. നസീർ** | - ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻ | - ഫോൺ : 9447617108 |
| 3. | **സെറീന എ. അലി** സെക്രട്ടറി | - കൺവീനർ, എറിയാട് ഗ്രാമപഞ്ചായത്ത് | - ഫോൺ : 9496046165 |
| | **അംഗങ്ങൾ** | | |
| 1. | **സാറാബി ഉമ്മർ**, വൈസ് പ്രസിഡന്റ്, എറിയാട് ഗ്രാമപഞ്ചായത്ത് | | - ഫോൺ : 9946742226 |
| 2. | **സി.കെ. ഹാരിസ്**, ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | | - ഫോൺ : 8943137338 |
| 3. | **റെനീഡ് വി.ആർ.**, ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | | - ഫോൺ : 9846678680 |
| 4. | **സരിത പുരുഷൻ**, ചെയർപേഴ്സൺ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി | | - ഫോൺ : 9539465535 |
| 5. | **കെ.കെ. മുഹമ്മദ് ഹനീഫ**, കാടാംപറമ്പത്ത്, പി.ഒ. എറിയാട് | | - ഫോൺ : 9496347487 |
| 6. | **പ്രസാദിനി മോഹനൻ**, വഴിനടയ്ക്കൽ, പി.ഒ. മാടവന | | - ഫോൺ : 8547509331 |
| 7. | **എ.കെ. മൊയ്തീൻ**, അയ്യാരിൽ, പേബസാർ, പി.ഒ. എറിയാട് | | - ഫോൺ : 9496371015 |
| 8. | **എ.കെ. പ്രദീപൻ**, അർത്തിക്കൽ, പി.ഒ. എറിയാട് | | - ഫോൺ : 9947956193 |
| 9. | **പി.കെ. അസീം**, പത്താഴപ്പുരക്കൽ, പി.ഒ. അഴീക്കോട് | | - ഫോൺ : 9048544702 |
| 10. | **നിസാർ മാടവന** | | - ഫോൺ : 9744477330 |
| 11. | **ബഷീർ കൊണ്ടാമ്പുള്ളി** | | - ഫോൺ : 8593889394 |
| 12. | **ഡോ. നസറുള്ള** | | - ഫോൺ : 9447084471 |

# ആമുഖം



പ്രിയമുള്ളവരെ ,

എറിയാട് ഗ്രാമപഞ്ചായത്തിലെ
2026-27 വർഷത്തെ പദ്ധതികൾ സമർപ്പിക്കുന്നു.
കഴിഞ്ഞ അഞ്ചു വർഷക്കാലം
സമാനതകളില്ലാത്ത
വികസനപ്രവർത്തനങ്ങളുടെ
തുടർ പ്രവർത്തനങ്ങളും
വികസന ചർച്ചകളിൽ നിന്നും
ഉരുത്തിരിഞ്ഞ് വന്ന നൂതന
വികസന പദ്ധതികളുമാണ്
ഈ വർഷം രൂപീകരിക്കപ്പെട്ടിരിക്കുന്നത്.

വയോജന സൗഹൃദവും
വനിതാ സൗഹൃദവും
ശിശുസൗഹൃദവുമായ പദ്ധതികൾക്ക്
ഊന്നൽ നൽകുമ്പോഴും
മാലിന്യമുക്തമായ ഗ്രാമം
വൃത്തിയുള്ള വീഥികൾ
എന്ന പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റുകയാണ്.

അവസാനത്തെ നിലവിളിയും
പരിഹരിക്കും വരെയുള്ള പ്രവർത്തനങ്ങളാണ്
നമ്മളെ മുന്നോട്ട് നയിക്കുന്നത്.
ഏവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു
സ്നേഹാദരങ്ങളോടെ,

**കെ.പി. രാജൻ**
പ്രസിഡന്റ്



അദ്ധ്യായം - 1

# പഞ്ചായത്തിന്റെ വികസന സ്ഥിതി അവസ്ഥ

## ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

തൃശൂർ ജില്ലയുടെ തെക്കുപടിഞ്ഞാറ് ഭാഗത്ത് പെരിയാറും, അറബിക്കടലും ചേരുന്നതിന് വടക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണ് എറിയാട് ഗ്രാമപഞ്ചായത്ത്. വിസ്തീർണ്ണം 16.75 ചതുരശ്രകിലോമീറ്ററാണ്.

പ്രാചീന ചരിത്രത്തിൽ വളരെ പ്രാധാന്യത്തോടെ രേഖപ്പെടുത്തിയിരിക്കുന്ന ഒരു തുറമുഖ പട്ടണമാണ് മുസ്രിസ്. മുസ്രിസ് തുറമുഖ പട്ടണത്തിന്റെ പ്രവേശന കവാടം എന്ന് വേണമെങ്കിൽ എറിയാട് ഗ്രാമപഞ്ചായത്തിനെ വിശേഷിപ്പിക്കാം. പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽ പെരിയാറിന്റെ കൈവരിയായി അറിയപ്പെടുന്ന കാഞ്ഞിരപുഴയും പടിഞ്ഞാറ് അറബിക്കടലുമാണ്. ഇവ രണ്ടും കൂടി ചേരുന്ന അഴിമുഖം കടന്നാണ് പ്രാചീന കാലത്ത് സഞ്ചാരികളും, വ്യാപാരികളും ചരിത്രാന്വേഷികളും മുസ്രിസ് തുറമുഖ പട്ടണത്തിലേക്ക് വന്ന് ചേർന്നിരുന്നത്. അതിൽ ഭൂരിഭാഗവും അറബികൾ, ഗ്രീക്കുകാർ, റോമാക്കാർ, ഡച്ചുകാർ, പോർട്ടുഗീസുകാർ മുതലായ വിദേശികളായിരുന്നു. തുറമുഖം സ്ഥിതിചെയ്തിരുന്ന പെരിയാർ അഴിമുഖം എറിയാട് ആയതിനാൽ പഴയ തുറമുഖ പട്ടണവും ഇന്നത്തെ എറിയാട് പഞ്ചായത്തിലായിരുന്നിരിക്കാം.

പണ്ട് കാലത്ത് എറിയാട് പ്രദേശം വലിയ കാടായിരുന്നു എന്നും അതുകൊണ്ട് ഇവിടം 'ഏറിയകാട്' എന്നാണ് അറിയപ്പെട്ടിരുന്നതെന്നും 'ഏറിയകാട്' ലോപിച്ച് 'എറിയാട്' ആയി മാറിയെന്നും സ്ഥലകാല ചരിത്രം സൂചിപ്പിക്കുന്നു. ഈ പഞ്ചായത്തിൽ 'ഇടിയൻചാൽ' കര എന്ന പ്രദേശം ഒരു ദ്വീപായിരുന്നു, ഈ അടുത്ത കാലത്തായി പാലം നിർമ്മിക്കുകയും റോഡുകൾ നിർമ്മിക്കുകയും ചെയ്തതോടുകൂടി ദ്വീപ് എന്ന വിശേഷണത്തിൽ നിന്നും ആ പ്രദേശത്തെ മാറ്റാൻ കഴിഞ്ഞിട്ടുണ്ട്.

എറിയാട് ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങൾ കടൽ സമ്മാനിച്ച കരയാണ്. പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ ചേടി കലർന്ന മണ്ണാണെങ്കിലും ഭൂരിഭാഗവും മണൽ പ്രദേശമാണ്. കായലിന്റെയും, കടലിന്റെയും തീരപ്രദേശങ്ങളിലെ എക്കലിന്റെ സാന്നിദ്ധ്യം പഞ്ചായത്തിനെ കൂടുതൽ ഫലഭൂയിഷ്ടമാക്കുന്നു. ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്ത് പ്രദേശത്തെ തീര സമതല പ്രദേശത്തിൽ ഉൾപ്പെടുത്താം. ഈ പഞ്ചായത്തിലെ പ്രധാനകൃഷി തെങ്ങാണ്.

# സാമൂഹ്യ സാംസ്കാരിക ചരിത്രം

എറിയാടിന് സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവും വിപ്ലവപരവുമായ ഒരു ചരിത്രമുണ്ട്. 1933ൽ നടന്ന കർഷക സമരം എറിയാട് പഞ്ചായത്തിൽ നിന്നായിരുന്നു പൊട്ടിപ്പുറപ്പെട്ടത്. ഈ സമരം കേരള ചരിത്രത്തിൽ തന്നെ ആദ്യത്തെ കർഷക സമരമായിരുന്നു. പ്രധാന വിളയായ നാളികേരത്തിന്റെ വില കുത്തനെ കുറഞ്ഞതു കൊണ്ട് നാട്ടുകാരായ കർഷകർക്ക് ജീവിതം മുന്നോട്ട് നീക്കാൻ കഴിയാതെ വന്നപ്പോൾ സേട്ടുമാരായ ഹുണ്ടിയക്കാരിൽ നിന്നും കൃഷി സ്ഥലത്തിന്റെ പണയത്തിൻമേൽ പണം കടം വാങ്ങേണ്ടിവന്നു. 100 രൂപക്ക് വർഷത്തിൽ 48 രൂപ പലിശ വന്നപ്പോൾ തിരിച്ചടക്കാൻ വയ്യാതായതിനെ തുടർന്ന് ഇവിടെയുള്ള ഭൂമി ഹുണ്ടിയക്കാരുടെ അധീനതയിലായി. ഇതിന് എതിരായി കെ.എം. ഇബ്രാഹിം സാഹിബിന്റെ നേതൃത്വത്തിലാണ് സമരം നടന്നത്. 1934ൽ മൊയ്തീൻ സാഹിബിന്റെ നേതൃത്വത്തിൽ കൊച്ചി ദിവാന്റെ ആസ്ഥാനത്തേക്ക് സമരക്കാർ നീങ്ങിയതിനെ തുടർന്ന് വില്ലിംഗ്ട്ടൺ പ്രഭുവിന്റെ ഉത്തരവ് പ്രകാരം സമരക്കാരെ പോലീസ് അതിക്രൂരമായി അടിച്ചമർത്തുകയുണ്ടായി. എന്നാൽ ഈ സമരത്തിന്റെ ഫലമായി കടാശ്വാസ ബില്ല് നിലവിൽ വരികയും പലിശ 6% ആയി കുറക്കുകയും കടം ഗഡുക്കളായി അടച്ചുതീർക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്തു. എന്നാൽ ഇതിനു മുമ്പ് നിലനിന്നിരുന്ന പ്രവണതകളുടെ ഫലമായി പല കർഷകരുടേയും കൃഷിയിടങ്ങൾ ഇത്തരത്തിൽ ഹുണ്ടിയക്കാരുടെ കൈയ്യിൽ വന്നു ചേരുകയും അവരുടെ കയ്യിൽ നിന്ന് നാട്ടിലെ ഭൂപ്രമാണിമാരുടെ കയ്യിൽ വന്നു ചേരാനുള്ള സാഹചര്യം ഉണ്ടാവുകയും ചെയ്തു. തൽഫലമായി കാർഷിക വിഭവങ്ങളിൽ ഏറിയ പങ്കും സമ്പന്നരായ വളരെ ചെറിയൊരു വിഭാഗത്തിന്റെ കയ്യിൽ എത്തി ചേർന്നു. ആ ആളുകൾ തന്നെ അവസാനം, സ്വാതന്ത്ര്യ സമര കാലത്ത് നെഹ്റുവിനെ കാശ്മീരിൽ വെച്ച് ബയണറ്റ് ചാർജ്ജ് നേരിടേണ്ടി വന്നതിൽ പ്രതിഷേധിച്ച് നാട്ടിൽ ദേശീയ വാദികൾ നടത്തിയ പ്രകടനത്തിനു നേരെ ഗുണ്ടകളെ അഴിച്ചുവിടുകയും ആക്രമണം നടത്തുകയും ചെയ്തു. ആ കേസിലെ 1-ാം പ്രതിയാക്കപ്പെട്ടത് കരിക്കുളത്ത് ഖാൻ സാഹിബായിരുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത പ്രമുഖരായ പല വ്യക്തികളും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. മുഹമ്മദ് അബ്ദുൾറഹിമാൻ സാഹിബും, സീതിസാഹിബും, സി.എ. അബ്ദുൾഖാദർ, എം.എ. കുഞ്ഞുമൊയ്തീൻ സാഹിബും കെ.എം. ഇബ്രാഹിം, കെ.എം. മൊയ്തീൻ, പി.പി. കുമാരൻ എന്നിവർ അവരിൽ സ്മരണീയരാണ്. രണ്ടാം ലോക മഹായുദ്ധകാലത്ത് എറിയാട് പഞ്ചായത്തിലെ കടപ്പുറത്ത് ഒരു ടെലിഫോൺ ഉണ്ടായിരുന്നു. പഞ്ചായത്തിലെ ആദ്യത്തെ ടെലിഫോൺ കണക്ഷനായിരുന്നു അത്. ഈ കാലഘട്ടത്തിൽ ചേർത്തലയിൽ പട്ടിണി മരണവും ക്ഷാമവും ഉണ്ടായപ്പോൾ ദുരിതാശ്വാസ നിധിയിലേക്ക് വിഭവങ്ങൾ സമാഹരിച്ച് കൊടുത്തയച്ചവരുടെ കൂട്ടത്തിൽ എറിയാട് പഞ്ചായത്തിലെ ജനങ്ങളും ഉണ്ടായിരുന്നു. ഈ കാലഘട്ടത്തിലെ പ്രധാന ഭൂപ്രഭുക്കൾ മുസ്ലീം പ്രമാണിമാർ ആയിരുന്നു. കേരള മുസ്ലീം ഐക്യസംഘം 1926ൽ എറിയാട് പഞ്ചായത്തിൽ വച്ചായിരുന്നു സ്ഥാപിതമായത്.

ഇന്ത്യയിലെ തന്നെ ആദ്യത്തെ ക്രിസ്ത്യൻ ദേവാലയങ്ങളിലൊന്നാണ് മാർത്തോമ പള്ളി. പഞ്ചായത്തിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട മുസ്ലീം പള്ളി അഴീക്കോട് പുത്തൻപള്ളിയും ആദ്യത്തെ ഹിന്ദു ദേവാലയം തിരുവള്ളൂർ ക്ഷേത്രവുമാണ്. പള്ളികളിലെ പെരുന്നാളിനും അമ്പലങ്ങളിലെ ഉത്സവങ്ങൾക്കും ജാതിഭേദമന്യേ നാട്ടുകാർ പരസ്പരം സഹകരിച്ചുപോരുന്നു. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് പത്താം വാർഡിലെ കസ്തൂരി കോവിൽ എന്ന സുബ്രഹ്മണ്യ ക്ഷേത്രം. അതിന് സ്ഥലം നൽകി സഹായിച്ചത് കസ്തൂരി കുഞ്ഞുമൊയ്തീൻ ആയിരുന്നു. തിരുവഞ്ചിക്കുളം ക്ഷേത്രത്തിൽ നിന്നുള്ള ആറാട്ട് എറിയാട് ചേരമാൻ മൈതാനത്തെത്തുമ്പോൾ വലിയ ഉത്സവമായിട്ടാണ് കൊണ്ടാടിയിരുന്നത്. തെയ്യം, തെറയാട്ട്, മുടിയേറ്റ്, കളംപാട്ട് മുതലായ നാടൻ കലാരൂപങ്ങൾ അവിടെ അവതരിപ്പിച്ചു പോന്നിരുന്നത് കാണാൻ നാട്ടിലെ എല്ലാ മതസ്ഥരും എത്തിച്ചേരുക പതിവായിരുന്നു. 1938 വരെ ഇത് തുടർന്ന് പോന്നിരുന്നു.

19–ാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ തന്നെ എറിയാട് പ്രദേശത്ത് വ്യാപകമായി കൃഷി പുരോഗതി പ്രാപിച്ചിരുന്നു. പഴയ സെറ്റിൽമെന്റ് രേഖകൾ പ്രകാരം തരിശുഭൂമി പഞ്ചായത്തിൽ ഇല്ലായിരുന്നു. റവന്യൂ രേഖകൾ പ്രകാരം ഭൂവിഭാഗത്തിന്റെ വിസ്തൃതിയിൽ 23.22 ശതമാനം നെൽകൃഷിയായിരുന്നു. (3.89 ഹെക്ടർ). എന്നാൽ 1991 ആയപ്പോഴേക്കും അത് കേവലം 0.26% ആയി കുറഞ്ഞു. 1957ൽ നിലവിൽ വന്ന കാർഷിക പരിഷ്കരണ നിയമം പാട്ടകുടിയാന്മാർക്ക് സംരക്ഷണം നൽകിയ ഴതോടെ പാടങ്ങളിൽ തെങ്ങും, കവുങ്ങും കൃഷിചെയ്യുവാൻ ആരംഭിച്ചു. 1970 കളിലെ ഭൂപരിഷ്കരണ നിയമം ഇതിന് ആക്കം കൂട്ടി. പഞ്ചായത്തിലെ ഇന്നത്തെ മുഖ്യ വിള തെങ്ങാണ്. 99% സ്ഥലത്തും തെങ്ങ് കൃഷി ചെയ്യുന്നു. കൃഷി ഭൂമികളുടെ തുണ്ടുവൽക്കരണം കാർഷിക ബന്ധങ്ങളിൽ വലിയ മാറ്റം വരുത്തിയിട്ടുണ്ട്.

മുപ്പതുകളുടെ അവസാന ഘട്ടത്തിലും നാൽപ്പതുകളുടെ ആരംഭത്തിലുമായി ഈ പഞ്ചായത്തിലെ കൃഷി ഭൂമി വിരലിലെണ്ണാവുന്നത്ര ജന്മികളുടെ കൈവശത്തിലായിരുന്നു. ആ കാലഘട്ടത്തിൽ ആയിരക്കണക്കിന് കുടിയാന്മാരും കർഷക തൊഴിലാളികളും ഉണ്ടായിരുന്നു. 1970 ൽ സമഗ്രമായ ഭൂപരിഷ്കരണം നടപ്പിലാക്കിയതിന്റെ ഫലമായി കർഷകർ ഭൂമിയുടെ അവകാശികളായി മാറി. പഴയ കാലത്ത് ഇവിടത്തെ പ്രധാന കായിക വിനോദങ്ങൾ വാറുകളി, തലപന്ത്കളി, ഐവർ കളി എന്നിവയാണ്.

ആദ്യത്തെ ബസ് സർവ്വീസ് പി.എസ്.എൻ. മോട്ടോഴ്സ് ആയിരുന്നു. ഗവൺമെന്റ് യു.പി. സ്കൂൾ അഴീക്കോടാണ് പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ (1909). കോട്ടപ്പുറം വീട്ടിൽ സീതി മുഹമ്മദാണ് ഈ സ്കൂൾ സ്ഥാപിച്ചത്. 1912ൽ നിലവിൽ വന്ന കേരള വർമ്മ സ്കൂളാണ് പഞ്ചായത്തിലെ രണ്ടാമത്തെ സ്കൂൾ. ഈ സ്കൂൾ സ്ഥാപിച്ചത് മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജിയായിരുന്നു. 1955ൽ ബ്ലോക്ക് ഓഫീസിനുള്ള സ്ഥലവും, എറിയാട് വില്ലേജ് ഓഫീസിനുള്ള സ്ഥലവും അദ്ദേഹം തന്നെയാണ് നൽകിയത്.

എറിയാട് പഞ്ചായത്തിലെ ആദ്യത്തെ വായനശാല 1938ൽ സ്ഥാപിക്കപ്പെട്ട അഴീക്കോട് ഗ്രാമീണവായനശാലയാണ്. എറിയാട് മുഹമ്മദ് അഹ്ദുറഹിമാൻ സാഹിബ് സ്മാരക വായനശാലയാണ് രണ്ടാമത്തേത്. ഈ രണ്ട് വായനശാലകളും എറിയാട്ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികപരവുമായ ഉയർച്ചക്ക് വളരെയേറെ പങ്കുവഹിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ തന്നെയാണ് ഷൺമുഖംചെട്ടി നാട്ടിലൊരു വ്യവസായ പരിശീലന കേന്ദ്രം സ്ഥാപിച്ചത്. അവിടെ ചവിട്ടി നിർമ്മാണം, അവിൽ ഇടി, ചക്ക് ആട്ടൽ, കോഴി വളർത്തൽ, സോഫ നിർമ്മാണം എന്നിവക്ക് പരിശീലനം നൽകിയിരുന്നു. അറബി കടലിന്റെയും കാഞ്ഞിര പുഴയുടേയും തീരത്ത് സ്ഥിതിചെയ്യുന്ന പഞ്ചായത്തിന്റെ സാമ്പത്തിക ഘടനയിൽ മത്സ്യമേഖല പണ്ടുമുതൽ തന്നെ സ്വാധീനം ചെലുത്തിയിരുന്നു.

ഇവിടെ ഏറെ ചരിത്രപശ്ചാത്തലമുള്ള റോഡാണ് ടിപ്പുസുൽത്താൻ റോഡ്. ടിപ്പു സുൽത്താന്റെ പടയോട്ട കാലത്ത് നിർമ്മിക്കപ്പെട്ട റോഡാണിത്. എറിയാട് ഗ്രാമപഞ്ചായത്തിലെ മറ്റെല്ലാ റോഡുകളും വഴികളും ഒരു നിലക്ക് അല്ലെങ്കിൽ മറ്റൊരു നിലക്ക് ഈ റോഡുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. തിരുവള്ളൂർ ശിവക്ഷേത്രം, സെന്റ്തോമസ് ചർച്ച്, പുത്തൻപള്ളി എന്നിവ ഈ പഞ്ചായത്തിലെ പഴക്കം ചെന്ന ആരാധനാലയങ്ങളാണ്. സാമൂഹിക ആചാരങ്ങളുമായി ബന്ധപ്പെട്ട പല പ്രാചീന കലാരൂപങ്ങളും ഈ പ്രദേശത്ത് നിലനിന്നിരുന്നു. കൈക്കൊട്ടിക്കളി, പരിചമുട്ടുകളി, അറവനമുട്ട്, ഒപ്പന, തിരുവാതിരക്കളി എന്നിവയൊക്കെ അന്യം നിന്നുകൊണ്ടിരിക്കുന്നു. വാറുകളിയും, ഓണക്കളിയും, കിളിമാസുകളിയുമൊക്കെ ഇതിൽപ്പെടും. പ്രശസ്തരായ പല എഴുത്തുകാർക്കും ജന്മം നൽകിയ നാടാണിത്. എ.കെ. അലിമുഹമ്മദ്, എൻ.കെ. സെയ്തുമുഹമ്മദ്, മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജി, മൊയ്തു പടിയത്ത്, എ.കെ.എസ്. മുതലായവർ ഈഗണത്തിൽപ്പെടുന്നു. കൂടാതെ സുധീർ, ബഹദൂർ, കമൽ എന്നീ ചലചിത്രകാരന്മാരും ഈ പഞ്ചായത്തിലാണ് ജനിച്ചത്.

ജന്മിത്വത്തിന്റെ ക്രൂരതകൾക്കും കുടിയൊഴിപ്പിക്കലിനുമെതിരെ തീരദേശ ഗ്രാമമായ എറിയാട് നടന്ന കമ്മ്യൂണിസ്റ്റുകാരുടെ പോരാട്ടത്തിന് ഊർജ്ജം പകർന്ന ഒരു നാടകമായിരുന്നു "പത്ത് മടൽ ഓല". അമ്പതുകളിൽ എറിയാട്ടെ കർഷക തൊഴിലാളികളും മത്സ്യ തൊഴിലാളികളും അടങ്ങുന്ന പാവങ്ങൾ ജന്മിത്വത്തിന് കീഴിൽ അനുഭവിക്കുന്ന നരക യാഥനകൾ നേരിൽ കണ്ട് ടി.പി. കുഞ്ഞുമൊയ്തീനും, എ.എ. കുഞ്ഞുമൊയ്തീനും ചേർന്നാണ് പത്ത് മടൽ ഓല രചിച്ചത്. അക്കാലത്ത് ഓലക്കച്ചവടത്തിന് പേരുകേട്ട സ്ഥലമായിരുന്നു എറിയാടിന്റെ തീരദേശം. ജന്മിമാരുടെ ഏക്കർ കണക്കിന് വരുന്ന ഭൂമിയിൽ തെങ്ങ് കയറികഴിഞ്ഞാൽ കുടികിടപ്പ് കാരെകൊണ്ടാണ് ഓല മെടയിച്ചിരുന്നത്. അതിരാവിലെ തുടങ്ങുന്ന ഓല മെടയൽ രാത്രിയായാലും അവസാനിപ്പിക്കാൻ ജന്മിമാർ അനുവദിക്കില്ല. കൂലിയും നൽകില്ല. അരിയും മറ്റും ഇവരുടെ കടയിൽ നിന്നും വാങ്ങി പറ്റ് എഴുതണം. ആവശ്യത്തിന് കൊടുക്കുകയുമില്ല. വീടുകളിൽ ഒരു നേരമേ അടുപ്പ് പുകഞ്ഞിരുന്നുള്ളു. ഇതിനിടയിലാണ് ഇടവമാസത്തിൽ പെയ്ത കനത്ത മഴയിൽ കർഷക തൊഴിലാളിയുടെ ചെറ്റപ്പുര ചോർന്നൊലിച്ചത്. പുര കെട്ടിമേയാൻ ജന്മി നൽകിയ ഓല തികഞ്ഞിരുന്നില്ല. പിറ്റേ ദിവസം ജന്മിയുടെ ഓലക്കെട്ടിൽ നിന്നും പത്ത് മടൽ ഓലയെടുത്ത് പുര മേഞ്ഞു. വിവര മറിഞ്ഞ ജന്മി കള്ളകേസ് നൽകി കർഷക തൊഴിലാളിയെ ജയിലിലടച്ചു. കുടുംബത്തെ കുടിയിറക്കി ഇതോടെ പ്രദേശത്ത് കടുത്ത പ്രതിഷേധമായി. ആരെങ്കിലും ജന്മിമാർക്കെതിരെ സംസാരിച്ചാൽ കുടിയിറക്കപ്പെടും. പോലീസും ഗുണ്ടകളുമെത്തി ഭീകരമായി മർദ്ദിക്കും. എന്നിട്ടും കുടികിടപ്പുകാർ സംഘടിച്ച് സമരം ശക്തമാക്കി. സമരക്കാരെ പൊലീസും ഗുണ്ടകളും നേരിട്ടു. സമരക്കാർ തിരിച്ചടിച്ചു. സംഭവബഹുലമായ പ്രക്ഷോഭ കാലത്തിന്റെ നേർ ചിത്രമായിരുന്നു "പത്ത് മടൽ ഓല". എന്ന നാടകം.

പെട്രോമാക്സിന്റെ വെളിച്ചത്തിൽ എറിയാട് യുവജന കലാസമിതിയുടെ നേതൃത്വത്തിൽ നാടകം അവതരിപ്പിച്ചു. തീരദേശമാകെ പാവങ്ങളുടെ ഉയർത്തെഴുന്നേൽപ്പായിരുന്നു പിന്നീട് കണ്ടത്. സമരവേലിയേറ്റങ്ങൾക്ക് മുന്നിൽ ജന്മിത്വം മുട്ടുമടക്കി. കൊച്ചുവേലായി, അർത്തിക്കൽ വിശ്വംഭരൻ, ടി.പി.കുഞ്ഞുമൊയ്തീൻ, എ.എ.കുഞ്ഞുമൊയ്തീൻ, ടി.പി.കുഞ്ഞുമുഹമ്മദ്, മഞ്ഞളി പാപ്പു, കൊച്ചുവേലായിയുടെ ഭാര്യ ശാരദ, മേപറമ്പിൽ മറിയാമ്മ തുടങ്ങിയവരാണ് നാടകത്തിൽ വേഷമിട്ടത്.

## പ്രത്യേകത

മുനക്കൽ മുതൽ അറപ്പക്കടവ് വരെ 5 കിലോമീറ്റർ കടൽ തീരമാണ് നമുക്കുള്ളത്. എറിയാട്, അഴീക്കോട് വില്ലേജുകളും, പഴയ ലോകമലേശ്വരം വില്ലേജിന്റേയും, മേത്തല വില്ലേജിന്റേയും ചെറിയ ഭാഗം ഉൾക്കൊള്ളുന്നതുമാണ് ഈ പഞ്ചായത്ത്. ടിപ്പു സുൽത്താൻ റോഡിന് കിഴക്കും പടിഞ്ഞാറുമായി ഒരു കാലത്ത് കുന്നിൻ പ്രദേശമായിരുന്നു. മണ്ണെടുത്തു പോയങ്കിലും ഇന്നും അതിന്റെ അവശിഷ്ടങ്ങൾ കാണാവുന്നതാണ്.

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | – | എടവിലങ്ങ് ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | – | കൊടുങ്ങല്ലൂർ മുൻസിപാലിറ്റി |
| തെക്ക് | – | പെരിയാർ |
| പടിഞ്ഞാറ് | – | അറബിക്കടൽ |

## ജനപ്രകൃതി

2011ലെ സെൻസസ് കണക്ക് പ്രകാരം എറിയാട് ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 46,213 ആയിരുന്നു അതിൽ 21927 പുരുഷന്മാരും 24286 സ്ത്രീകളുമാണ് പുരുഷന്മാരെ അപേക്ഷിച്ച് 2359 സ്ത്രീകൾ ഈ പഞ്ചായത്തിൽ കൂടുതൽ ആണ്.

എറിയാട് ഗ്രാമപഞ്ചായത്തിലെ ആകെ വീടുകൾ 15617 ആവുന്നു. ശരാശരി ഒരു വീട്ടിൽ 5.8 വീതം അംഗങ്ങൾ ഉണ്ട്. പട്ടികജാതി ജനസംഖ്യ 2593 ആണ് അതിൽ 1287പുരുഷന്മാർ 1316 സ്ത്രീകളുമാണ്. ആകെ സാക്ഷരത 94% ആണ്. ഇതിൽ പുരുക്ഷന്മാരുടെ സാക്ഷരത : 98.78% ഉം സ്ത്രീകളുടേത് 90% ആകുന്നു. ഈ പഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർ ആകെ 2 പേർ മാത്രമാണ് ഉള്ളത്.

1990 കാലഘട്ടത്തിൽ സാക്ഷരതാപ്രവർത്തനം നടത്തിയ സർവേ പ്രകാരം 4655 നിരക്ഷരർ ഉണ്ടായിരുന്നു. അവരിൽ 2047 പേരെ സാക്ഷരതാപ്രവർത്തനം വഴി നവ സാക്ഷരരാകുവാൻ കഴിഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസ രംഗത്ത് തൃശൂർ ജില്ലയിൽ മുന്നിൽ നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് എറിയാട്. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമായ ഒരു പ്രശ്നമാണ്. തൊഴിലിന്റെ സാധ്യതക്കനുസരിച്ച് തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയാൽ മാത്രമെ ഇതിനൊരു മാറ്റാമുണ്ടാക്കാൻ കഴിയൂ.

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായ കാർഷിക രംഗം തകർച്ചയെ നേരിടുന്നതുകൊണ്ട് മറ്റു മേഖലകളിലേക്ക് കടന്നുകയറ്റം വർദ്ധിച്ചിരിക്കുന്നു. പ്രധാനമായും കെട്ടിട നിർമ്മാണ രംഗത്തേക്ക് ഗൾഫിൽ തൊഴിൽ തേടിയുമാണ് ആളുകൾ പോയികൊണ്ടിരിക്കുന്നത്. പരമ്പരാഗത തൊഴിൽ മേഖലയായിരുന്ന ടയർ വ്യവസായം, ബീഡി വ്യവസായം മുതലായവ ഇല്ലാതായിരിക്കുകയാണ്.

എറിയാട് ഗ്രാമപഞ്ചായത്തിൽ 4000പേർ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നു. മത്സ്യമേഖല ഇന്ന് പല തരത്തിലുള്ള പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

## ജലപ്രകൃതി

ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് ഏറ്റവും കുറവ് മഴ ലഭിക്കുന്നത്. പഞ്ചായത്തിന്റെ തെക്കുഭാഗത്ത് പെരിയാർ പുഴയും പടിഞ്ഞാറ് അറബിക്കടലും അതിരിടുന്നു. എല്ലാ തോടുകളും പെരിയാറിലാണ് ചെന്ന് ചേരുന്നത്. ആകെ തോടുകൾ 16.5 കിലോമീറ്റർ നീളം വരും. കണക്കുകൾ ലഭ്യമല്ലാത്ത ചെറിയ തോടുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണാം. കൂടാതെ ഈ പഞ്ചായത്തിൽ 8 കുളങ്ങളും കൂടി ചേർന്നതാണ് ഉപരിതല ജലസ്രോതസുകൾ.

**കുളങ്ങളുടെ പട്ടിക**

| നമ്പർ | പേര് | വാർഡ് | വില്ലേജ് | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | മേനോൻബസാർ കുളം | 13 | അഴീക്കോട് | 10സെന്റ് |
| 2 | കാട്ടാകുളം | 5 | എറിയാട് | 63 1/4 സെന്റ് |
| 3 | പോളക്കുളം | 9 | എറിയാട് | 10 സെന്റ് |
| 4 | പൂളിയൻകുളം | 10 | എറിയാട് | 8 സെന്റ് |
| 5 | അറപ്പപ്പുറം കോളനികുളം | 2 | എറിയാട് | 4 സെന്റ് |
| 6 | ചക്കപ്പന്തറ കുളം | 2 | എറിയാട് | 5 സെന്റ് |
| 7 | അത്താണി ലക്ഷംവീട് കോളനി കുളം | 9 | എറിയാട് | 5 സെന്റ് |
| 8 | എരുമക്കുറ കുളം | 3 | എറിയാട് | 15 സെന്റ് |

പുരയിടങ്ങളോടനുബന്ധിച്ച് ചെറുതും വലുതുമായ ധാരാളം കുളങ്ങൾ ഉണ്ട്. ഏകദേശം 5 ചതുരശ്ര കിലോമീറ്റർ പ്രദേശങ്ങളിൽ ശുദ്ധ ജലം ലഭിക്കുന്നു. മറ്റുപ്രദേശങ്ങളിൽ ഓരുജലമാണ്.

കേരള വാട്ടർ അതോറിറ്റിയുടെ 30 പൊതു ടാപ്പുകൾ പഞ്ചായത്തിലുണ്ട്. കൂടാതെ പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലേക്കും വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ വാട്ടർ കണക്ഷൻ ഉണ്ട്. വാട്ടർ ചാർജ് ഇനത്തിൽ പഞ്ചായത്തിൽ നിന്നും പ്രതിമാസം 36398രൂപ അടയ്ക്കുന്നുണ്ട്. കൂടാതെ ജൽജീവൻ മിഷൻ പദ്ധതി വഴി 100% വീടുകളിലും കുടിവെള്ളകണക്ഷൻ നൽകിയിട്ടുണ്ട്. എന്നിരുന്നാലും ഏപ്രിൽ, മെയ് മാസങ്ങളിൽ പഞ്ചായത്തിലെ പലഭാഗങ്ങളിലും രൂക്ഷമായ ശുദ്ധ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്.

**ജനസംഖ്യ പട്ടിക**

| വാർഡുകളുടെ നമ്പറും പേരും | | ജനസംഖ്യ | വാർഡുകളുടെ നമ്പറും പേരും | | ജനസംഖ്യ |
|---|---|---|---|---|---|
| 1 | മാർക്കറ്റ് വെസ്റ്റ് | 2342 | 13 | സൊസൈറ്റി | 1879 |
| 2 | മാർക്കറ്റ് ഈസ്റ്റ് | 2391 | 14 | ടി.ടി.ഐ | 2086 |
| 3 | ബ്ലോക്ക് | 2223 | 15 | ചർച്ച് | 1898 |
| 4 | തിരുവള്ളൂർ | 2654 | 16 | അഴീക്കോട് ജെട്ടി | 1879 |
| 5 | കാട്ടാകുളം | 2040 | 17 | മുനയ്ക്കൽ | 1840 |
| 6 | അത്താണി | 2548 | 18 | വാകച്ചാൽ | 1704 |
| 7 | മാടവന | 2388 | 19 | മേനോൻ ബസാർ | 2174 |
| 8 | എറിയാട് | 2388 | 20 | കടപ്പുറം | 1727 |
| 9 | ഇൻഡസ്ട്രിയൽ | 2590 | 21 | ഹോസ്പിറ്റൽ | 2147 |
| 10 | ചേരമാൻ | 2464 | 22 | ഡിസ്പെൻസറി | 2196 |
| 11 | കൃഷിഭവൻ | 2261 | 23 | ആറാട്ടുവഴി | 2338 |
| 12 | ടെമ്പിൾ | 1982 | | | |

# വികസന മേഖലകൾ

## 1. പൊതുഭരണവും ധനകാര്യവും

പൗരസമൂഹത്തിന് സേവനാവകാശം ഉറപ്പ് വരുത്തുന്നതിന് ചുമതലകളുടേയും, ഉത്തരവാദിത്വങ്ങളുടേയും കാര്യക്ഷമമായ നിർവ്വഹണത്തിന്റെ ആവശ്യകത ആധുനിക സമൂഹത്തിൽ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. ജനാധിപത്യ ഭരണ പ്രക്രിയക്ക് അനുസൃതമായ തത്വങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം ഇവ നിർവ്വഹിക്കപ്പെടേണ്ടത്. നീതി പൂർവ്വമായ ഭരണ പ്രക്രിയയും, ജനപക്ഷ ഭരണ സമ്പ്രദായവും ജനാധിപത്യ വ്യവസ്ഥയിൽ പൗരന്റെ അവകാശമാണ്. പൗര സമൂഹത്തിന് സേവനം ഒരു അവകാശമാണെന്ന് ഉറപ്പ് വരുത്തുന്നത് സദ്ഭരണത്തിന്റെ ഉപാധിയാണ്. സുതാര്യതയും, കാര്യക്ഷമതയും, ഫലപ്രാപ്തിയുമുള്ള ഈ സംവിധാനം ജന സൗഹൃദവും, അഴിമതി രഹിതവും, പ്രതികരണ സ്വഭാവമുള്ളതും, നിയമാധിഷ്ഠിതവുമായിരിക്കണം.

ഒരു പൗരന്റെ ജനനം മുതൽ മരണം വരെയുള്ള വിവിധ ജീവിതാവശ്യങ്ങളുമായി ബന്ധപ്പെട്ട വിപുലവും, അനിവാര്യവുമായ ഒട്ടേറെ ചുമതലകൾ പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിനേയും, പൊതുജനത്തേയും പരസ്പരം ബന്ധിപ്പിക്കുന്ന പ്രധാന ഇടമായ അതിന്റെ ഓഫീസ് ഫലപ്രദമായി പ്രവർത്തിക്കേണ്ടതുണ്ട്. ഏറ്റവും വേഗത്തിലും, കൃത്യതയിലും, പ്രവർത്തി നിർവ്വഹണം നടത്തുന്നതിന് ഗുണകരമായ തരത്തിൽ ഗ്രാമപഞ്ചായത്തുകളുടെ ഓഫീസ് ഭരണ നിർവ്വഹണം ഉയർന്ന നിലവാരത്തിൽ ചിട്ടപ്പെടുത്തേണ്ടതുണ്ട്. പൊതു ജനങ്ങൾക്ക് പൗരാവകാശ രേഖക്ക് അനുസൃതമായി സമയ ബന്ധിതമായി സേവനം പ്രധാനം ചെയ്യുന്ന ഭരണ പ്രക്രിയയാണ് നമുക്ക് ഉണ്ടാകേണ്ടത്.

എറിയാട് ഗ്രാമപഞ്ചായത്തിൽ 11-ാം പഞ്ചവത്സര പദ്ധതി കാലത്ത് ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിരുന്നു. ഇതു വഴി ആദ്യം വരുന്നവർക്ക് ആദ്യം സേവനം എന്ന തത്വം അടിസ്ഥാനമാക്കി സേവനം ലഭ്യമാക്കുന്നതിന് ശ്രമിക്കുന്നുണ്ട്. എന്നാൽ ജീവനക്കാരുടെ കുറവും, ജോലികളുടെ ബാഹുല്യവും നിമിത്തം പൂർണ്ണമായും ഇത് യഥാവിധി നടപ്പിലാക്കുവാൻ പറ്റാത്ത സ്ഥിതി വിശേഷമുണ്ട്.

പഞ്ചായത്ത് ഓഫീസ് പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു. ജീവനക്കാരെ മുഴുവൻ E സാക്ഷരരാക്കാൻ ഇതിനകം നമുക്ക് കഴിഞ്ഞിട്ടുണ്ട്. ജനപ്രതിനിധികളേ കൂടി ഈ രംഗത്ത് നിപുണരാക്കാൻ ഉദ്ദേശിക്കുകയാണ് ഭരണസമിതി. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളും, വസ്തു നികുതി നിർണ്ണയ രജിസ്റ്ററും പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിനും ഓൺലൈൻ ആക്കുന്നതിനും ഇതിനകം നമുക്ക് കഴിഞ്ഞിട്ടുണ്ട്.

## 2. കൃഷിയും അനുബന്ധമേഖലയും

പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലും തെക്കുഭാഗത്ത് കൊടുങ്ങല്ലൂർ നഗരസഭയും വടക്ക് വശത്ത് എടവിലങ്ങുമായി അതിർത്തി പങ്കുവെക്കുന്ന ഗ്രാമപഞ്ചായത്താണ് എറിയാട്. ഒരു തീരദേശ പഞ്ചായത്തായതുകൊണ്ട് പൊതുവെ അത്തരം പ്രദേശങ്ങളിൽ കണ്ടുവരുന്ന സാമൂഹ്യ ഭൗതിക പ്രതിഭാസങ്ങൾ ഇവിടെയും പ്രകടമായി കാണാം. അഴീക്കോട്, എറിയാട് എന്നീ രണ്ട് വില്ലേജ് അതിർത്തിയിൽ വ്യാപിച്ച് കിടക്കുന്ന പഞ്ചായത്തിൽ പരമ്പരാഗത കർഷകർ കൂടുതലും എറിയാട് പ്രദേശത്താണുള്ളത്. അഴീക്കോട് പ്രദേശം പൊതുവെ ജനസാന്ദ്രതയേറിയതിനാൽ കൃഷിയാവശ്യത്തിനുള്ള സ്ഥല ലഭ്യതയും കുറവാണ്.

കാർഷികപരമായി ഒരു ഉത്തമ പാരമ്പര്യം എറിയാടിന് അവകാശപ്പെടാനുണ്ടെങ്കിലും ഇന്നത്തെ അവസ്ഥയിൽ ഒട്ടേറെ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. കഴിഞ്ഞ ഏഴ് ദശകങ്ങൾക്കുള്ളിൽ കൃഷിഭൂമിയിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായിയെന്നുള്ളത് ഒരു സത്യമാണ്. നെൽകൃഷി ചെയ്തിരുന്ന വയലുകൾ വ്യാപകമായി ഉണ്ടായിരുന്ന ഈ പഞ്ചായത്തിൽ ഇന്ന് വയലുകൾ തന്നെ 5.56 ഹെക്ടർ സ്ഥലത്തേക്ക് പരിമിതപ്പെട്ടു. മറ്റൊരു ഭാഷ്യത്തിൽ പറഞ്ഞാൽ കഴിഞ്ഞ 70 വർഷങ്ങൾക്കുള്ളിൽ വയലുകൾ നികത്തപ്പെടുകയും തന്മൂലം സ്വാഭാവികമായ ജല സംഭരണികൾ ഇല്ലാതായി.

ഇതിന്റെ അനന്തരഫലമായി ജലസ്രോതസ്സുകൾ പരിമിതപ്പെടുകയും വേനൽകാലത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്നത് നിത്യകാഴ്ചയായി. മറുവശത്ത് പാടങ്ങൾ ഇല്ലാതയപ്പോൾ മഴക്കാലത്ത് വെള്ളക്കെട്ട് ഒരു സ്ഥിരസാന്നിദ്ധ്യമായി ഇതുമൂലം കൃഷിയിടത്തുള്ള വീടുകളുടെ നാശവും മണ്ണിലെ മൂലകങ്ങളുടെ ശോഷണവും നിയന്ത്രണാതീതമായി വരികയും അവ കാർഷിക മേഖലയെ സാരമായി ബാധിക്കുവാനും തുടങ്ങി.

എറിയാട് ഗ്രാമപഞ്ചായത്തിൽ കൃഷിചെയ്യപ്പെടുന്ന പ്രധാന വിളകൾ തെങ്ങ്, കവുങ്ങ്, വാഴ, ജാതി, കുരുമുളക്, മരച്ചീനി, ചേന, ചേമ്പ്, വിവിധ പച്ചക്കറിയിനങ്ങൾ എന്നിവയാണ്. എന്നാൽ പ്രധാനപ്പെട്ട വിള തെങ്ങും, തെങ്ങിൻ തോപ്പിലെ ഇടവിളയായിട്ടാണ് മറ്റ് വിളകളെല്ലാം കണക്കാക്കുന്നത്.

### വർത്തമാന വിള വിസ്തൃതി വസ്തുത

മേൽപ്രസ്താവിച്ച പ്രകാരം 1676 ഹെക്ടർ സ്ഥലത്ത് വ്യാപിച്ച് കിടക്കുന്ന എറിയാട് പഞ്ചായത്തിന്റെ 1295 ഹെക്ടർ സ്ഥലത്ത് തെങ്ങാണ് മുഖ്യവിള. മറ്റ് വിളകളെല്ലാം ഈ മുഖ്യവിളയുടെ തോട്ടത്തിലെ ഇടവിളകളാണ്.

**വിളവിസ്തൃതിയും ഉൽപ്പാദനവും**

| വിള | വിസ്തീർണ്ണം (ഹെക്ടർ) | ഉദ്പാദനം (കിലോഗ്രാം) | ഉദ്പാദനക്ഷമത (കിലോഗ്രാം/ഹെക്ടർ) |
|---|---|---|---|
| തെങ്ങ് | 1295 | 9065000 | 7000 |
| കരനെല്ല് | 17 | 12750 | 750 |
| വാഴ | 35 | 560000 | 16000 |
| പച്ചക്കറി | 25 | 218750 | 8750 |
| മരച്ചീനി | 8 | 288000 | 36000 |
| മറ്റ് കിഴങ്ങ് വർഗ്ഗങ്ങൾ | 8 | 192000 | 24000 |
| ജാതി | 17 | 10200 | 600 |
| കവുങ്ങ് | 130 | 104000 | 800 |

തെങ്ങ് കൃഷിയിൽ വിവിധ കാരണങ്ങളാൽ ഉൽപ്പാദനക്കുറവ് വന്നിട്ടുണ്ട്. കാറ്റ് വീഴ്ച രോഗം, ചെമ്പൻചെല്ലി, കൊമ്പൻചെല്ലി മുതലായ രോഗ/കീടങ്ങൾ മൂലമുള്ള പ്രശ്നങ്ങളും സസ്യസംരക്ഷണ പ്രക്രിയയ്ക്ക് കർഷക തൊഴിലാളികളെ ലഭിക്കാത്തതും തെങ്ങ് പരിപാലനത്തിൽ കുറവ് വരുത്തി. അതുമൂലം ഉൽപ്പാദനക്ഷമത കുറയുകയും ചെയ്തു. എന്നാൽ കർഷകർ മറ്റ് വിളകളായ ജാതി, വാഴ, കവുങ്ങ്, കിഴങ്ങ് വർഗ്ഗങ്ങൾ, പച്ചക്കറിയിനങ്ങൾ എന്നിവയെല്ലാം കൃഷിചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെ ഫലമായി അവയുടെ ഉൽപാദനത്തിൽ വർദ്ധനവ് വന്നിട്ടുണ്ട്. ഈ മേഖലയിൽ നിരന്തരമായ ഇടപെടലുകളുടെ പശ്ചാത്തലത്തിൽ വിവിധ വിളകളുടെ കൃഷിയിൽ (വിസ്തൃതി) വ്യാപനം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. നൂതന കാർഷികമുറകളായ ഹൈബ്രീഡ് ഇനങ്ങൾ പോളിഹൗസിലുള്ള കൃഷി, മഴമറ ഉപയോഗിച്ചുള്ള കൃഷി, ഫെർട്ടിഗേഷൻ മൂലമുള്ള തുള്ളിനന സമ്പ്രദായം എന്നിവ കർഷകരിൽ ആവേശമുണർത്തുന്നുണ്ട്. ഇവയുടെ ആവേശജനകമായ പ്രകമ്പന ഫലങ്ങൾ സമൂഹത്തിലും കണ്ടുതുടങ്ങിയിട്ടുണ്ട്.

### ജലസേചനം നിലവിലെ അവസ്ഥ

1712 കുളങ്ങളും 835 കിണറുകളുമുള്ള എറിയാട് ഗ്രാമപഞ്ചായത്തിൽ മുൻ വർഷങ്ങളിലായി ഒട്ടേറെ കുളങ്ങൾ നികത്തപ്പെട്ടിട്ടുണ്ട്. തൻമൂലം ജലസേചനത്തിനായി ജലം ലഭിക്കാത്ത അവസ്ഥക്ക് ഇത് കാരണമായിട്ടുണ്ട്.

പൊതുകുളങ്ങളും, തോടുകളും, കിണറുകളും എല്ലാ വർഷവും വെട്ടുകയും പാർശ്വഭാഗങ്ങൾ ഉറപ്പിക്കുകയും ചെയ്താൽ ജലറീച്ചാർജിംഗ് കൂടുകയും ആ പ്രദേശത്തെ ജലലഭ്യത വർദ്ധിക്കുകയും ചെയ്യും. ഈ പ്രക്രിയ സ്വകാര്യ കുളം, തോട്, കിണർ എന്നിവക്ക് കൂടി ബാധകമാണ്. ഇപ്പോൾ ജലസേചനം കൂടുതലും കുളം/കിണർ എന്നിവയിൽ നിന്നും പമ്പ്സെറ്റ് മുഖേന പൈപ്പ് ഹോസുകളുടെ സഹായത്താലാണ് കർഷകർ നിർവഹിക്കുന്നത്.

## വളപ്രയോഗം/സസ്യ സംരക്ഷണം

പരമ്പരാഗതമായി ജൈവവളങ്ങൾ മാത്രമുപയോഗിച്ച് വരുന്ന പ്രദേശമായതിനാൽ നാടെങ്ങും ജൈവകൃഷി എന്ന മുദ്രാവാക്യം വിളിക്കുമ്പോൾ കർഷകരെ അതിലേക്ക് നയിക്കാൻ വലിയൊരു പ്രയത്നം ആവശ്യമായി വരുന്നില്ല. പൊതുവെ എല്ലാ വിളകൾക്കും ജൈവവളങ്ങളും കീടരോഗങ്ങൾക്ക് ജൈവമാർഗ്ഗങ്ങളും അവലംബിക്കുന്ന കർഷകരാണ് എറിയാട് പ്രദേശത്തുള്ളത്. സംസ്ഥാനമൊട്ടാകെ ജൈവകാർഷിക മണ്ഡലമായി മാറ്റാനുള്ള ഈ കാലഘട്ടത്തിന്റെ ശ്രമദാനവേളയിൽ എറിയാട് പഞ്ചായത്ത് സ്വമേധയാജൈവസ്വഭാവമുള്ളതായതുകൊണ്ട് ബോധവൽകരണത്തിന്റെ ഒരു കഠിനമായ പാത ഒരു പക്ഷെ വേണ്ടി വന്നേക്കില്ല. എന്നാലും ചില സന്ദർഭങ്ങളിൽ നിയന്ത്രിതമായ തോതിൽ അവയുടെ ഉപയോഗവും നടക്കാറുണ്ട്. എന്നാൽ അത് വളരെ കുറഞ്ഞ തോതിൽ മാത്രമെ നടക്കുന്നുള്ളൂ.

## കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം

പ്രധാന വിളയായ നാളികേരം കൃഷി വകുപ്പ് മുഖേന (കേരഫെഡ്) സംഭരിക്കുന്ന പ്രക്രിയ ഉണ്ടായിരുന്നപ്പോൾ പൊതുവിലയിൽ ഒരു സ്ഥിരതയുണ്ടായിരുന്നു. ആ പ്രക്രിയ ഇനിയും തുടർന്നാൽ നാളികേരത്തിന്റെ വിലക്ക് ഒരു സ്ഥിരതയുണ്ടാകും. "എറിയാട് ജൈവ കർഷക സംഘം" എന്ന പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനം എറിയാട് ബ്ലോക്ക് ജംങ്ങ്ഷനിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സംഘത്തിൽ കർഷകരുടെ കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുകയും അവയുടെ വിപണനവും നടത്തപ്പെടുന്നു. ഇന്ന് ലാഭ നഷ്ടമില്ലാത്ത സംഘമായി മുന്നോട്ട് പോകുന്ന ഈ സ്ഥാപനം കൂടുതൽ ഉന്നതിയിലെത്തണമെങ്കിൽ എല്ലാ കർഷകരും തുറന്ന മനസ്സോടെയുള്ള സഹകരണം അനിവാര്യമാണ്. ഇതിലൂടെ കർഷകർക്ക് ന്യായവില ലഭിക്കുകയും നാട്ടുകാർക്ക് സുരക്ഷിതമായ ഭക്ഷ്യ ഉൽപ്പന്നങ്ങളും ലഭിക്കും.

## പഞ്ചവർഷ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട കരട് പദ്ധതികൾ

1. പ്രധാന വിളയായ തെങ്ങിന്റെ പരിപാലനത്തിനായി ജൈവവളം സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുക.
2. തെങ്ങിലെ കൊമ്പൻ ചെല്ലി/ചെമ്പൻ ചെല്ലി മുതലായ കീടങ്ങളെ ക്രിയാത്മകമായി നിയന്ത്രിക്കാൻ പഞ്ചായത്ത് പ്രദേശം മുഴുവനും ഫിറമോൺ കെണികൾ സ്ഥാപിക്കുക.
3. ഗ്രോബാഗ് /മൺചട്ടി മുതലായവയിൽ പച്ചക്കറികൃഷി വ്യാപിക്കുക.
4. ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ, വാഴ മുതലായ ഇടവിളകളുടെ വിള വിസ്തൃതി വ്യാപനം സാധ്യമാക്കുക.
5. യന്ത്രവൽക്കരണത്തിലൂടെ കാർഷിക പുരോഗതി കൈവരിക്കാനായി വാർഡ് തല CPS കൾക്ക് മിനി ഗാർഡൻ ടില്ലർ അനുവദിക്കുക.
6. വളപയർ കൃഷി പ്രോത്സാഹനത്തിനായി വിത്ത് സൗജന്യമായി നൽകുക.
7. ഖരമാലിന്യ നിർമ്മാർജ്ജനത്തിലൂടെ ജൈവവളലഭ്യത വർദ്ധിപ്പിക്കാനായി പിറ്റ് കമ്പോസ്റ്റ് കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകുക
8. ബയോഗ്യാസ് പ്ലാന്റ് വ്യാപിപ്പിക്കുവാനും, നിലവിലുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ റിപ്പയർ ഉറപ്പ് വരുത്തുവാനുള്ള പദ്ധതികൾ നടപ്പിലാക്കുക.
9. കവുങ്ങ്, ജാതി എന്നീ ദീർഘകാല വിളകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജൈവവളം നൽകുക.
10. കവുങ്ങ്, ജാതി എന്നിവയുടെ വിസ്തൃതി വ്യാപനം.
11. പച്ചക്കറി, വാഴ എന്നിവയുടെ കൃഷിയുടെ വിസ്തൃതി വ്യാപനത്തിന്റെ തോതനുസരിച്ച് സബ്സിഡി നൽകു.



## മത്സ്യ ബന്ധനം

ഒരു തീരദേശ പഞ്ചായത്തായ എറിയാട് ഗ്രാമപഞ്ചായത്തിൽ ഒമ്പത് വാർഡുകൾ കടൽ തീരവുമായി ബന്ധപ്പെട്ട് കിടക്കുന്നു. അറബിക്കടലിന്റേയും പെരിയാർ പുഴയുടെയും തീരത്ത് സ്ഥിതിചെയ്യുന്ന പഞ്ചായത്ത് ദേശത്തെ സമ്പത്ത് വ്യവസ്ഥയിലും ജീവിത രീതിയിലും മത്സ്യമേഖല പണ്ട് മുതൽ തന്നെ നിർണ്ണായക സ്വാധീനം ചെലുത്തിവരുന്നു. കാലത്തിന്റെ കുത്തൊഴിക്കിൽ പെട്ട് മത്സ്യബന്ധന രീതികളിലും ഒപ്പം തന്നെ ജീവിത രീതികളിലും വലിയ മാറ്റങ്ങൾ വരുത്തുകയുണ്ടായി. നാടൻ വള്ളങ്ങളിലും തടി വള്ളങ്ങളിലും കോട്ടൻ നൂലിൽ കൈകൊണ്ട് നെയ്ത വലകൾ ഉപയോഗിച്ച് തണ്ട് വലിച്ചും പങ്കായം തുഴഞ്ഞും നടത്തിയ മത്സ്യബന്ധനം ഇന്ന് യന്ത്രവൽകൃത വള്ളങ്ങളിലും, ബോട്ടുകളിലും യന്ത്ര നിർമ്മിതമായ നൈലോൺ വലകൾക്ക് ഏതാണ്ട് പൂർണ്ണമായും വഴിമാറികൊണ്ടിരിക്കുന്നു. മുമ്പ് കോരു വല, വട്ടോല, കൊല്ലി, ഐല വല, ചാളവല, സ്രാവ്വല, തെരണ്ടിവല, ചെമ്മീൻ വല, പറ്റുംവല എന്നീ പേരുകളിലുള്ള വലകൾ ഉപയോഗിച്ചും, ചൂണ്ടൽ, വീശൽ വല എന്നിവ ഉപയോഗിച്ചും വൻതോതിൽ മീൻ പിടുത്തം നടത്തിയിരുന്നു.

ഞണ്ട്, ചാള, ഐല, ആവോലി, മണങ്ങ്, വേളൂരി, മുള്ളൻ, കൊണ്ടാൻ, എഴുത്തൻ, ചെമ്മീൻ ( നാരൻ, പൂവാലൻ, കരിക്കാട്ടി, കഴുന്തൻ, വില്ലൻ), കൊഴുവ, കണവ, മാന്തൾ, നത്തോലി, തളയൻ, വായുമീൻ, വാള, കരിയാൻ, തെരണ്ടി, സ്രാവ്, വെട്ട, നാവേട്ട, ബ്രാൽ, അറിയിക്കവറ്റ, കുട്ടൻകോര, ചെങ്കോര, കോര, പല്ലിമീൻ, ഊള, നന്തൻ, കത്തിചാള, വട്ടചാള, കോക്കാൻചാള തുടങ്ങിയ മീനുകളാണ് ലഭിച്ചുവരുന്നത്

വലിയ കുട്ടകളിൽ തലച്ചുമടായും കാവ് കുട്ടയിലും നടത്തിയിരുന്ന മത്സ്യവിപണനം അപൂർവമായി. സൈക്കിളിലും, മോട്ടോർ സൈക്കിളിലും ടെമ്പോകളിലുമായിട്ടാണ് പ്രധാനമായും ഇപ്പോൾ വിപണനം നടത്തി വരുന്നത്. കൂടാതെ ഓരോ കവലയിലും മീൻ തട്ടുകൾ നിർമ്മിച്ചും മത്സ്യ വിൽപ്പന നടത്തി വരുന്നുണ്ട്.

അന്നും ഇന്നും ഈ പ്രദേശത്ത് കാരുടെ ഭക്ഷണത്തിൽ മത്സ്യം മുഖ്യ ഇനമാണെങ്കിലും ഇന്ന് അളവിൽ കുറവ് വന്നിട്ടുണ്ട്.

നാട്ടുകാരുടെ ആവശ്യം കഴിച്ച് ബാക്കി വരുന്ന മത്സ്യങ്ങൾ കടപ്പുറങ്ങളിലെ ചാപ്പകളിൽ ഉപ്പിട്ട് ഉണക്കി ചങ്ങനാശ്ശേരി, അതിരുപുഴ എന്നീ മാർക്കറ്റുകളിലേക്ക് കയറ്റി അയച്ചിരുന്നത്. ഒട്ടേറെ സ്ത്രീകൾ ചാപ്പകളിൽ തൊഴിൽ ചെയ്തിരുന്നു. മത്സ്യം അധികം ലഭിക്കുന്ന സമയങ്ങളിൽ കടപ്പുറങ്ങളിൽ ഉത്സവത്തിന്റെ പ്രതീതി ഉണ്ടായിരുന്നു. ഇന്ന് അങ്ങിനെയൊന്നും കാണുന്നില്ല.

മത്സ്യബന്ധന ഉപകരണങ്ങൾ നാലോ അഞ്ചോ ജന്മികളുടെ ഉടമസ്ഥതയിൽ ആയിരുന്നുവെങ്കിൽ ഇന്ന് വലിയൊരു വിഭാഗം മത്സ്യബന്ധന തൊഴിലാളികളും മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമകളായി കഴിഞ്ഞു.

വെള്ളചെമ്മീൻ, ചൂടൻ ചെമ്മീൻ, കാരൻ ചെമ്മീൻ, തിരുത, കണവ, കണമ്പ്, പള്ളത്തി, കരിമീൻ, പൂമീൻ, വറ്റ, കുറൂക്ക, ഞണ്ട്, ആരൽ, കാളാഞ്ചി, കട്ട്ല, മാലാൻ, പ്രായിൽ, കല്ലാൻ, വെട്ടൽ, കൂരി, പഴിച്ചി, ബ്രാൽ, പരൽ, മുശു, കരിപ്പിടി എന്നീ മത്സ്യങ്ങൽ കൊണ്ട് സമൃതമായിരുന്ന ഉൾനാടൻ മത്സ്യമേഖല ഇന്ന് ഏറെ ശുഷ്കമാണ്. ബ്രാൽ, കരിപ്പിടി, കാരി തുടങ്ങിയ മീനുകൾ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു.

**ഇന്നത്തെ അവസ്ഥ**

എറിയാട് ഗ്രാമപഞ്ചായത്തിന്റെ മുഖ്യവിള തെങ്ങാണെങ്കിലും തീരദേശ വാർഡുകളിലെ ഭൂരിപക്ഷം പേരും കടലുമായി ബന്ധപ്പെട്ട വിവിധതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. കടലമ്മയുടെ കനിവുമായി ബന്ധപ്പെട്ടാണ് അവരുടെ ജീവിതം കരുപിടിപ്പിക്കുന്നത്. മുൻ കാലങ്ങളെ അപേക്ഷിച്ച് തീരദേശ ജനങ്ങളുടെ ജീവിതം ഇന്ന് വളരെ ദുസഹമാണ്. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും, മത്സ്യവിപണന രംഗത്തുള്ള തൊഴിലാളികളും വളരെ ദുരിതപൂർണ്ണമായ ജീവിതമാണ് ഇന്ന് നയിക്കുന്നത്. മത്സ്യത്തിന്റെ കുറവും ഭീമമായ വിലക്കയറ്റവും ഈ മേഖലയെ കടുത്ത വറുതി ഉണ്ടാക്കിയിരിക്കുന്നു.

അഞ്ച് കിലോ മീറ്റർ കടലോരവും, രണ്ട് കിലോ മീറ്റർ പുഴയോരവും, എട്ട് പൊതുകുളങ്ങളും, ചെറുതും, വലുതുമായ ആയിരത്തിൽ താഴെ സ്വകാര്യ കുളങ്ങളും, കടലിനു സമാന്തരമായി പെരിയാറിൽ നിന്നും പുറപ്പെടുന്ന രണ്ട് പെരുന്തോടുകളും ഇതിന്റെ ശാഖോപശാഖകളായി ധാരാളം തോടുകളുമുള്ള പഞ്ചായത്ത് പ്രദേശത്തിന് സമൃദ്ധമായ ജലാശയമാണുള്ളത്.

പഞ്ചായത്തിലെ പതിനായിരത്തിൽപരം കുടുംബങ്ങളിൽ ആയിരത്തി മുന്നൂറ് എണ്ണവും മത്സ്യതൊഴിലാളി കുടുംബങ്ങളാണ്. രണ്ടായിരത്തി ഇരുന്നൂറ്റി പത്തൊൻപത് മത്സ്യതൊഴിലാളികൾ ക്ഷേമ നിധി ബോർഡിൽ അംഗങ്ങളാണ്. രജിസ്റ്റർ ചെയ്യാത്തവരായി അഞ്ഞൂറിൽ അധികം പേരുണ്ട്. ഇവരുടെ രജിസ്ട്രേഷനുകൾ ഉറപ്പാക്കാനുള്ള ശ്രമം നടത്തേണ്ടതാണ്.

കാലാ കാലങ്ങളിൽ മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിനായി നിർദേശിക്കപ്പെടുന്ന പദ്ധതികൾ കർകശമായ സബ്സിഡി നിയമങ്ങൾ പാലിക്കപെടേണ്ടതിനാൽ പൂർത്തീകരിക്കുവാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

മത്സ്യതൊഴിലാളികൾ മത്സ്യ ബന്ധനത്തിനായി ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ വിലയും അവർക്ക് അനുവദിക്കുന്ന സബ്സിഡികളും അജഗജാന്തരമായതിനാൽ പദ്ധതികൾ പൂർണ്ണതോതിൽ നടപ്പിലാക്കാൻ കഴിയാതെ വരുന്നു. ഭീമമായ തുക മുതൽ മുടക്കി മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുവാൻ മത്സ്യതൊഴിലാളികൾക്ക് സാധിക്കാതെ വരുന്നു.

കടൽ മാക്രിയുടെ ശല്യത്താൽ വലകൾ നശിപ്പിക്കപ്പെടുമ്പോൾ ആ വലകൾ പുനർനിർമ്മാണത്തിനായി വേണ്ടിവരുന്ന സംഖ്യപോലും കണ്ടെത്താൻ കഴിയാത്ത അവസ്ഥയാണുള്ളത് നിലവിലുള്ള നിയമങ്ങളിലെ സമഗ്രമായ മാറ്റത്തിലൂടെ മാത്രമെ മത്സ്യമേഖലയെ സംരക്ഷിച്ചെടുക്കാൻ സാധിക്കുകയുള്ളൂ.

മത്സ്യ മേഖലയിലുള്ള തീര മൈത്രി യൂണിറ്റുകളെ ഉപയോഗപ്പെടുത്തി സംയോജിത പദ്ധതികൾക്ക് രൂപം നൽകി മത്സ്യവിഭവ വിപണന മേഖലയിലൂടെയും, മത്സ്യ സംസ്കരണത്തിനുള്ള പദ്ധതികൾക്ക് രൂപം നൽകിയും ഈ മേഖലക്ക് ഒരു കൈതാങ്ങ് നൽകുവാൻ കഴിയും




# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തുടർപദ്ധതി

2005 സെപ്തംബർ 7–ാം തീയ്യതി പ്രാബല്യത്തിൽ വന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള, പ്രായപൂർത്തിയായ അംഗങ്ങളുള്ള, ഏതൊരു ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ നൂറു ദിവസത്തെ തൊഴിൽ ഉറപ്പു നൽകുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക പുരോഗതിയും, സാമൂഹ്യ സമത്വവും ഉറപ്പാക്കുക, പ്രദേശികമായ തൊഴിൽ, വരുമാനം എന്നിവ വർദ്ധിപ്പിക്കുക, സ്ത്രീ പുരുഷ അസമത്വം കുറയ്ക്കുക, തുല്യജോലിക്ക് തൂല്യവേതനം, നഗരങ്ങളിലേക്കുള്ള കുടിയേറ്റം തടയുക, മണ്ണ് ജലം, ജൈവസമ്പത്ത്, പരിസ്ഥിതി എന്നിവയുടെ സംരക്ഷണം ഉറപ്പാക്കി കാർഷിക മേഖല ശക്തിപ്പെടുത്തുക, ദരിദ്രജന വിഭാഗങ്ങളുടെ ആവാസകേന്ദ്രങ്ങളുടെ പാരിസ്ഥിതിക ശോഷണം തടയുക, തൊഴിലെടുക്കുന്നവരിൽ സംഘബോധവും സാമൂഹിക ബോധവും വളർത്തി കൂട്ടായ്മ ഉറപ്പു വരുത്തുക, ഇടത്തട്ടുകാരുടെയും, കരാറുകാരുടെയും ചൂഷണത്തിൽ നിന്ന് തൊഴിലെടുക്കുന്നവരെ സംരക്ഷിക്കുക തുടങ്ങിയവയും തൊഴിലുറപ്പു പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

എറിയാട് ഗ്രാമപഞ്ചായത്തിൽ 2008 മുതലാണ് തൊഴിലുറപ്പു പദ്ധതി ആരംഭിച്ചത്. ഗ്രാമപ്രദേശത്തിന്റെ സാമ്പത്തിക ഉന്നമനത്തിനും അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും, ജല സ്രോതസുകളുടെ സംരക്ഷണത്തിനും പഞ്ചായത്ത് പ്രദേശത്ത് രൂക്ഷമായി അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജല ബഹിർഗമന മാർഗങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. 2015–16 സാമ്പത്തിക വർഷം മുതൽ ദുർബല വിഭാഗങ്ങളിൽപ്പെടുന്ന (എസ്.സി / എസ്.ടി, മത്സ്യത്തൊഴിലാളി, ഏക വനിത ഗൃഹനാഥ) ജനവിഭാഗങ്ങളുടെ ഭൂമിയിലെ പ്രവർത്തികൾക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. ഇതനുസരിച്ച് പട്ടികജാതി വിഭാഗം, ഏക വനിത, വ്യത്യസ്ത കഴിവുള്ള ആൾ, പ്രായം ചെന്ന ആൾ, മത്സ്യത്തൊഴിലാളി എന്നീ വിഭാഗങ്ങൾക്ക് ചുവന്ന നിറത്തിലുള്ള തൊഴിൽ കാർഡും, ബാക്കിയുള്ളവർക്ക് പച്ച തൊഴിൽ കാർഡുമാണ് നൽകി വരുന്നത്. പട്ടികജാതിക്കാരായ നൂറുശതമാനം പേരെയും തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

| വർഷം | രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് നൽകിയ കുടുംബങ്ങൾ | ആകെ ചെലവഴിച്ച തുക | നൽകിയ തൊഴിൽ ദിനങ്ങൾ | 100 ദിവസം പൂർത്തിയാക്കിയവർ |
|---|---|---|---|---|
| 2011-12 | 2138 | 11753456 | 78848 | 48 |
| 2012-13 | 3298 | 24917406 | 135512 | 874 |
| 2013-14 | 3883 | 26380133 | 148033 | 1193 |
| 2014-15 | 4146 | 22560373 | 95249 | 41 |
| 2015-16 | 4328 | 19287788 | 101534 | 113 |
| 2016-17 | 4430 | 34304573 | 93316 | 83 |
| 2017-18 | 4449 | 19637652 | 56978 | 10 |
| 2018-19 | 4679 | 29879521 | 99215 | 149 |
| 2019-20 | 4822 | 33600000 | 113073 | 216 |
| 2020-21 | 5178 | 45420000 | 137851 | 703 |
| 2021-22 | 5405 | 45246000 | 140529 | 580 |
| 2022-23 | 5607 | 49971000 | 138171 | 621 |
| 2023-24 | 5664 | 38512000 | 107437 | 97 |
| 2024-25 | 5616 | 41195000 | 105822 | 289 |

ഗ്രാമീണ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാറുന്ന കാഴ്ചയാണ് 2024-25 സാമ്പത്തിക വർഷത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഒരു നാടിന്റെ വികസനവും ജനങ്ങളുടെ തൊഴിൽ സുരക്ഷയും ഉറപ്പാക്കുന്നതിൽ ഈ പദ്ധതി വലിയ മുന്നേറ്റമാണ് നടത്തിയത്. ഈ സാമ്പത്തിക വർഷം നമ്മുടെ പഞ്ചായത്തിൽ/പ്രദേശത്ത് 5,616 തൊഴിൽ കാർഡ് ഉടമകളാണ് പദ്ധതിയുടെ ഭാഗമായത്. ഇതിലൂടെ സാധാരണക്കാരായ ജനങ്ങൾക്ക് തങ്ങളുടെ നാട്ടിൽ തന്നെ അന്തസ്സോടെ ജോലി ചെയ്യാനുള്ള സാഹചര്യം ഒരുങ്ങി. വെറും കണക്കുകൾക്കപ്പുറം, ആയിരക്കണക്കിന് കുടുംബങ്ങളുടെ ദൈനംദിന ജീവിതത്തിന് ഈ പദ്ധതി വലിയ താങ്ങായി മാറി. ആകെ 1,05,822 തൊഴിൽ ദിനങ്ങളാണ് ഈ വർഷം സൃഷ്ടിക്കപ്പെട്ടത്. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിലൂടെ 409 വൈവിധ്യമാർന്ന പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിച്ചു. കൃഷി ഇടങ്ങളിലെ പണികൾ, ജലസംരക്ഷണ പ്രവർത്തനങ്ങൾ, ഗ്രാമീണ റോഡുകളുടെ നിർമ്മാണം എന്നിങ്ങനെ നാടിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഈ 409 പ്രവൃത്തികളും കരുത്തേകി.

തൊഴിലുറപ്പ് പദ്ധതിയിലൂടെ വലിയൊരു തുക നേരിട്ട് ജനങ്ങളിലേക്ക് എത്തിക്കാൻ സാധിച്ചു എന്നത് ഈ വർഷത്തെ ഏറ്റവും വലിയ നേട്ടമാണ്. 4,11,95,000 രൂപ (നാല് കോടി പതിനൊന്ന് ലക്ഷത്തി തൊണ്ണൂറ്റിയയ്യായിരം രൂപ) ആണ് ഈ കാലയളവിൽ പദ്ധതിക്കായി ചെലവഴിച്ചത്.ഇത് പ്രാദേശിക വിപണിയിൽ വലിയ ചലനമുണ്ടാക്കുകയും ഗ്രാമീണരുടെ ക്രയശേഷി വർദ്ധിപ്പിക്കുകയും ചെയ്തു. പദ്ധതിയുടെ ലക്ഷ്യം പൂർണ്ണതയിലെത്തിച്ചുകൊണ്ട് 289 കുടുംബങ്ങൾ ഈ വർഷം 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കി. ഒരു സാമ്പത്തിക വർഷം നൂറു ദിവസം ജോലി ലഭിക്കുക വഴി ഈ കുടുംബങ്ങളുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കാൻ സാധിച്ചു. 2024-25 വർഷം തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ചിടത്തോളം വലിയൊരു വിജയത്തിന്റേതാണ്. ജനപങ്കാളിത്തത്തോടെയും കൃത്യമായ ആസൂത്രണത്തോടെയും നടപ്പിലാക്കിയ 409 പ്രവൃത്തികൾ നമ്മുടെ നാടിന്റെ മുഖച്ഛായ തന്നെ മാറ്റിമറിച്ചു. വരുംവർഷങ്ങളിലും കൂടുതൽ ജനങ്ങളിലേക്ക് പദ്ധതിയുടെ ഗുണഫലങ്ങൾ എത്തിക്കാനുള്ള ഒരുക്കത്തിലാണ് അധികൃതർ.



## 3. മൃഗസംരക്ഷണവും, ക്ഷീരവികസനവും

എറിയാട് ഗ്രാമപഞ്ചായത്തിലെ കന്നുകാലി സമ്പത്തിലും ക്ഷീര മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധമുള്ള കുടുംബങ്ങളുടെ എണ്ണത്തിൽ പൊതുവെ കുറവ് വന്നിട്ടുള്ളതായി കാണാൻ കഴിയും. 2003ലെ കന്നുകാലി കനേഷുമാരി കണക്കനുസരിച്ച് പശു, എരുമ, ആട് എന്നീ കന്നുകാലികളുമായി ബന്ധമുള്ള കുടുംബങ്ങളുടെ എണ്ണം 6112 ആയിരുന്നെങ്കിൽ 2007 വർഷത്തെ കണക്കനുസരിച്ച് ഇത് 3418 ആയിക്കുറഞ്ഞു.

വർദ്ധിച്ചു വരുന്ന തീറ്റ ചെലവ്, തീറ്റപ്പുൽ ലഭ്യതയിലുള്ള കുറവ്, കറവക്കാരുടെ ദൗർലഭ്യം, രോഗങ്ങളിലും രോഗനിരക്കിലുമുള്ള വർദ്ധനവ്, പാലിന്റെ വിലയിലുള്ള കുറവ് തുടങ്ങിയവ ക്ഷീര കർഷകരെ ഈ മേഖലയിൽ നിന്ന് അകറ്റുന്നതിനുള്ള മുഖ്യകാരണങ്ങളാണ്. കുറഞ്ഞ പരിപാലന ചെലവും, കൂടുതൽ രോഗപ്രതിരോധ ശേഷിയും എരുമകൾക്കുള്ളതിനാൽ ക്ഷീര കർഷകർക്ക് പൊതുവെ എരുമ വളർത്തലിൽ താൽപര്യം വർദ്ധിച്ചുവെങ്കിലും വന്ധ്യതാ പ്രശ്നങ്ങളും, എരുമപ്പാലിന്റെ കുറഞ്ഞ ആവശ്യകതയും നിമിത്തം കർഷകർ പൂർണ്ണ മനസ്സോടെ എരുമ വളർത്തലിനെ സ്വീകരിച്ചു എന്ന് പറയാനാവില്ല.

പരമ്പരാഗത രീതിയിലുള്ള ഒന്നു രണ്ടു കറവ മാടുകളെ വളർത്തുന്ന രീതിയിൽ നിന്നും അഞ്ചിൽ കൂടുതൽ പശുക്കളുള്ള മിനി ഡയറി ഫാമുകൾ പഞ്ചായത്തിൽ ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുന്നു. ക്ഷീര മേഖലയിൽ സ്വകാര്യ മുതൽ മുടക്ക് വർദ്ധിപ്പിക്കാനുള്ള പുത്തൻ സാധ്യതകൾക്ക് ഇത് വഴിയൊരുക്കുന്നു. അത് പോലെ തന്നെ ആട് വളർത്തലും ഇന്ന് ഗ്രാമപഞ്ചായത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് പ്ലാൻ പദ്ധതികൾ വഴിയും ധനകാര്യ സ്ഥാപനങ്ങൾ വഴിയും കൂടുതൽ ആളുകളെ പ്രത്യേകിച്ച് സ്ത്രീകളെ ഈ മേഖലയിലേക്ക് കൊണ്ടു വരുന്നതിനുള്ള തീവ്ര ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആടുകളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ഇന്ന് കൂടുതൽ ഊന്നൽ നൽകേണ്ടിവരുന്നു.

കോഴി, താറാവ് വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരും ഇന്ന് പ്രതിസന്ധികൾ നേരിടുന്നുണ്ട്. സങ്കരയിനം വർഗ്ഗങ്ങളുടെ കുറഞ്ഞ രോഗപ്രതിരോധശേഷി കമ്പോളത്തിൽ ലഭ്യമായ സാന്ദ്രീകൃത കോഴിത്തീറ്റയിൽ വന്നിട്ടുള്ള വൻ വില വർദ്ധനവ്, സ്ഥലപരിമിതി, മാർക്കറ്റ് വിലയുടെ ഏറ്റക്കുറച്ചിലുകൾ എന്നിവയെല്ലാം തന്നെ കോഴി–താറാവ് വളർത്തലിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

എറിയാട് ഗ്രാമപഞ്ചായത്തിൽ 1996ൽ ആണ് വെറ്റിനറി ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിച്ചത്.

## 4. പ്രാദേശിക സാത്തിക വികസനം
### (ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ, സഹകരണം മുതലായവ ഉൾപ്പെടെ)

16.75 ച: കിലോമീറ്റർ വിസ്തീർണ്ണമുള്ള 23 വാർഡുകൾ അടങ്ങിയ ഒരു വലിയ പഞ്ചായത്താണ് എറിയാട് ഗ്രാമപഞ്ചായത്ത്. കാർഷിക മേഖലയുമായി ബന്ധപ്പെട്ടും മത്സ്യ മേഖലയിലും പ്രവർത്തിക്കുന്നവരാണ് ജനങ്ങളിൽ ഭൂരിഭാഗവും. വൻ വ്യവസായങ്ങൾ അന്യമായ ഈ ഗ്രാമത്തിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന കുറച്ച് ചെറുകിട വ്യവസായങ്ങൾ ഉണ്ടെങ്കിലും, അവയൊന്നും തന്നെ സമൂഹത്തിന്റെ പൊതുവായ ഉന്നമനത്തിന് ഉതകുന്നതല്ല. തൊഴിൽ മേഖലയിൽ കുറച്ച് പേർക്ക് തൊഴിൽ ലഭിക്കുന്നു വെന്നത് വിസ്മരിക്കുന്നില്ല.

എന്നാൽ പഞ്ചായത്തിന്റെ പൊതുവായ നന്മയ്ക്കുതകുന്ന രീതിയിലുള്ള ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാനുള്ള ഭൗതിക സാഹചര്യം നിലനിൽക്കുന്നു. സ്ത്രീ ശാക്തീകരണത്തിനായി രൂപീകൃതമായ കുടുംബശ്രീകൾക്ക് ഇക്കാര്യത്തിൽ വളരെയേറെ പങ്ക് വഹിക്കാനുണ്ട്. ഈ പഞ്ചായത്തിൽ 648 കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ദാരിദ്ര്യ ലഘൂകരണത്തിന്റെ ഭാഗമായി ഉൽപ്പാദന മേഖലയെ ശക്തിപ്പെടുത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ വിരളമാണ്. വിരലിലെണ്ണാവുന്ന യൂണിറ്റുകളാണ് എന്തെങ്കിലും തരത്തിലുള്ള സാമ്പത്തിക വരുമാനത്തിനായി പ്രവർത്തിക്കുന്നത്. കറി മസാലകൾ, വിവിധ തരം ചെടികൾ, പച്ചക്കറി കൃഷി, വാഴകൃഷി, കാറ്ററിംഗ് എന്നിവ നടക്കുന്നുണ്ടെങ്കിലും അതിലൂടെ കൈവരിക്കുന്ന നേട്ടങ്ങൾ വളരെ ചെറുതാണ്.

കേരളത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ദാരിദ്ര്യ ലഘൂകരണത്തിന് അവരുടെ പങ്കാളിത്തത്തോടെ മിത വ്യയവും ലഘു സമ്പാദ്യവും അടിസ്ഥാനമാക്കിയുള്ള വായ്പാ സൗകര്യങ്ങളൊരുക്കി പ്രവർത്തന വേദികൾ സൃഷ്ടിക്കുക എന്നതാണ് കുടുംബശ്രീ പരിപാടി. സ്ത്രീകൾ സ്വയം തൊഴിൽ സംരഭങ്ങൾക്ക് രൂപം നൽകുന്നതിന് വേണ്ടി ലഘുസമ്പാദ്യവും അവയുടെ നിക്ഷേപവും അടിസ്ഥാനമാക്കി ധനകാര്യസ്ഥാപനങ്ങളുടെ വായ്പകളും കൂടി സ്വരൂപിക്കുകയാണ് സാമ്പത്തിക ശാക്തീകരണത്തിന്റെ അടിത്തറ.

എറിയാട് ഗ്രാമപഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങളെ അടിസ്ഥാനമാക്കി ഇനിയും ചില ചെറുകിട വ്യവസായങ്ങൾ നമുക്ക് തുടങ്ങുവാൻ കഴിയും. കാർഷിക മേഖലയിൽ വാഴകൃഷി, മുട്ടക്കോഴി വളർത്തൽ, പശു–ആട് വളർത്തൽ എന്നിവയ്ക്ക് സാധ്യതകൾ ഏറെയാണ്. കൂടാതെ സിമന്റ് ബ്രിക്സ്, ഡിസ്പോസിബിൾ ഗ്ലാസ്, പ്ലെയിറ്റ്, ക്യാരിബാഗുകൾ, കവറുകൾ, സാനിറ്ററി നാപ്കിൻ, അമൃതം പൗഡർ, വിനാഗിരി എന്നിവയുടെ നിർമ്മാണത്തിലൂടെ ചെറുകിട വ്യവസായങ്ങൾ വളർത്തിയെടുക്കാൻ കഴിയും. നിർമ്മിക്കപ്പെടുന്ന വസ്തുക്കൾക്ക് വിപണികണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്ത് ഭരണസമിതിയിയുടെ പ്രത്യേക ശ്രദ്ധയും ഉണ്ടാകണം.

ചെറുകിട വ്യവസായ സംരഭങ്ങളിലൂടെ യൂണിറ്റ് അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന കുടുംബശ്രീകളിലൂടെ ദാരിദ്ര്യ ലഘൂകരണത്തിന് ഒരു ചെറിയ പങ്ക് വഹിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

## 5. ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)

ദാരിദ്ര്യം വ്യക്തിയേയും, സമൂഹത്തേയും പൊതുവായി ബാധിക്കുന്ന ദുഃഖകരമായ അവസ്ഥയാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ശ്രമങ്ങൾ വളരെക്കാലം മുമ്പേ തുടങ്ങിയതാണെങ്കിലും ഇന്നും അത് ഏറ്റക്കുറച്ചിലോടെ തുടരുയാണ്. എന്താണ് ദാരിദ്ര്യം?

അടിസ്ഥാന ആവശ്യങ്ങളുടെ അഭാവം അതായത് ഭക്ഷണം, പാർപ്പിടം, വസ്ത്രം, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, അതായത് കുടിവെള്ളം, കക്കൂസ്, വൈദ്യുതി, ഗതാഗതം, മാലിന്യ നിർമ്മാർജ്ജനം. അടിസ്ഥാന സേവനങ്ങളുടെ അപര്യാപ്തത, ചികിത്സ, വിദ്യാഭ്യാസം, പൊതുവിതരണകേന്ദ്രം മുതലായവ. അടിസ്ഥാന അവകാശങ്ങളുടെ നിഷേധം, ഉച്ചനീചത്വം, അവമതിപ്പ്, അവഗണന, ഒറ്റപ്പെടുത്തൽ, അവജ്ഞ, സ്ത്രീ പുരുഷ തുല്യതയില്ലായ്മ.

മേൽപറഞ്ഞവയുടെയൊക്കെ അഭാവവും, അപര്യാപ്തതയും ദാരിദ്ര്യത്തിന്റെ ഘടകങ്ങളാണ്. നമ്മുടെ പഞ്ചായത്തിൽ 2010–11ൽ നടത്തിയ സർവ്വേ പ്രകാരം ജനറൽ വിഭാഗത്തിൽ 612 ഭൂരഹിത–ഭവനരഹിതരും, 299 ഭവനരഹിതരും, പട്ടകജാതി വിഭാഗത്തിൽ 12 ഭവന രഹിതരും, 22 ഭൂരഹിത–ഭവനരഹിതരുമാണുള്ളത്. ഇ.എം.എസ്. ഭവന പദ്ധതി (2008–09) എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതി (2009–10),ഐ.എ.വൈ. വികലാംഗ ഭവനം, ആശ്രയപദ്ധതി, കേരള വികസന പദ്ധതി, ജനകീയാസൂത്രണം എന്നിവ വഴിയായി ഏകദേശം 516 വീടുകൾ നൽകിയിട്ടുണ്ട്. 2011–12ൽ ആശ്രയ പദ്ധതിയിലെ എട്ട് ഗുണഭോക്താക്കൾക്ക് ആശ്രയ ഫ്ളാറ്റ് നിർമ്മിച്ചു നൽകിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിനും, ജനറൽ വിഭാഗത്തിനും ഫ്ളാറ്റ് നിർമ്മിക്കുന്നതിനായി 58 സെന്റ് സ്ഥലം വാങ്ങി ഫ്ളാറ്റ് നിർമ്മിച്ചു. 2025ൽ പാർപ്പിട മേഖലക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് 2020 ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ കരാർ വെച്ചവർക്കും 2026 മാർച്ച് മാസത്തോടെ വീട് നൽകുന്ന പ്രവൃത്തി (436 പേർക്ക്) പൂർത്തീകരിച്ചുവരുന്നു. എന്നിരുന്നാലും ഭൂരഹിത ഭവനരഹിതരും, ഭവന രഹിതരുമായി ഒട്ടേറെ കുടുംബങ്ങൾ ഇപ്പോഴുമുണ്ട്. നമ്മുടെ സമൂഹത്തിലെ കടുത്ത സ്ത്രീധന സമ്പ്രദായം നിർധനരായ തൊഴിലാളി കർഷകാധി പിന്നോക്ക വിഭാഗങ്ങളെ ഭൂരഹിതരും ഭവനരഹിതരുമാക്കി മാറ്റുന്നതിന് ആക്കം കൂട്ടുന്നുണ്ട്. വീട് അപ്ഗ്രഡേഷൻ ജനറൽ, സമ്പൂർണ്ണ ശുചിത്വത്തിന്റെ ഭാഗമായി കക്കൂസ്, പട്ടികജാതി വീട് അറ്റകുറ്റപണി, പട്ടികജാതി ഭവന നിർമ്മാണം, ജനറൽ വിഭാഗത്തിൽ വീട്, (വനിത) എന്നീ പദ്ധതികൾ കുറ്റമറ്റ രീതിയിൽ നടത്താൻ കഴിഞ്ഞിട്ടുണ്ട്.

ഉൽപാദന മേഖലയിൽ പൊതുവേയും, കാർഷിക മേഖലയിൽ പ്രത്യേകിച്ചും ഇടപെടലുകളുണ്ടാകേണ്ടിയിരിക്കുന്നു. അതുവഴി നാം സ്വപ്നം കാണുന്ന ദാരിദ്ര്യ നിർമ്മാർജ്ജനം, ദാരിദ്ര്യ ലഘൂകരണത്തിലൂടെ നമുക്ക് നേടിയെടുക്കാൻ കഴിയും.

# കുടുംബശ്രീ

എറിയാട്ഗ്രാമപഞ്ചായത്തിൽ 1988–ൽ ആണ് കുടുംബശ്രീ പ്രവർത്തനം ആരംഭിച്ചത്. നിലവിൽ 648 കുടുംബശ്രീ യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 9183 കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളാണ്. നിരവധി ദാരിദ്രലഘൂകരണ പദ്ധതികൾ കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നു. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ സഹായി കുടുംബശ്രീ ആണ്.

നിർദ്ധനരും ആരാലും സംരക്ഷിക്കപ്പെടാൻ ഇല്ലാത്ത 120 കുടുംബങ്ങൾ ആണ് ആശ്രയ ഒന്നും, രണ്ടും ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. അവർക്ക് ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസ സഹായങ്ങൾ കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നു. കുട്ടികളുടെ ബാല്യകാലം മികവുറ്റ രീതിയിൽ വളർത്തുന്നതിന് വേണ്ടി 64 ബാലസഭകൾ പ്രവർത്തിക്കുന്നുണ്ട്. വയോജന അയൽക്കൂട്ടങ്ങൾ 74 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. എറിയാട് സി.ഡി.എസിൽ 23 ഓക്സിലറി ഗ്രൂപ്പ് പ്രവർത്തിക്കുന്നുണ്ട്.

മാരകമായ രോഗങ്ങളാൽ അടിമപ്പെട്ട് ചികിത്സിക്കാൻ കഴിവില്ലാതെ കഷ്ടപ്പെടുന്ന കുടുംബശ്രീ അംഗങ്ങൾക്കോ കുടുംബങ്ങൾക്കോ നൽകി വരുന്ന ധനസഹായ പദ്ധതിയാണ് 'സ്നേഹനിധി'.

കുടുംബശ്രീ അംഗത്തിന്റെ ജീവന് പരിരക്ഷ നൽകുന്ന പദ്ധതിയാണ് ജീവൻ ദീപം ഇൻഷുറൻസ് നിലവിൽ 4410ൽ പരം സ്ത്രീകൾ ഇതിൽ അംഗങ്ങൾ ആണ്.

കേന്ദ്ര ഗ്രാമ വികസന വകുപ്പും, കേരള സർക്കാരും കുടുംബശ്രീയും സംയുക്തമായി നടപ്പിലാക്കി വരുന്ന സൗജന്യ സ്കിൽ പ്ലെയ്സ്മെന്റ് പദ്ധതിയാണ് (DDUGKY) 'ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൈശല്യ യോജന' ഈ പദ്ധതി പ്രകാരം 18നും 45 വയസ്സിനും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കൾക്ക് സൗജന്യ വിദ്യാഭ്യാസം തൊഴിൽ വാഗ്ദാനം നൽകുന്നു. 2016ൽ 47 പേർക്ക് ജോലി നൽകി. തൃശൂർ ജില്ലയിലെ ഏറ്റവും മികച്ച സി.ഡി.എസ് ആയി തെരഞ്ഞെടുക്കുകയുണ്ടായി. ഇതിന്റെ ട്രെയിനിംഗ് പെരിഞ്ഞനത്ത് പ്രവർത്തിക്കുന്നുണ്ട്. 300ൽ അധികം കുടുംബശ്രീകൾ ബാങ്കുമായി ലിങ്ക് ചെയ്തു. ഇവർക്ക് Inter subsidy, NRLM Subsidy, Matching Grant എന്നിവ നൽകി വരുന്നു. 85 കൃഷി SHG യൂണിറ്റുകൾ കുടുംബശ്രീയിൽ പ്രവർത്തിക്കുന്നുണ്ട്. അവർക്ക് ലോൺ, Subsidy, Incentive എന്നിവ നൽകി വരുന്നു.

സ്ത്രീകൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റും ജെന്റർ കോർണർ, ജെന്റർ കൗൺസിലിംഗ് എന്നിവ കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

സ്ത്രീകളുടെ ജീവിത നിലവാരം ഉയർത്തുന്ന വ്യക്തിഗതസംരംഭം 74, ഗ്രൂപ്പ് സംരംഭം152, വിവിധ ME യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ടൈലറിംഗ്, പേൾ വർക്സ്, ചിപ്സ് ഉൽപ്പന്നങ്ങൾ, അച്ചാർ, പൊടി ഇൽപ്പന്നങ്ങൾ, ഫ്ളവർമിൽ, പെറ്റി ഷോപ്പുകൾ, ഫാൻസി ഷോപ്പുകൾ, പപ്പട നിർമ്മാണം, കുടനിർമ്മാണം, ആടുവളർത്തൽ, തുണി സഞ്ചി നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു.

ഇനിയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്ന തിനായി നിരവധി യൂണിറ്റുകൾ തുടങ്ങുക എന്നതാണ് കുടുംബശ്രീയുടെ ലക്ഷ്യം.

## ആശ്രയ

അടിസ്ഥാനപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ട നിരാലംബരും നിരാശ്രയരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ഒരു വിഭാഗം ജനങ്ങളെ അഗതികൾ എന്ന് വിശേഷിപ്പിക്കാം. അഗതി കുടുംബങ്ങൽക്കാവശ്യമായ ഭക്ഷണം, വസ്ത്രം, ചികിത്സ, പെൻഷൻ വിദ്യാഭ്യാസം, ഭൂമി, പാർപ്പിടം, കുടിവെള്ളം, ശുചിത്വ സൗകര്യങ്ങൾ, തൊഴിൽ, മാനസിക ആരോഗ്യത്തിനുതകുന്ന തരത്തിലുള്ള കൗൺസിലിംഗ് തുടങ്ങിയ സമസ്ത പ്രശ്നങ്ങൾക്കും പരിഹാരം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം

## ബാലസഭ

കുടുംബശ്രീ അയൽക്കൂട്ട പരിധിയിൽ വരുന്ന മുഴുവൻ കുട്ടികളുടേയും കൂട്ടമാണ് ബാലസഭ. 5 മുതൽ 15 വയസ്സുവരെയുള്ള കുട്ടികളാണ് ഇതിൽ ഉൾപ്പെടുന്നത്. കുട്ടികൾക്ക് നഷ്ടപ്പെടുന്ന ആസ്വാദ്യകരമായ കുട്ടിക്കാലം വീണ്ടെടുക്കുക, വരും തലമുറയിലേക്കുള്ള ദാരിദ്ര്യ വ്യാപനം തടയുക. ആരോഗ്യപൂർണ്ണവും, മൂല്യാധിഷ്ഠിതവുമായ പുതുതലമുറയെ സ്ഷ്ടിക്കുക എന്നതാണ് ബാലസഭയുടെ പ്രവർത്തന ലക്ഷ്യം.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സോഷ്യൽ ഓഡിറ്റും കുടുംബശ്രീ അയൽക്കൂട്ട കുടുംബങ്ങളിൽ തൊഴിൽ കാർഡുള്ള മുഴുവൻ പേരേയും തൊഴിൽ ചെയ്യാൻ എത്തിക്കുക എന്നതാണ് പ്രധാനലക്ഷ്യം. ഈ പ്രവർത്തനത്തിൽ കുടുംബശ്രീ സംഘടനാ സംവിധാനമാണ് ഫലപ്രദമായ പങ്കാളിത്തം വഹിക്കുന്നത്. സ്ത്രീ ശക്തി കൂട്ടായ്മയ്ക്ക് ഒരു പൊൻതൂവൽ കൂടിയാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി.

### ജെന്റർ കോർണർ

സ്ത്രീ പദവി സ്വയം പഠന പ്രക്രിയയുടെ ഭാഗമായി കുടുംബശ്രീ സംവിധാനത്തിൽ ആരംഭിച്ചിട്ടുള്ള ശാക്തീകരണ പ്രവർത്തനങ്ങളിൽ ഒന്നാണ് ജെന്റർ കോർണർ. ജെന്റർ കൗൺസിലിംഗ്, പോർട്ടൽ ട്രെയിനിംഗ്, ഹെൽപ്പ് ഡെസ്ക് എന്നിവ ജെന്റർ കോർണറിന്റെ കീഴിൽ വരുന്നതാണ്.

### FFC കാർഷിക സഹായ കേന്ദ്രം

സി. ഡി. എസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജെ. എൽ. ജി ഗ്രൂപ്പുകൾക്ക് ആവശ്യമായ കാർഷിക ഉൽപ്പന്നങ്ങൾ വിത്ത്, വളം എന്നിവ കാർഷിക സഹായ കേന്ദ്രം വഴി ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം.

## DDUGKY

ദാരിദ്ര കുടുംബങ്ങളിലെ യുവതീയുവാക്കൾക്ക് വേണ്ടി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM)ആ ജീവികയുടെ കീഴിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് 'ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൻ കൗശല്യ യോജന' (DDUGKY) ഗുണഭോക്താക്കൾക്ക് അവരവരുടെ വിദ്യാഭ്യാസ യോഗ്യതക്കും, അഭിരുചിക്കും ഉതകുന്ന പരിശീലനം നൽകി അവർക്ക് അർഹമായ തൊഴിൽ ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു.

### ഇൻഷുറൻസ്

കുടുംബശ്രീ സ്ത്രീ സുരക്ഷ ബീമാ യോജന (LIC) കുടുംബശ്രീ അംഗങ്ങളുടെ ജീവന് ഇൻഷുറൻസ് പരിരക്ഷ നൽകുന്നു അതോടൊപ്പം അവരുടെ അർഹരായ 2 കുട്ടികൾക്ക് (9, 10, +1, +2) വർഷത്തിൽ 1200 രൂപയുടെ സ്കോളർഷിപ്പ് സൗജന്യമായി നൽകുന്നു. Linkage Loan ആന്തരിക വായ്പ എന്നിവ എടുത്തവർക്ക് Credit Link Insurance Scheme പ്രകാരം 30,000 രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും കുടുംബശ്രീ വഴി നൽകുന്നുണ്ട്. (മാരകമായ അസുഖം ഉള്ളവർക്ക്)

## ലൈബ്രറി

സ്ത്രീകളുടേയും, കുട്ടികളുടേയും വായനശീലം വളർത്തുന്നതിന് വേണ്ടി പഞ്ചായത്ത് കുടുംബശ്രീക്ക് ലൈബ്രറി അനുവദിച്ചിട്ടുണ്ട്.

## 6. സാമൂഹ്യ നീതി
## (ഭിന്നശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ഭിന്നലിംഗ വിഭാഗം മുതലായവർ)

ഒരു നാടിന്റെ അഭിവൃദ്ധി സാമൂഹികമായ ക്ഷേമത്തിൽ അധിഷ്ടിതമാണ്. സാമൂഹ്യ ക്ഷേമമാകട്ടെ സാമൂഹ്യ നീതിയിലും. വയോജനങ്ങൾക്കും, ഭിന്നശേഷിയുള്ളവർക്കും, കുട്ടികൾക്കും ക്ഷേമത്തിനുതകുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പദ്ധതികൾ തയ്യാറാക്കി നടപ്പിൽ വരുത്തേണ്ടതുണ്ട്. സംസ്ഥാന സർക്കാർ അനുവദിക്കുന്ന പദ്ധതി പണത്തിൽ നിന്നും ഒരു നിശ്ചിത ശതമാനം ഇവർക്കായി മാറ്റി വെക്കേണ്ടതുണ്ടെന്ന് പറയുമ്പോൾ ഈ മേഖലയുടെ പ്രാധാന്യത്തെക്കുറിച്ച് ഓർക്കേണ്ടതുണ്ട്.

സമൂഹത്തിൽ നിന്നും ഒറ്റപ്പെടേണ്ടവരോ, വെറുക്കപ്പെടേണ്ടവരോ അല്ല ഇത്തരം ആളുകൾ. ഇന്ന് വൃദ്ധ ജനങ്ങളായി തീർന്നിട്ടുള്ളവർക്കും ഒരു ഗതകാല യൗവ്വനം ഉണ്ടായിരുന്നു. അവരും നമ്മെപ്പോലെ നാനാമുഖ പ്രവർത്തന രംഗങ്ങളിൽ വ്യാപൃതരായിരുന്ന ഒരു ഭൂതകാലത്തിന്റെ ഉടമകളാണ്. അവരുടെ സൃഷ്ടികളും, പ്രവൃത്തികളും സമൂഹത്തിന്റെ ഒരിറ്റ് നന്മക്ക് വളമേകിയിട്ടുണ്ടായിരിക്കും. ഇന്നത്തെ ഈ സാഹചര്യത്തിൽ സമൂഹത്തിന്റെ ഒന്നിനും ഉതകാത്ത ഒരു മൂലയിലേക്ക് അവരെ തള്ളി വിടാതെ അവരുടെ സർഗ്ഗാത്മകതകളെ കണ്ടെത്തി പരിപോഷിപ്പിച്ചെടുത്ത് ക്രിയാത്മകതയിലേക്ക് കൊണ്ടുവരേണ്ടുന്ന ചുമതല നാം ഏറ്റെടുക്കേണ്ടതുണ്ട്.

കര കൗശല വസ്തുക്കൾ നിർമ്മിക്കുക, നാടൻ പാട്ടുകൾ, കഥ, സംഗീതം, ചെറുകിട തൊഴിലുകൾ എന്നിങ്ങനെയുള്ള ആയാസ രഹിതമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുവാൻ അവരെ പ്രാപ്തരാക്കേണ്ടതുണ്ട്. പഞ്ചായത്തിൽ വാർഡുതലങ്ങളിൽ വയോജന സംഘങ്ങളും ഭിന്നശേഷിയുള്ളവരുടെ സംഘങ്ങളും രൂപീകരിച്ച് ഇവരുടെ പ്രശ്നങ്ങൾ തമ്മിൽ തമ്മിൽ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുന്നതിനും അവരുടെ ശാരീരികവും മാനസീകവുമായ ഉല്ലാസത്തിന് ഉതകുന്ന രീതിയിൽ പ്രവർത്തനങ്ങൾ നടത്തേണ്ടതും ആവശ്യമാണ്. ഇത്തരം പ്രവർത്തനങ്ങൾക്കായി നിലവിലുള്ള ഫണ്ട് കൂടാതെ സന്നദ്ധ സംഘടനകൾ വഴിയോ സുമനസ്സുകളുടെ സഹായത്തോടെയോ ഫണ്ട് രൂപീകരിക്കാനുള്ള ശ്രമവും ഉണ്ടാകേണ്ടതുണ്ട്.

# 7. വനിതാ വികസനം

കേരളത്തിലെ സ്ത്രീകൾ സാമൂഹ്യ രംഗത്തും രാഷ്ട്രീയ രംഗത്തും വലിയ കുതിച്ചു ചാട്ടം നടത്തിയ വർഷങ്ങളാണ് ജനകീയാസൂത്രണത്തിന്റെ കഴിഞ്ഞ 20 വർഷങ്ങൾ. ലോകത്ത് തന്നെ സ്ത്രീകളുടെ മുന്നേറ്റങ്ങൾക്ക് മാതൃകയായ കുടുംബശ്രീ സംവിധാനം നിലവിൽ വന്നത് ഈ കാലയളവിലാണ്. കേരളത്തിൽ സ്ത്രീകൾക്ക് ഉണ്ടായ ഈ മാറ്റങ്ങൾ നമ്മുടെ പഞ്ചായത്തിലും കാണാൻ കഴിയും. 2011 സെൻസസ് പ്രകാരം എറിയാട് ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യ 46213 ആണ്. ഇതിൽ സ്ത്രീകളുടെ എണ്ണം 24286 ആണ്.

സാമൂഹ്യ മാറ്റത്തിനും പ്രത്യേകിച്ച് സ്ത്രീകളുടെ ഉന്നതിക്കുവേണ്ടി 648 കുടുംബശ്രീ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിന്റെ ഭാഗമായി സ്ത്രീകളുടെ സമ്പാദ്യ ശീലം വർദ്ധിക്കുകയും അതിന്റെ അടിസ്ഥാനത്തിലും മാറ്റമുണ്ടായിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് രാജ് ആക്ടിലെ 73-74 ഭരണഘടന ഭേദഗതി പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ത്രീ പ്രാതിനിത്യം 50%ത്തിന് മുകളിൽ ആണ്. ഇത് സ്ത്രീകളെ പൊതുരംഗത്തേയ്ക്ക് കൊണ്ട് വരുന്നതിന് കാരണമായിട്ടുണ്ട്. കഴിഞ്ഞ 20 വർഷം പിന്നിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ പെൺകുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ആൺകുട്ടികളെക്കാൾ പുറകിലായിരുന്നു. ഇപ്പോൾ ആൺകുട്ടികളെക്കാൾ മുന്നിൽ നിൽക്കുന്നത് പെൺകുട്ടികൾ ആണ്. എന്നിരുന്നാലും സ്വയം പര്യാപ്തത കൈവരിക്കുന്നതിൽ സ്ത്രീകൾ പുറകിൽ തന്നെയാണ്. അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും തൊഴിൽപരമായ കാര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് കഴിയുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്യണം

തൊഴിൽ സ്ഥാപനങ്ങളിൽ അവർക്ക് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കി എടുക്കണം. പഞ്ചായത്ത് തലത്തിൽ സ്ത്രീകൾക്കായുള്ള തൊഴിൽ ശാലകൾ നിർമ്മിക്കുന്നതുമൂലം അവർക്ക് സാമ്പത്തികമായി നിലവാരം ഉയരും. സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യഅവകാശം എന്നത് ഇന്ത്യൻ ഭരണ ഘടന വിഭാവനം ചെയ്യുന്ന മൗലിക അവകാശങ്ങളിൽ ഒന്നാണെങ്കിലും ലിംഗ നീതി എന്നത് ഇനിയും സാധ്യമാവാത്ത ലക്ഷ്യമായി തുടരുന്നു.

## സാധ്യതകൾ

അവിവാഹിതരായ സ്ത്രീകൾക്കും വിധവകൾക്കും തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാനുള്ള അവസരങ്ങൾ നൽകണം.

തുണി, സഞ്ചി, പേപ്പർ, ചണം എന്നീ ബാഗ് നിർമ്മാണയൂണിറ്റുകൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.

കൃഷി, മൃഗസംരക്ഷണം തുടങ്ങിയ മേഖലയിൽ സ്ത്രീകൾക്കുള്ള അവസരവും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുക

പെൺകുട്ടികൾക്ക് സ്വയം രക്ഷക്കായി കരാട്ടെ, കുങ്ഫു പരിശീലനം എല്ലാ സ്കൂളുകളിലും നൽകുക.

ഷീ ട്രാവലർ ആരംഭിക്കുക.

സ്കൂളുകളിൽ കുടുംബശ്രീ യൂണിറ്റ് സ്റ്റാൾ ആരംഭിക്കുകയാണെങ്കിൽ കുട്ടികൾക്കാവശ്യമായ സാധനങ്ങൾ അവിടെ നിന്നും ലഭ്യമാക്കാവുന്നതാണ്.

# 8. പട്ടിക ജാതി വികസനം / പട്ടിക വർഗ്ഗ വികസനം

കഴിഞ്ഞ സെൻസസ് പ്രകാരം കേരളത്തിലെ പട്ടിക ജാതി ജനസംഖ്യ 31.24 ലക്ഷമാണ്. ഇത് മൊത്തം ജനസംഖ്യയുടെ 9.81 ശതമാനമാണ്. എറിയാട് ഗ്രാമപഞ്ചായത്തിൽ 591 പട്ടികജാതി കുടുംബങ്ങളിലായി 2593 പേരാണ് താമസ്സിക്കുന്നത്. ഇതിൽ 1287 പേർ പുരുഷന്മാരും, 1316 പേർ സ്ത്രീകളുമാണ്. ഇതിൽ 60 വയസ്സിന് മുകളിൽ ഉള്ളവർ 273 പേർ ഉണ്ട്. 5 വയസ്സിന് താഴെ ഉള്ളവർ 132പേർ ഉണ്ട്. ഇതിൽ 5ൽ കൂടുതൽ പേർ താമസിക്കുന്ന 159 കുടുംബങ്ങൾ ഉണ്ട്. ഇതിൽ 645 പേരാണ് താമസിക്കുന്നത് ഭൂരഹിതരായ 68 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇപ്പോഴും ഉണ്ട്. താമസയോഗ്യമല്ലാത്ത വീടുകളിൽ ഇപ്പോഴും 77 പേർ താമസിക്കുന്നു, വിദ്യാഭ്യാസ സാമൂഹ്യ രംഗത്ത് നമുക്ക് കുറെയേറെ മുന്നേറാൻ ആയിട്ടുണ്ട്. സാമ്പത്തിക രംഗത്ത് ആ മുന്നേറ്റം കണ്ടെത്താൻ കഴിയുന്നില്ല. 1970 നടപ്പിൽ വന്ന ഭൂപരിഷ്ക്കരണത്തിന്റെ ഭാഗമായി നല്ലൊരു വിഭാഗത്തിനും സ്വന്തമായി ഭൂമി ഉണ്ട്. അതുപോലെ മിച്ചഭൂമി ലഭിച്ചതും സാമുഹ്യ പുരോഗതി ഒരു പരിധിവരെ ഉയരാൻ കരണമായിട്ടുണ്ട്. എന്നാലും പഞ്ചായത്തിലെ മറ്റു ജനവിഭാഗങ്ങൾക്ക് ഒപ്പമെത്താൻ കഴിഞ്ഞിട്ടില്ല. ജാതിയമായ ഉച്ച നീചത്വങ്ങൾ നമുടെ പഞ്ചായത്തിൽ ഇല്ലയെന്ന് പറയാം. എല്ലാ ജാതി മതസ്ഥരും ഇടകലർന്ന് ജീവിക്കുന്നതാണ് നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതി.

സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ച് ശരിയായ അറിവില്ലായ്മ ഇപ്പഴും നിലനിൽക്കുന്നു. പദ്ധതികളുടെ പല നിബന്ധനകളും പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് തടസ്സമായി ഇപ്പോഴും നിലനിലക്കുന്നു. എന്നാലും കഴിഞ്ഞ 20 വർഷമായി നടപ്പിലാക്കി വരുന്ന ജനകീയ ആസൂത്രണ പദ്ധതിയും വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളും ഒരു പരിധിവരെ സാമൂഹ്യ പുരോഗതി ഉറപ്പാക്കിയിട്ടുണ്ട്.

### വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് സാമാന്യ പുരോഗതി ഉണ്ട് എന്നാൽ വിദ്യഭ്യാസം നേടി ജീവിതത്തെ മാറ്റി തീർത്തവർ വളരെ കുറവായാണ് കാണാൻ കഴിയുന്നത്. ഉന്നത വിദ്യാഭ്യാസം നേടി നിരവധി പേർ തൊഴിൽ രഹിതരായി തുടരുന്നു.–

### തൊഴിൽ

പട്ടിക ജാതി വിഭാഗത്തിലെ ഭൂരിഭാഗം പേരും കാർഷിക മേഖലയിൽ തൊഴിൽ എടുക്കുന്നവർ ആയിരുന്നു. കാർഷിക മേഖലയുടെ തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ തകർച്ചക്ക് കാരണമായിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഈ വിഭാഗത്തിന്റെ പങ്കാളിത്തം കാണാനാകുന്നുണ്ട്.

കാർഷിക മേഖലയിലെ തൊഴിൽ തകർച്ച കുറച്ചെങ്കിലും പരിഹരിക്കാൻ പ്രത്യേകിച്ചും സ്ത്രീ തൊഴിലാളികൾക്ക് കഴിയുന്നത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ഉള്ളത് കൊണ്ടാണ്. ബാക്കിയുള്ള തൊഴിലാളികൾ നിർമ്മാണ മേഖലയിൽ തൊഴിൽ എടുക്കുന്നവരാണ്. സാമ്പത്തിക മേഖലയിലുണ്ടായികൊണ്ടിരിക്കുന്ന പ്രതിസന്ധി ഈ മേഖലയിലും പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. വിദ്യാഭ്യാസം നേടിയ തൊഴിൽ രഹിതരുടെ എണ്ണം വർദ്ധിച്ചു വരുന്നതായാണ് കാണുന്നത്. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടൽ ഉണ്ടാകണം. പുതിയ തൊഴിൽ കണ്ടെത്തുന്നതിന് അഭ്യസ്തവിദ്യരെ സഹായിക്കേണ്ടതുണ്ട്.

### പാർപ്പിടം

പാർപ്പിട പ്രശ്നം ഇപ്പോഴും പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. വിവിധ പദ്ധതികൾ പ്രകാരം വീടിന് സഹായം ലഭിച്ചവർക്ക് സഹായത്തിന്റെ അപര്യാപ്തതമൂലം പൂർത്തീകരിക്കാൻ കഴിയുന്നില്ല. ഇങ്ങിനെയുള്ള 156 വീടുകൾ പൂർത്തീകരിക്കാനുണ്ട്. ഇതു കൂടാതെ 338 കുടുംബങ്ങൾ ഭവന രഹിതരായുണ്ട്. കൂടാതെ ഭൂരഹിതരായ 531 കുടുംബങ്ങൾ കൂടിയുണ്ട്. ഇവരുടെ എല്ലാവരുടേയും പ്രശ്നം പരിഹരിച്ചാൽ മാത്രമെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ കഴിയൂ. ഉപയോഗ്യമല്ലാത്ത കക്കൂസുകൾ ഭാവിയിൽ പ്രശ്നമാകാ നിടയുള്ളതാണ്.

### പ്രശ്നങ്ങൾ

1) എല്ലാവർക്കും സ്വന്തമായി വീടില്ല.

2) കുടിവെള്ളം ആവശ്യത്തിനില്ല.

3) പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല.

4) വിവിധ പദ്ധതികളെ കുറിച്ച് വേണ്ടത്ര അറിവില്ല.

5) അഭ്യസ്ഥവിദ്യരായവരുടെ തൊഴിലില്ലായ്മ

6) വയോജനങ്ങളുടെ പ്രശ്നങ്ങൾ.

7) ഭൂരഹിതർ.

### സാധ്യതകൾ, നിർദ്ദേശങ്ങൾ

1) അഭ്യസ്തവിദ്യർക്ക് തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനവും സഹായവും ചെയ്യുക.

2) പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആരംഭിക്കുക.

3) വീടു നിർമ്മാണ ധന സഹായം വർദ്ധിപ്പിക്കുക.

4) സർക്കാരിന്റെ വിവിധ സഹായ പദ്ധതികളെ കുറിച്ച് ബോധവത്ക്കരണം നടത്തുക.

5) നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത വീടുകൾക്ക് ധന സഹായം നൽകുക.

6) സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമിവാങ്ങുന്നതിനുള്ള സഹായ ധനം വർദ്ധിപ്പിക്കുക.

7) വിദ്യാഭ്യാസ ഗുണനിലവാരം ഉറപ്പാക്കുകയും കൊഴിഞ്ഞുപോക്ക് തടയുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.



# 9. ആരോഗ്യം

ആരോഗ്യ മേഖലയിൽ അലോപ്പതി, ആയുർവ്വേദം, ഹോമിയോ എന്നീ വിഭാഗങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാനുള്ള സത്വര നടപടികൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നിർവ്വഹിക്കപ്പെടുന്നു.

അലോപ്പതി വിഭാഗത്തിൽ മാടവന അത്താണിയിലുള്ള ഫാമലി ഹെൽത്ത് സെന്ററും അതിന് കീഴിൽ 7 ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ഈ സെന്ററിൽ വ്യത്യസ്ഥ രോഗങ്ങളുടെ സ്പെഷ്യലൈസ് ചെയ്ത ഡോക്ടർമാരും കൂടുതൽ നഴ്സുമാരും അനുബന്ധ ഉദ്യോഗസ്ഥരും ഉണ്ടാവുകയാണെങ്കിൽ അത് ഈ പഞ്ചായത്തിന് ഒരു അനുഗ്രഹമായിരിക്കും. 2025-26 വർഷത്തിൽ 2 സബ് സെന്ററുകൾ നിർമ്മിക്കുന്ന പ്രവൃത്തിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

ദിനം പ്രതി 200-250 രോഗികൾ ഔട്ട്പേഷ്യന്റ് വിഭാഗത്തിൽ ഇവിടെ ചികിത്സക്കെത്തുന്നു. പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളിലുമായി ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളും സാന്ത്വന പരിചരണ പ്രവർത്തനങ്ങളും, മാതൃ-ശിശുസംരക്ഷണ പ്രവർത്തനങ്ങളും നടത്തി വരുന്നു. സാന്ത്വനം ഒരു പ്രത്യേക പദ്ധതിയായി തന്നെ പഞ്ചായത്ത് ഭരണ സമിതി ഏറ്റെടുത്ത് നടത്തുന്നു.

സാന്ത്വന പരിചരണം വഴി ഏകദേശം 180 പേർക്ക് സേവനം ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യ ജീവനക്കാരുടേയും, ആശാപ്രവർത്തകരുടേയും, അംഗൻവാടി പ്രവർത്തകരുടേയും, ജനപ്രതിനിധികളുടേയും സഹകരണത്തോടെ ഇത്തരം പ്രവർത്തനങ്ങൾ ഭംഗിയായി നടത്തിക്കൊണ്ടു പോകുവാൻ കഴിയുന്നു.

എറിയാട് പഞ്ചായത്തിന്റെ തീരപ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു ആതുരാലയമാണ് അഴീക്കോട് ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി. ദിനംപ്രതി ധാരാളം രോഗികൾ ഇവിടെ ചികിത്സക്കായി എത്തുന്നുണ്ട് കിടത്തി ചികിത്സക്കുള്ള സൗകര്യവും ഒരുക്കിയിരിക്കുന്നു.

തീര പ്രദേശത്ത് ഒരു ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി പ്രവർത്തിച്ചു വരുന്നു. നൂറ് കണക്കിന് രോഗികൾ ഇവിടെ ചികിത്സക്കായി എത്തുന്നു. കിടത്തി ചിതിത്സക്കുള്ള പദ്ധതികൾ ആവിഷ്കരിച്ച്, ഡിസ്പെൻസറിയോട് ചേർന്നുള്ള പഞ്ചായത്ത് വക സ്ഥലത്ത് കെട്ടിടങ്ങൾ പണിയാനുള്ള ശ്രമം പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതുണ്ട്.

ഭൂപ്രകൃതിയുടെ പ്രത്യേകത കാരണം ജലജന്യരോഗങ്ങളും, കൊതുക്ജന്യ രോഗങ്ങളും ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. തോടുകളും വെള്ളക്കെട്ടും കൂടുതലാണ്. ആയതിനാൽ തോടുകൾ വൃത്തിയാക്കുകയും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

ഇന്ന് കേരളത്തിലെ സാധാരണക്കാർ ഉൾപ്പെടെ താഴ്ന്ന വരുമാനക്കാരും ദ്രരിദ്രരും നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ആരോഗ്യരംഗത്തെ അതിഭീമമായ ചികിത്സാചെലവാണ്. പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്താതെ ഇതിനൊരു പരിഹാരമാകില്ല. മാത്രമല്ല രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് പൊതുജനങ്ങളിൽ ചില വിഭാഗങ്ങൾ നിസ്സഹകരിക്കുന്ന പ്രവണത കണ്ടുവരുന്നതും ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി എന്നീ വിഭാഗങ്ങളിലായിട്ടാണ് പ്രധാനമായും ചികിത്സാരീതികൾ പ്രചാരത്തിലുള്ളത്. പഞ്ചായത്തിൽ ഒരു ഗവ: ആയുർവ്വേദാശുപത്രിയും ഒരു ഹോമിയോ ഡിസ്പെൻസറിയും ഒരു ഫാമിലി ഹെൽത്ത് സെന്ററും പ്രവർത്തിക്കുന്നു. ഫാമിലി ഹെൽത്ത് സെന്ററിന്റെ കീഴിൽ സബ്സെന്ററുകളും പ്രവർത്തിച്ചു വരുന്നു.

അഴീക്കോട് ഗവ: ആയുർവ്വേദാശുപത്രി ജില്ലയിലെ മാതൃകാ ആശുപത്രിയാക്കി ഉയർത്തിയിരിക്കുന്നു. ഫിസിയോതെറാപ്പി ലാബ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. എൻ.ആർ.എച്ച്.എം. ആയുഷ് വഴി ലഭിച്ച ഫണ്ട് ഉപയോഗിച്ച് രണ്ട് ട്രീറ്റ്മെന്റ് റൂമുകൾ പുതുതായി പണിയുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഒരു മാതൃകാ ആശുപത്രിയായി ഉയർത്തുന്നതിനുള്ള എല്ലാവിധ സൗകര്യങ്ങൾ ഒരുക്കുന്നതിനും കഴിഞ്ഞു. രോഗികളുടെ തിരക്ക് നിയന്ത്രിക്കുന്നതിന് ടോക്കൺ സമ്പ്രദായം, മുലയൂട്ടുന്ന അമ്മമാർക്ക് അതിനുള്ള സൗകര്യം, ആവശ്യമുള്ള ടോയ്‌ലെറ്റ് സൗകര്യം എല്ലാം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് തന്നെ ആദ്യമായി നമ്മുടെ ആയുർവ്വേദാശുപത്രിയിൽ മാലിന്യ സംസ്കരണത്തിന് തുമ്പൂർ മുഴി മോഡൽ പദ്ധതി നടപ്പിലാക്കിയിട്ടുമുണ്ട്.

ഭാരതീയ ചികിത്സാവകുപ്പിന്റെ പ്രത്യേക പദ്ധതിയായ ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയും ഇപ്പോൾ ആയുർവ്വേദാശുപത്രിയിൽ പ്രവർത്തിക്കുന്നു. അതിന്റെ ഭാഗമായി ഒരു മെഡിക്കൽ ഓഫീസറും പുതുതായി ആശുപത്രിയിൽ ഉണ്ട്. പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും ഓരോ വർഷവും മരുന്ന് വാങ്ങുന്നതിന് തുക ഉപയോഗിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലുള്ളവരെ കൂടാതെ തൊട്ടടുത്തുള്ള പഞ്ചായത്തുകളിൽ നിന്നും മുൻസിപ്പൽ പ്രദേശത്ത് നിന്നും ധാരാളം രോഗികൾ ആശുപത്രിയിൽ ചികിത്സക്ക് എത്തുന്നു. ഓരോ വർഷവും 70,000ത്തോളം രോഗികളാണ് ചികിത്സ തേടി ആശുപത്രിയിൽ എത്തുന്നത്. 10,000ത്തോളം പുതിയ രോഗികളും ഓരോ വർഷവും ചികിത്സ തേടിയെത്തുന്നു.

ഗവ: ഹോമിയോ ഡിസ്പെൻസറി യിൽ യോഗ ഹാൾ പ്രവർത്തിച്ചുവരുന്നു. ഹോമിയോ ഡിസ്പെൻസറിയിലും 800ൽ കുറയാത്ത ആളുകൾ ഓരോ ദിവസവും ചികിത്സ തേടി എത്തുന്നു. എറിയാട് ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ആവശ്യമായ മരുന്നുകൾ എല്ലാ വർഷവും വാങ്ങി വിതരണം ചെയ്യുന്നു. ഹോമിയോ ഡിസ്പെൻസറിക്ക് അടിസ്ഥാന സൗകര്യത്തിന്റെ കാര്യത്തിൽ ഇനിയും ഒരുപാട് മുന്നേറാനുണ്ട്.

മാടവന ഫാമിലി ഹെൽത്ത് സെന്റർ ഇപ്പോൾ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള സ്ഥാപനമാണ്. തീരദേശ മേഖലയിലെ ജനങ്ങളുടെ ഏക പ്രാഥമികാരോഗ്യ കേന്ദ്രവും ഇത് തന്നെയാണ്. ഡോക്ടർമാരുടെ കുറവും, ജീവനക്കാരുടെ കുറവും ആശുപത്രി പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

ഗവ: ഹോമിയോ ഡിസ്പെൻസറി യിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കൊണ്ടുവന്ന് തീരദേശത്തെ ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ കൊടുക്കുന്ന നിലയിലേക്ക് ഉയർത്തുവാനും കഴിയണം.



## 10. കുടിവെള്ളം – ശുചിത്വം

മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിലൊന്നാണ് കുടിവെള്ളം. ശ്വസിക്കുന്ന വായുപോലെതന്നെ പ്രധാന മാണ് വെള്ളവും. ഓരോ കുടുംബത്തിനും കുടിവെള്ളം ലഭ്യമാക്കുക എന്നുള്ളത് നമ്മുടെ പ്രധാന കർത്തവ്യമായി ഏറ്റെടുക്കേണ്ടതാണ്.

കടൽ തീരത്തോടടുത്ത് കിടക്കുന്ന എറിയാട് ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം ഒരു പ്രധാന പ്രശ്ന മാണ്. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ഉപ്പ് വെള്ളമാണ്. അതുകൊണ്ട് വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനിലൂടെ ലഭിക്കുന്ന വെള്ളം മാത്രമാണ് ഏക ആശ്രയം. കുറച്ച് മാസങ്ങൾ മുമ്പ് വരെ മാസത്തിൽ രണ്ട് പ്രാവശ്യമാണ് കുടിവെള്ളം ലഭിച്ചിരുന്നത്. എന്നാൽ ഇപ്പോൾ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ കുടിവെള്ളം ലഭ്യമാകുന്നത് ആശ്വാസം തന്നെ. എന്നാൽ ബ്ലാങ്ങാ ചാൽ തോടിന് പടിഞ്ഞാറ് ഭാഗത്തുള്ള പ്രദേശങ്ങ ളിൽ ഇപ്പോഴും മുടക്കം കൂടാതെ വെള്ളം ലഭിക്കുന്നില്ല. വാട്ടർ അതോറിറ്റിയുടെ 30 പൊതുടാപ്പുകളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 100% ഗാർഹിക കുടിവെള്ളം നൽകുന്നതിലൂടെ കുടിവെള്ള പ്രശ്നത്തിന് പരി ഹാരമായിട്ടുണ്ട്.

പൈപ്പ് ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ അവ നീട്ടുന്നതിനായി 50 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച് പ്രവൃത്തി നടപ്പിലക്കി വരുന്നു. ജല സുഭിക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ എല്ലാ കിണറുകളും റീചാർജ്ജിംഗ് നടത്തിയിരുന്നു.

നമ്മുടെ പഞ്ചായത്തിന്റെ മാത്രമല്ല സംസ്ഥാനത്തെ തന്നെ ഒരു ഗുരുതരമായ പ്രശ്ന മാണ് ഖരമാലിന്യ നിർമ്മാർജ്ജനം. വരും കാലങ്ങ ളിൽ ഇത് ഗുരുതരമായ പരിസ്ഥിതിക പ്രശ്ന ങ്ങൾ ഉണ്ടാക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇത് പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ അടിയന്തിരമായി ചെയ്യേണ്ടിയിരിക്കു ന്നു.

ശുചിത്വത്തിന്റെ ഭാഗമായി ഓരോ വീടുക ളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. സർക്കാരിന്റെ നിലവിലുള്ള സബ്സിഡി വ്യവസ്ഥകൾ പലിച്ചുകൊണ്ട് ഈ പദ്ധതി നടപ്പാക്കാവുന്നതാണ്.

ഉപയോഗിക്കാതെ കിടക്കുന്ന ധാരാളം കിണറുകൾ ഈ പഞ്ചായത്തിലുണ്ട്. അവ യെല്ലാം ഉപയോഗ യോഗ്യമാക്കാനുള്ള നടപടി കൾ കൈകൊള്ളേണ്ടതാണ്.

ഹരിതകർമ്മ സേന വഴി പ്ലാസ്റ്റിക് മാലിന്യം വീടുകളിൽ നിന്നും കടകളിൽ നിന്നും ശേഖരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് തുക നൽകി ഗ്രാമപഞ്ചായത്ത് കൈമാറുക വഴി പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജനം ചെയ്യുന്നതിന് ഒരു പരിധി വരെ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.



## 11. വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം

വിദ്യാഭ്യാസം ഒരു സാമൂഹ്യ പ്രക്രിയയാണ്. കേവലം അറിവ് നൽകുക എന്ന പഴയ കാഴ്ചപ്പാടല്ല ഇന്ന് വിദ്യാഭ്യാസത്തിനുള്ളത്. സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന, പ്രതിബദ്ധതയുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്ന മഹത്തായ ലക്ഷ്യമാണ് ഇന്നുള്ളത്. വിദ്യാഭ്യാസ രംഗത്ത് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നാം വളരെ മുന്നിലാണ്. സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം എന്ന ഭരണഘടനാ വാഗ്ദാനം നാം നേടിക്കഴിഞ്ഞു. ഹയർ സെക്കന്ററി വരെയുള്ള വിദ്യാലയങ്ങൾ ഇന്ന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഉണ്ട്. പ്രൈമറി വിദ്യാലയങ്ങളിൽ വരെ കമ്പ്യൂട്ടർ സംവിധാനം വന്നെത്തി. ദൃശ്യ-ശ്രവ്യ സംവിധാനങ്ങൾ ഉപയോഗിച്ച് പഠന രീതികൾ തുടങ്ങിക്കഴിഞ്ഞു.

നമ്മുടെ സംസ്ഥാനത്തെ ഏത് പഞ്ചായത്ത് എടുത്താലും അവിടെ ഏറ്റവും കൂടുതലുള്ള സ്ഥാപനങ്ങൾ അംഗൻവാടികളും, വിദ്യാലയങ്ങളുമായിരിക്കും.

പഠനപ്രവർത്തനത്തോടൊപ്പം സമൂഹത്തിന്റെ ഗൗരവമായ ശ്രദ്ധ ആവശ്യമുള്ള നിരവധി പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടന്ന് വരുന്നു. എസ്.എസ്.എ. പദ്ധതിയുടെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങൾ, ഉച്ചഭക്ഷണ വിതരണം, പുസ്തക വിതരണം, സ്കോളർഷിപ്പുകളും, ധനസഹായങ്ങളും നൽകൽ, ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള പ്രത്യേക സൗകര്യം ഏർപ്പെടുത്തൽ തുടങ്ങിയവ. കലാ-കായിക രംഗത്തുള്ള പ്രതിഭകളെ കണ്ടെത്താനുള്ള വേദിയും വിദ്യാലയം തന്നെ. കലാ-കായിക പ്രതിഭകളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് ബദ്ധശ്രദ്ധമാണ്. അത് വഴി യുവജനക്ഷേമവും നടപ്പിൽ വരുത്താൻ കഴിയുന്നു.

എറിയാട് ഗ്രാമപഞ്ചായത്തിൽ ആകെ 12 വിദ്യാഭ്യാസ സ്ഥാപനങ്ങളാണുള്ളത്.

2 ഹൈസ്കൂളുകളും, 2 ഹയർ സെക്കന്ററി സ്കൂളും, ഒരു ഗവ : ഐ.ടി.ഐ. യും, ഒരു ഗവ : എൽ.പി. സ്കൂളും, ഒരു ഗവ : യു.പി. സ്കൂളും 3 എയ്ഡഡ് യു.പി. സ്കൂളും, 2 അൺ എയ്ഡഡ് യു.പി. സ്കൂളുകളും, ഒരു എയ്ഡഡ് ടീച്ചർ ട്രെയിനിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും ഉണ്ട്.

സംസ്ഥാന നിലവാരത്തിലുള്ള സയൻസ് & ടെക്നോളജി മ്യൂസിയത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രൊഫഷണൽ കോളേജുകളായ മറൈൻ എഞ്ചിനീയറിംഗ് കോളേജും, ഐ.എച്ച്.ആർ.ഡി. കോളേജും, ഗവ: ഐ.ടി.ഐ.യും പ്രവർത്തിച്ചുവരുന്നു. വിനോദ സഞ്ചാര മേഖലയിൽ അഴീക്കോട് മുനക്കൽ മുസ്രീസ് ബീച്ച് ശ്രദ്ധയാകർഷിക്കുന്ന മുന്നേറ്റമാണ് നടത്തികൊണ്ടിരിക്കുന്നത്. അഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതോടൊപ്പം മുനക്കൽ ബീച്ചിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള വിവിധ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓപ്പൺ ജിം സ്ഥാപിച്ചിട്ടുണ്ട്.

ഒരു പ്രദേശത്തിന്റെ സാംസ്കാരികപരമായ വളർച്ചയ്ക്ക് സഹായകരമായ വിധത്തിൽ വിദ്യാലയങ്ങളും സാംസ്കാരിക സ്ഥാപനങ്ങളും പ്രവർത്തിക്കണം. പ്രീപ്രൈമറി മുതൽ ഹയർ സെക്കന്ററി തലം വരെ പഠിക്കുന്നതിനുള്ള സൗകര്യം നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഗുണനിലവരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതാണ് നമ്മുടെ പ്രധാന ലക്ഷ്യം.

കേരളത്തിലെ വിദ്യാഭ്യാസ മേഖല സമഗ്രമായ മാറ്റത്തിന് സജ്ജമായിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" എന്ന സമഗ്ര വിദ്യാഭ്യാസ പരിഷ്ക്കരണ പരിപാടിയിൽ എല്ലാ വിഭാഗം ജനങ്ങളും കൈകോർക്കണം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തന്നെ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ കഴിയേണ്ടതാണ്.

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അഫലിയേഷനോടു കൂടി പ്രവർത്തിക്കുന്ന അഞ്ച് ഗ്രാമീണ ഗ്രന്ഥശാലകൾ ഉണ്ട്.

1) ഗ്രാമീണ വായനശാല, അഴീക്കോട്.
2) മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് മെമ്മോറിയൽ വായനശാല, എറിയാട്.
3) തിരുവള്ളൂർ തീയ്യറ്റേഴ്സ് & ലൈബ്രറി, മാടവന.
4) ഇ. എം. എസ്. സ്മാരക വായനശാല, അത്താണി.
5) ഭാവന ആർട്സ് ആന്റ് സ്പേർട്സ് ക്ലബ് ലൈബ്രറി, മാടവന.

ഇത് കൂടാതെ നിരവധി ആർട്സ് ആന്റ് സ്പേർട്സ് ക്ലബുകൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. ഇത്തരം വായനശാലകളുടെയും ക്ലബുകളുടെയും പ്രവർത്തനം നമ്മുടെ പ്രദേശത്തെ സാമൂഹ്യ സാംസ്കാരിക കായിക മേഖലക്ക് ഒരു മുതൽക്കൂട്ടാണ്.

നമ്മുടെ പഞ്ചായത്തിലെ ഗ്രന്ഥശാലകളിൽ രണ്ട് ഗ്രന്ഥശാലകൾക്ക് സൗകര്യപ്രദമായ കെട്ടിടത്തിന്റെ കുറവ് ഉണ്ട്. അത് പരിഹരിക്കുന്നതൊടൊപ്പം കാലഘട്ടത്തിനനുസരിച്ച് വായനശാലകളെ വിപുലപ്പെടുത്തുവാനും പദ്ധതികൾ ഉണ്ടായി വരണം. വായനശാലകളിൽ പുതിയ പുതിയ ആനുകാലിക പ്രസിദ്ധീകരണങ്ങൾ പുതിയ പുസ്തകങ്ങൾ യഥാസമയം വാങ്ങുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കണം. ഫർണീച്ചറിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനും വായനശാലകുടെ വാർഷികാഘോഷങ്ങൾ ജനകീയോത്സവങ്ങളാക്കുവാനും നമുക്ക് കഴിയണം.

സ്പേർട്സ് രംഗത്ത് മികച്ച നിലവാരം പുലർത്തുന്ന ഒരു പഞ്ചായത്താണ് നമ്മുടെത്. ഒട്ടേറെ ക്ലബുകളുടെ പ്രവർത്തനം അതിന് ഏറെ സഹായകരമായിട്ടുണ്ട്. സ്പേർട്സ് രംഗത്ത് മിടുക്കൻമാരായ കുട്ടികളെ കണ്ടെത്തുന്നതിനും അവർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനും ഗ്രൗണ്ടുകളുടെ കുറവ് എല്ലായ്പ്പോഴും ഒരു പ്രശ്നം തന്നെയാണ്. നമ്മുടെ സ്കൂളുകളോട് ചേർന്നുള്ള എല്ലാ ഗ്രൗണ്ടുകളും മെച്ചപ്പെട്ട നിലവാരത്തിലേക്ക് കൊണ്ടുവരുകയും അവിടെ പ്രാദേശികമായി പരിശീലനങ്ങൾ നൽകുന്നതിനും കഴിയണം.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ചുവട് പിടിച്ച് വിദ്യാലയങ്ങളിലും സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരുവാൻ കഴിയേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ എൽ.പി., യൂ.പി. ക്ലാസ് റൂമുകൾ സ്മാർട്ട് ക്ലാസ് റൂമുകളാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അധ്യാപകർക്ക് ലാപ്ടോപ്പുകളും, എ.സി. സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

അഴീക്കോട് ഗവ: യൂ.പി. സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള സുരക്ഷ ശാസ്ത്ര സാങ്കേതിക മ്യൂസിയം പഞ്ചായത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും ഒരു പോലെ ഉപയോഗിക്കാവുന്ന തരത്തിൽ മാറ്റണം. എറിയാട് കെ.വി.എൽ.പി.എസിൽ ശാസ്ത്രലാബ് സ്ഥാപിക്കുവാൻ കഴിയണം. നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഗണിത ശാസ്ത്ര സാമൂഹ്യ പഠനോപകരണങ്ങൾ നൽകി കുട്ടികളുടെ ശേഷി വർദ്ധിപ്പിക്കണം.



## തുടർ വിദ്യാകേന്ദ്രങ്ങൾ

എറിയാട് ഗ്രാമപഞ്ചായത്തിൽ 2008 ഡിസംബർ 15–ാം തിയ്യതി മുതൽ രണ്ട് തുടർ വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 1. ഹോമിയോ ഡിസ്പെൻസറി തുടർ വിദ്യാകേന്ദ്രം. 2. അഴീക്കോട് ഗ്രാമീണ വായനശാല തുടർ വിദ്യാകേന്ദ്രം. മേൽപറഞ്ഞ തുടർ വിദ്യാകേന്ദ്രങ്ങളിൽ രണ്ട് പേർ പ്രേരക് മാരായി പ്രവർത്തിക്കുന്നുണ്ട്.

## വിവിധ തുല്യതാ പരീക്ഷകളുടെ വിവരം

| നമ്പർ | തുടർ വിദ്യാകേന്ദ്രത്തിന്റെ പേര് | 7–ാം തരം പാസ്സായവർ | 10–ാം തരം പാസ്സായവർ | +1 പഠിക്കുന്നവർ |
|---|---|---|---|---|
| 1 | എം.എ.എൽ.സി. വായനശാല തുടർ വിദ്യാകേന്ദ്രം. | 23 | 125 | 72 |
| 2 | അഴീക്കോട് ഗ്രാമീണ വായനശാല തുടർ വിദ്യാകേന്ദ്രം | 23 | 125 | 70 |

രണ്ട് തുടർ വിദ്യാകേന്ദ്രങ്ങളും സംയുക്തമായി രണ്ട് തയ്യൽ പരിശീലനം നടത്തി, ഇതുവഴി 62 പേർ തയ്യൽ പഠിച്ചു.

തുടർവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിലൂടെ എറിയാട് ഗ്രാമപഞ്ചായത്തിലെ നിരവധി നിരക്ഷരരെ സാക്ഷരതരാക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.



# 12. പൊതുമരാമത്ത്
## (വൈദ്യുതിയും, ഊർജ്ജവും ഉൾപ്പെടെ)

ജനശക്തിയുടെ കൂട്ടായ്മയാണ് ഒരു നാടിന്റെ ശക്തി നിർണ്ണയിക്കുന്നത്. സംഘബോധത്തിന്റെ കരുത്തും നാടിന്റെ വികസനത്തിൽ റോഡുകളുടെ പങ്കും തിരിച്ചറിയാൻ കഴിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വികർ. നമ്മുടെ ഗ്രാമത്തിന്റെ വികസന പാത വെട്ടിത്തെളിക്കാൻ കരുത്തും ആവേശവും കാട്ടിയ, നാം തന്നെ വിസ്മരിക്കപ്പെട്ട ആ പഴയ നല്ല മനസുകളുടെ മുമ്പിൽ പ്രണാമം അർപ്പിച്ച്കൊണ്ട് മാത്രമേ എറിയാട് ഗ്രാമ പഞ്ചായത്തിന്റെ ഗതാഗത ചരിത്രത്തിലേക്ക് കടക്കാൻ കഴിയൂ.

നമ്മുടെ പഞ്ചായത്തിലെ പഴയകാല ചരിത്ര പശ്ചാത്തലമുള്ള ഒരു റോഡാണ് ടിപ്പുസുൽത്താൻ റോഡ്. പേര് സൂചിപ്പിക്കുന്നതുപോലെ ടിപ്പു സുൽത്താന്റെ പടയോട്ടക്കാത്തെ അനുസ്മരിപ്പിക്കുന്ന റോഡാണ്. കാല നിർണ്ണയം കണക്കാക്കാവുന്ന യഥാർത്ഥ രേഖകളൊന്നും കിട്ടിയിട്ടില്ല. എന്നാൽ എറിയാട് ഗ്രാമ പഞ്ചായത്തിൽ നിന്നും ഏത് ഭാഗത്തേക്കുമുള്ള മറ്റെല്ലാ റോഡുകളും വഴികളുമെല്ലാം തന്നെ ഒരു നിലയ്ക്കല്ലെങ്കിൽ മറ്റൊരു നിലയ്ക്ക് ഈ റോഡുമായി ബന്ധപ്പെട്ടു കിടക്കുന്നു.

കൊടുങ്ങല്ലൂർ മണ്ഡലത്തിന്റെ തെക്കു പടിഞ്ഞാറൻ മൂലയിലായി കിടക്കുന്ന എറിയാട് ഗ്രാമ പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിര് അറബിക്കടലും, തെക്ക് പുഴയും വടക്ക് എടവിലങ്ങ് ഗ്രാമ പഞ്ചായത്തും കിഴക്ക് മുനിസിപ്പാലിറ്റിയും. പഴമക്കാർക്ക് ജലഗതാഗതത്തിലൂന്നിയ ജീവിത രീതി ആയിരുന്നെങ്കിലും ഇന്ന് പ്രധാനമായും ജനങ്ങൾക്കാശ്രയം റോഡ് ഗതാഗതം തന്നെയാണ്. തൊട്ടടുത്ത പട്ടണമായ കൊടുങ്ങല്ലൂരുമായി ബന്ധപ്പെടുവാൻ പ്രധാനമായും 4 റോഡുകളാണ് ജനങ്ങൾ പ്രയോജനപ്പെടുത്തുന്നത്.

അഴീക്കോട് നിന്നും വടക്കോട്ട് പോകുന്ന ടിപ്പുസുൽത്താൻ റോഡാണ് പ്രധാന റോഡ്. 2011ൽ ടിപ്പുസുൽത്താൻ റോഡ് ആധുനിക രീതിയിലുള്ള ബിറ്റുമിൻ മെക്കംഡം ഉപയോഗിച്ച് റബ്ബറൈസ്ഡ് റോഡാക്കിമാറ്റി.

**1. അഴീക്കോട് – കൊടുങ്ങല്ലൂർ (ബ്ലോക്ക് റോഡ്) ആറര കിലോമീറ്റർ പി.ഡബ്ലിയൂ.ഡി**

അഴീക്കോട് മുതൽ വടക്കോട്ട് എറിയാട് ചന്തയിൽ നിന്നും കിഴക്കോട്ട് തിരിഞ്ഞ് പോകുന്ന ബ്ലോക്ക് റോഡ് പഞ്ചായത്തിൽ ആറര കിലോമീറ്റർ ഉണ്ട്. ടിപ്പു സുൽത്താൻ റോഡുമായി ബ്ലോക്ക് റോഡ് ഏതാണ്ട് 1932 കാലഘട്ടത്തിന് മുമ്പായി തന്നെ ജന പങ്കാളിത്തത്തോടെ നിർമ്മിക്കുകയും പിന്നീട് പി. ഡബ്ലിയു.ഡി. ഏറ്റെടുക്കുകയും ചെയ്തതാണ്.

കൊടുങ്ങല്ലൂർ–അഴീക്കോട് റൂട്ടിൽ ഏറ്റവും തിരക്കുകൂടിയ ഈ റോഡ് പ്രത്യേക ശ്രദ്ധ പതിപ്പി ക്കേണ്ട ഒന്നാണ്. കഴിഞ്ഞ അഞ്ച് വർഷത്തെ വാഹന ങ്ങളുടെ വർദ്ധനവിനനുസരിച്ച് റോഡിന്റെ വികാസ ത്തിന് ഒരു മാറ്റവും വന്നിട്ടില്ല. വീതി കുറവ്, യഥാകാ ലങ്ങളിൽ അറ്റ കുറ്റപ്പണികൾ നടത്തായ്ക, ഓടകൾ ഇല്ലായ്മ, വെയ്റ്റിംഗ് ഷെഡുകളുടെ പോരായ്മ എന്നീ പ്രശ്നങ്ങൾ ഗ്രാമ സഭകളിൽ പ്രധാനമായും ഉയർന്നു വന്നതണ്.

**2. ചേരമാൻ – തിരുവള്ളൂർ റോഡ്**
**(2 കി.മി. പഞ്ചായത്ത്)**

ടിപ്പു സുൽത്താൻ റോഡിൽ ചേരമാൻ ജംഗ്ഷ നിൽ നിന്ന് തുടങ്ങി കൊടുങ്ങല്ലൂർ എത്തുന്ന ഈ റോഡിന്റെ രണ്ടര കി.മി. ദൂരം പഞ്ചായത്ത് അതിർത്തി യിലാണ്. ഏതാണ്ട് 1970 കാലഘട്ടത്തിൽ ജനപങ്കാ ളിത്തത്തോടെ നിർമ്മിക്കപ്പെട്ട ഈറോഡ് ബ്ലോക്ക് റോഡിന്റെ തിരക്കു കുറയ്ക്കാനും അഴീക്കോട് – കൊടുങ്ങല്ലൂർ യാത്രകളുടെ ദൂരലാഭം കിട്ടാനും ഉപ കരിക്കുന്നു.

**3. പേബസാർ – പടാകുളം**
**(മൂന്നര കി.മി. പി.ഡബ്ലിയു.ഡി)**

കൊടുങ്ങല്ലൂർ മേഖലയിലെ ഒരു പ്രധാന ആരാ ധനാ ചടങ്ങായിരുന്ന ആറാട്ടുത്സവം കടന്ന് പോയി രുന്ന പഴയ കാലഘട്ടത്തിലെ ഒരു പൊതു റോഡായി രുന്നു ഇത്. ആറാട്ടുവഴി എന്ന് അറിയപ്പെട്ടിരുന്ന ഈ വഴി പഴയ മേപ്പിന്റെ മാതൃകയിൽ അല്ല ഇന്ന് കാണു ന്നത്. അതിന്റെ കുറച്ച് ഭാഗം (ടിപ്പുസുൽത്താൻ റോഡിൽ നിന്നും പടിഞ്ഞാട്ട് കുറച്ച് റോഡ്) മാത്ര മാണ് ഇന്ന് ആറാട്ടുവഴി എന്ന് അറിയപ്പെടുന്നത്.

വാഹന വർദ്ധനവിനനുസരിച്ച് വീതിയില്ലായ്മ വളരെ യധികം അപകടങ്ങൾ ഉണ്ടാക്കുന്ന സ്ഥിതിയിലാണ്.

**4. അഴീക്കോട് – അഞ്ചപ്പാലം റോഡ്**
**(1 കി.മീ. പി.ഡബ്ലിയൂ.ഡി)**

അഴീക്കോട് പുത്തൻ പള്ളി ഭാഗത്തു നിന്നും കിഴക്കോട്ട് കൊടുങ്ങല്ലൂരിലെത്താൻ ദൂരലാഭം കിട്ടുന്ന മറ്റൊരു റോഡാണ് ഇത്. എറിയാട് പഞ്ചാ യത്തിൽ 1 കി.മീ. ആണ് ഈ റോഡുള്ളത്. ബസ് സർവ്വീസുകൾ ഉള്ള ഈ റോഡിന്റെ സ്ഥിതിയും ശോചനീയമാണ്. യഥാകാലം അറ്റകുറ്റപ്പണി ചെയ്യു ന്നില്ല എന്നത് ഇവിടെയും പ്രശ്നം സൃഷ്ടിക്കുന്നു.

കൂടാതെ ബസ് സർവ്വീസുള്ള മറ്റൊരു റോഡാണ് പുത്തൻ പള്ളി ബീച്ച് റോഡ് (ഒന്നര കി.മി. പഞ്ചായത്ത്) തീര ദേശത്തെ സാധാരണക്കാർക്ക് വള രെയേറെ ഉപകാരപ്പെടുന്ന റോഡാണ് ഇത്.

ഈ 4 റോഡുകളേയും ബന്ധപ്പെടുത്തി ക്കൊണ്ടും അല്ലാതേയും വാർഡുകളെ തമ്മിൽ കൂട്ടി യോജിപ്പിക്കുന്ന മറ്റ് ലിങ്ക് റോഡുകളുണ്ടെങ്കിലും ഇനിയും വളരെയധികം റോഡുകളുടേയും വഴിക ളുടേയും ആവശ്യം പഞ്ചായത്തിലുണ്ടെന്ന് ഗ്രാമസഭ കളിൽ നിന്നും ഉയർന്ന് വന്ന ശക്തമായ ചർച്ചകളിൽ നിന്ന് വ്യക്തമാകുന്നു. തന്നെയുമല്ല ഇന്നുള്ള ഇത്തരം റോഡുകളിൽ മിക്കവാറും റോഡുകളിലും തകർച്ചയെ നേരിടുകയാണ്. കലുങ്കുകൾ ഇല്ലാ യ്മയും ഓടകളുടെ അഭാവവും ശ്രദ്ധ ആകർഷിക്കു ന്നു. അത്തരം കാര്യങ്ങൾ പ്രശ്നങ്ങൾ എന്ന ഭാഗ ത്തിൽ ചേർത്തിട്ടുണ്ട്.

എറിയാട് ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ മൊത്തം റോഡുകളുടെ നീളം 124.65 കി.മി. നീളവും 411 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുമുള്ള റോഡുകളാണ് ഉള്ളത്. ഇതിന് പുറമെ 11 കി.മി. പി.ഡബ്ലിയൂ.ഡി റോഡും ആണ് ഉള്ളത്.



## ജല ഗതാഗതം

റോഡുകളുടെ ആവിർഭാവത്തിന് മുമ്പ് നമ്മുടെ പൂർവ്വീകർ ഏതാണ്ട് 30–35 വർഷം മുമ്പ് വരെ ജലഗതാഗതം ഈ പഞ്ചായത്തിൽ വളരെ പ്രധാന്യത്തോടെ നടപ്പിലാക്കിയിരുന്നു. അഴീക്കോട് മുതൽ പെരിഞ്ഞനം വരെ നീണ്ടുകിടക്കുന്ന പെരും തോട് പ്രധാന ജല ഗതാഗത പാത തന്നെയായിരുന്നു. പഞ്ചായത്തിന് കുറുകെ ആറ് കിലോ മീറ്ററോളം നീണ്ടു കിടക്കുന്ന ഈ തോടി വ്യവസായ വാണിജ്യ നിർമ്മാണ രംഗങ്ങളിലെ ചരക്കുകൾ എത്തിക്കുന്നതിന് പ്രധാന പങ്കു വഹിച്ചിരുന്നു. ഇന്ന് ദേശീയ ജലപാതയായി അംഗീകരിക്കപ്പെട്ട പുഴകളുമായി ബന്ധപ്പെട്ട ഈ തോടുവഴി, ആലപ്പുഴ, കൊച്ചി, തൃശൂർ മുതലായ വാണിജ്യ പട്ടണങ്ങളിലേക്ക് ചരക്കുകൾ കൊണ്ടു പോയിരുന്നതായും കൊണ്ടു വന്നിരുന്നതായും പഴമക്കാർ പറയുന്നു. പെരും തോട്ടിൽ നിന്ന് കിഴക്കോട്ടും പടിഞ്ഞാറോട്ടും ഉണ്ടായിരുന്ന ചെറുതോടുകളും ജലഗതാഗതത്തിന് ഉപയോഗിച്ചിരുന്നെങ്കിലും കാലഷഴക്കത്താൽ പലതും മൂടപ്പെട്ട് പോയിരിക്കുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറ് തീര പ്രദേശ ഭാഗത്തുള്ള പൊയില് എന്ന് വിളിക്കപ്പെടുന്ന തോടിനും ഇതേ പ്രധാന്യം ഉണ്ടായിരുന്നു.

ഈ തോടുകളുകളുടെ ഇരുവശങ്ങൾ സ്വകാര്യ വ്യക്തികളുടെ കയ്യേറ്റവും മടൽ മൂടലും കൊണ്ട് നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതു കൊണ്ടു തന്നെ പൂർണ്ണമായ അർത്ഥത്തിൽ നമ്മുടെ പഞ്ചായത്തിൽ ഉൾനാടൻ ജലഗതാഗതം ഇല്ലാ എന്ന് തന്നെ പറയാം. സ്വകാര്യ വ്യക്തികളിൽ നിന്നും പിടിച്ചെടുത്ത് ഒപ്പം ജനപങ്കാളിത്തത്തോടെ ഈ രണ്ട് ജല മാർഗ്ഗങ്ങളും വികസിപ്പിച്ചെടുത്താൽ ഇന്ധനക്ഷാമം നേരിടുന്ന ഈ കാലഘട്ടത്തിൽ ചരക്ക് ഗതാഗതം ലാഭകരമായി നടത്താൻ കഴിയുന്നതോടൊപ്പം കൃഷി ആവശ്യത്തിനുള്ള ജലദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാനും പരിസരങ്ങളിലെ വെള്ളക്കെട്ടിന് പരിഹാരതം കാണാനും കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

### സ്കീമുകൾ (പദ്ധതികൾ)

പഞ്ചായത്തിലെ റോഡുകൾ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, തനത് ഫണ്ട്, എം.പി., എം.എൽ.എ. എന്നിവരുടെ പ്രദേശിക വികസന ഫണ്ട് എന്നിവ ഉപയോഗിച്ചാണ് നിർമ്മിക്കുന്നതും, അറ്റകുറ്റപണി ചെയ്യുന്നതും.

## പ്രശ്നങ്ങൾ

1. റോഡുകളുടെ വീതികുറവ്.
2. ഓടകളുടെ അഭാവം.
3. കൽവർട്ടുകളുടെ അഭാവം, നിലവിലുള്ള കൽവർട്ടുകളുടെ തകർച്ച.
4. നിലവിലുള്ള റോഡുകളുടെ അരികിലുള്ള കുളങ്ങൾക്കും, തോടുകൾക്കും സൈഡ് വാൾകൾ ഇല്ലായ്മ.
5. യാത്രക്കാർക്ക് ടോയ്ലറ്റ് ഇല്ലായ്മ.
6. തോടുകൾ ധാരാളമുള്ള തിരപ്രദേശം അടങ്ങിയ ഭാഗങ്ങൾ പൊതുവഴികൾക്ക് കുറുകെ കിടക്കുന്ന തോടുകൾക്ക് നടപ്പാലം ഇല്ലായ്മ.
7. വെയ്റ്റിംഗ് ഷെഡുകളുടെ അപര്യാപ്തത.
8. ജെട്ടി സൗകര്യം ഇല്ലായ്മ, ബസ്സ് സ്റ്റാന്റ് ഇല്ലായ്മ.
9. നിലവിലുള്ള ബസ്സ് സർവീസുകൾ നിയമാനുസൃത സമയങ്ങളിൽ നിഷ്ഠ പാലിക്കാതെയുള്ള ഓട്ടം.
10. ആധുനിക രീതിയിലുള്ള റോഡ് നിർമ്മാണത്തിന്റെ അപര്യാപ്തത.

## പരിഹാരങ്ങൾ

1. പി.ഡബ്ലിയു.ഡി.യും പഞ്ചായത്തും ഇടപെടേണ്ട റോഡുകൾ യാഥാകാലം റിപ്പയർ ചെയ്യുകയും ടാറിംഗ് നടത്തുകയും വേണം.
2. വാഹന വർദ്ധനവിനനുപാതികം ആയി റോഡുകൾക്ക് വീതികൂട്ടണം.
3. ഓടകളുടെ നിർമ്മാണം ഒരു പരിധിവരെ പൂർത്തീകരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. എങ്കിലും ചിലയിടങ്ങളിൽ ഓടകൾ ഇല്ലായ്മ എല്ലാ റോഡുകളേയും പെട്ടെന്ന് തകർച്ചയിലേക്ക് എത്തിക്കുന്നു. തീരദേശങ്ങൾ അടക്കമുള്ള പഞ്ചായത്തിൽ മഴക്കാലം ആയാൽ യാത്ര അസാധ്യം ആകുന്ന തരത്തിൽ എല്ലാ റോഡുകളും നാശത്തിൽ എത്തുന്നു. ശാസ്ത്രീയമായ രീതിയിൽ ഓടകൾ നിർമ്മിച്ച് വെള്ളം ഒഴിഞ്ഞുപോകാൻ സംവിധാനം ചെയ്താൽ റോഡുകളുടെ തകർച്ചയിൽ നിന്നും ഒരു പരിധിവരെ രക്ഷപ്പെടാൻ കഴിയും. റോഡുകളുടെ ഇരുഭാഗങ്ങളിലുണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുവാനും ഇത് സാധിക്കും. പഞ്ചായത്ത് നേതൃത്വം കൊടുത്താൽ ഓടകളുടെ നിർമ്മാണം ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ കഴിയും.
4. നിലവിലുള്ള സ്കീമുകൾ ഉപയോഗിച്ച് ആവശ്യമുള്ള കൽവർട്ടുകൾ പണിയുകയും ഉള്ളവ പുതുക്കി പണിയുകയും ചെയ്യേണ്ടതുണ്ട്.
   കുളങ്ങൾക്കും തോടുകൾക്കും സൈഡ് പ്രൊട്ടക്ഷൻ നിർമ്മിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.
5. ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പ്രധാന നിർദ്ദേശമാണ് പുതിയ റോഡുകളുടെ നിർമ്മാണം.
6. വിസ്തൃതിയേറിയ പഞ്ചായത്തിൽ പലഭാഗങ്ങളിലും ജനങ്ങൾ തിങ്ങി താമസിക്കുന്ന ഇടങ്ങളുണ്ട്. അത്തരം ഭാഗങ്ങളിലേക്ക് ചെറു റോഡുകൾ അത്യാവശ്യം തന്നെയാണ്. ജനകീയ കമ്മറ്റികൾ രൂപവൽക്കരിച്ച് ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയും.
7. ബസ്സ് സർവ്വീസുകൾ ധാരാളമുണ്ടെങ്കിലും പലഭാഗങ്ങളിലും വെയ്റ്റിങ്ങ് ഷെഡിന്റെ കുറവ് നിലനിൽക്കുന്നു ഇത് പരിഹരിക്കുന്നതിന് ബസ്സ് പാസഞ്ചേഴ്സ് അസോസിയേഷൻ അടക്കമുള്ളവരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ബസ്സ് സർവ്വീസുകൾ ധാരാളമുള്ള ഈ പഞ്ചായത്തിൽ വെയ്റ്റിങ്ങ് ഷെഡുകൾ സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ എന്നിവരുടെ കൂട്ടായ്മയുടെ ശ്രമഫലമായുള്ള താൽക്കാലിക വെയ്റ്റിങ്ങ് ഷഡുകളാണ് നിലവിലുള്ളത്. ആയത് എല്ലാ സൗകര്യങ്ങളോടും കൂടിയ ആധുനിക രിതിയിലുള്ള ബസ്സ് സ്റ്റോപ്പുകൾ നിർമ്മിക്കേണ്ടതുണ്ട്.

8. അഴീക്കോട് നിന്ന് തെക്കൻ ജില്ലയായ എറണാകുളം മുനമ്പത്തേക്ക് ആദ്യകാലങ്ങളിൽ ഫെറി സർവ്വീസ് മാത്രമാണ് ഉണ്ടായിരുന്നത്. 2010 കാലയളവോടുകൂടി അവിടെ ജങ്കാർ സർവ്വീസ് നടത്തുന്നുണ്ട്. എന്നാൽ ഇടക്കിടെയുള്ള ജങ്കാരിന്റെ സാങ്കേതിക തകരാർ ആ മേഖലയിലേക്കുള്ള യാത്രക്കാരെ വലിയരീതിയിൽ ബുദ്ധിമുട്ടിപ്പിക്കുന്നുണ്ട്. ആയതിന്റെ ശാശ്വത പരിഹാരത്തിനായി അഴീക്കോട്-മുനമ്പം കരകളെ ബന്ധിപ്പിക്കുന്ന പാലം നിർമ്മാണം പൂർത്തീകരിക്കുക.

വിനോദ സഞ്ചാരികളെ ഏറെ ആകർഷിക്കുന്ന അഴീക്കോട് മുനക്കൽ ബീച്ചിലേക്ക് കോട്ടപ്പുറം, ആലപ്പുഴ എന്നീ ടൂറിസ്റ്റ് മേഖലകളിലേക്ക് ജല ഗതാഗതം പുനസ്ഥാപിക്കുക.

അഴീക്കോട്-മുനമ്പം ഒരു ജങ്കാർ സർവ്വീസ് നടപ്പിലുണ്ടെങ്കിലും ആ ഭാഗത്തെ അഴീക്കോട് ജെട്ടി എന്നാണ് അറിയപ്പെടുന്നതെങ്കിലും സാങ്കേതിക അർത്ഥത്തിൽ ഒരു ജെട്ടി ഈ പഞ്ചായത്തിൽ ഇല്ല. വളരെയധികം ബോട്ട് തൊഴിലാളികൾ ഉള്ള ഈ പ്രദേശത്ത് ഫെറി സർവ്വീസ് അടുക്കുന്നതിനുള്ള ഒരു ലാന്റിംഗ് പോയിന്റ് മാത്രമാണ് ഉള്ളത്. ഫിഷിംഗ് ബോട്ടുകൾ അടുക്കുവാൻ സൗകര്യമുള്ള ജെട്ടി ഉണ്ടായാൽ മത്സ്യ വ്യവസായത്തിൽ ഒരു നുതന മുന്നേറ്റം തന്നെ ഈ പഞ്ചായത്തിൽ ഉണ്ടാക്കാൻ കഴിയും.



# വൈദ്യുതി, ഊർജ്ജം

എറിയാട് ഗ്രാമ പഞ്ചായത്തിലെ പ്രധാന ഊർജ്ജസ്രോതസ്സ് വിറകാണ്, പ്രകൃതിദത്തമായ പല ഊർജ്ജസ്രോതസ്സുകൾ ഉണ്ടെങ്കിലും അവയൊന്നും നാം പ്രയോജനപ്പെടുത്തിയിട്ടില്ല. പുറമേ നിന്നും കൊണ്ടുവരുന്ന വൈദ്യുതി, മണ്ണെണ്ണ, പാചകവാതകം, ഡീസൽ, പെട്രോൾ, എന്നിവയെയാണ് ആശ്രയിക്കുന്നത്. സൗരോർജത്തിന്റെ ഉപയോഗം ചില വീടുകളിൽ കാണുന്നുണ്ട്.

തെങ്ങുമായി ബന്ധപ്പെട്ടവിറകാണ് പ്രധാനമായും ഉപയോഗിക്കപ്പെടുന്നത്. കുറച്ചൊക്കെ പാഴ്മരങ്ങളും പുറമെ നിന്നും കൊണ്ടുവരുന്ന വിറകും ഉപയോഗിക്കുന്നുണ്ട്.

പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതം ഇവ പൂർണ്ണമായും പുറമെനിന്നും വരുന്നതാണ്. പഞ്ചായത്ത് പ്രദേശത്ത് 2 പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. 1980മുതലാണ് പഞ്ചായത്ത് പ്രദേശത്ത് പാചകവാതകം ഉപയോഗിക്കുവാൻ തുടങ്ങിയത്. ഇപ്പോൾ എല്ലാ വീടുകളിലും പാചകവാതകം ഉപയോഗിക്കുന്നു. ഭാരത് ഗ്യാസ്സിന്റെ ഒരു വിതരണകേന്ദ്രമാണ് പഞ്ചായത്ത് പ്രദേശത്തുള്ളത്. കൂടുതൽ പേരും കൊടുങ്ങല്ലൂർ മുൻസിപ്പൽ പ്രദേശത്ത് പ്രവർത്തിക്കുന്ന ഗ്യാസ്സ് ഏജൻസിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്.

**ബയോഗ്യാസ്സ് :-**

122 വീടുകളിൽ ബയോഗ്യാസ്സ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. 5668 വീടുകളിൽ പുകയേൽക്കാത്ത ഭക്ഷതയേറിയ അടുപ്പുകൾ ഉപയോഗിക്കുന്നു.

**വൈദ്യുതി :-**

1954 ൽ ആണ് നമ്മുടെ പ്രദേശത്ത് വൈദ്യുതി എത്തുന്നത്. ആ കാലഘട്ടത്തിൽ സമൂഹത്തിൽ മേൽക്കോയ്മ സ്ഥാപിച്ചിരുന്ന ജന്മി കുടുംബങ്ങളിലേക്കാണ് വൈദ്യുതി ലഭിച്ചിരുന്നത്. നമ്മുടെ പഞ്ചായത്തിൽ അയ്യാരിൽ കരിക്കുളം ഖാൻ സാഹിബിന്റെ വസതിയിലേക്കാണ് ആദ്യത്തെ കണക്ഷൻ ലഭിച്ചത്. കേരളസംസ്ഥാന രൂപികരണത്തിനു ശേഷം ഉണ്ടായ സാമൂഹിക മാറ്റങ്ങളുടെയും വികസന കാഴ്ച്ചപ്പാടുകളുടെയും ഭാഗമായി ഇന്ന് പഞ്ചായത്തിൽ മുഴുവൻ വീടുകളിലേക്കും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2017 മാർച്ച് 31 വരെ അപേക്ഷിച്ച മുഴുവൻ പേർക്കും വൈദ്യുതി നൽകികൊണ്ട് സമ്പൂർണ്ണ വൈദ്യുതികരണ പഞ്ചായത്തായി മാറാൻ നമുക്ക് കഴിഞ്ഞു. കേന്ദ്ര കേരള സർക്കാരിന്റെയും തൃതല പഞ്ചായത്തുകളുടെയും കെ.എസ്.സി.ബി യുടേയും ജീവനക്കാരുടെയും എല്ലാം കൂട്ടായ ശ്രമത്തിന്റെ ഫലമായാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്.

തുടർന്നും അവശത അനുഭവിക്കുന്നവർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

**കാർഷികം :-**

കാർഷിക മേഖലയിൽ 2040 പമ്പു സെറ്റുകൾ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്നവയാണ്. കുറഞ്ഞതോതിൽ ഡീസൽ, മണ്ണെണ്ണ എഞ്ചിനുകളും പ്രവർത്തിക്കുന്നു. കർഷകർക്ക് നിലനിൽക്കുന്ന സൗജന്യങ്ങൾ തുടർന്നും നൂലാമാലകൾ ഒഴിവാക്കി തുടരേണ്ടതാണ്.

**വാണിജ്യം :-**

2520 വാണിജ്യ സ്ഥാപനങ്ങളിൽ വൈദ്യുതി കണക്ഷനുണ്ട്. ഹോട്ടലുകളിൽ വിറകിനും ഗ്യാസിനും പുറമെ വൈദ്യുതിയും പാചക ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ട്. ഇന്റേണൽ ഡെക്കറേഷന് വേണ്ടിയും വൈദ്യുതി ഉപയോഗിക്കുന്നു. എൽ.ഇ.ഡി ബൾബുകളുടെ ഉപയോഗം ഈ രംഗത്ത് വൈദ്യുതിയുടെ ഉപഭോഗം നിയന്ത്രിക്കുന്നുണ്ട്.

**വ്യവസായം :-**

189 വ്യവസായങ്ങളാണ് വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്നത്. മിക്കവാറും എല്ലാം തന്നെ സ്വയം തൊഴിൽ എന്ന ഗണത്തിൽപെടുന്നവയാണ്. സർക്കാർ ഉടമസ്ഥയിലുള്ള സർക്കാർ ഉടമസ്ഥതയിലുള്ള ഫിഷ് മില്ല് പ്ലാന്റ് മത്സ്യ ഉൽപ്പാദന കേന്ദ്രവും പ്രവർത്തിക്കുന്നത് വൈദ്യുതിയിലാണ്. നാളികേര പ്രാധാനമായ നമ്മുടെ പ്രദേശത്ത് പ്രവർത്തിച്ചിരുന്ന വെളിച്ചെണ്ണമില്ലുകളും മടലടി മില്ലുകളും അന്യം നിന്നുപോയ നിലയിലാണ്. പഞ്ചായത്തിന്റെ ഏതുഭാഗത്തും വ്യവസായം തുടങ്ങുന്നതിന് വൈദ്യുതി ലഭ്യമാക്കാൻ കെ.എസ്.സി.ബി ക്ക് കഴിയുന്ന സ്ഥിതിയുണ്ട്.

**വഴിവിളക്കുകൾ :-**

പഞ്ചായത്ത് പ്രദേശത്ത് 5 ഹൈമാസ് ലൈറ്റുകൾ, 5 മിനി ഹൈമാസ് ലൈറ്റുകൾ അടക്കം 2202 വഴിവിളക്കുകൾ ഉണ്ട്. എല്ലാം തന്നെ മീറ്റർ ഘടിപ്പിച്ചവയാണ് ആയതിനാൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ വലിയ സംഖ്യ ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്ത് നേരിട്ടാണ് തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ നടത്തുന്നത്. ഒരു പരിധിവരെ പരാതികൾ പരിഹരിച്ച് പോകുന്നുണ്ട്. തെരുവ് വിളക്കുകൾ കത്തിക്കുന്നതും ഓഫ് ചെയ്യുന്നതിനും ഓട്ടോമാറ്റിക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൂർണ്ണമായിട്ടില്ല. പുതിയതായി വന്നിട്ടുള്ള പല റോഡുകളിലും തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. പരാമാവധി എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കാൻ ശ്രമിക്കണം.

**വൈദ്യുതി വിതരണ രംഗം :-**

| | |
|---|---|
| അഞ്ചങ്ങാടി | 33 കെ.വി സബ്സ്റ്റേഷൻ |
| മേത്തല | 33 കെ.വി സബ്സ്റ്റേഷൻ |
| കൊടുങ്ങല്ലൂർ | 66 കെ.വി സബ്സ്റ്റേഷൻ |

എന്നീ സബ്സ്റ്റേഷനുകളിൽ നിന്നും 48 കി.മീറ്റർ 11 കെ.വി ലൈനുകളിൾ നിർമ്മിച്ച് വിവിധസ്ഥലങ്ങളിലായി 80 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചാണ് വൈദ്യുതി വിതരണം നടത്തുന്നത്. പഞ്ചായത്ത് പ്രദേശത്താകെ 285 കെ.എം എൽ.ടി ലൈനുകൾ ഉണ്ട്. നടപ്പ് പദ്ധതികാലഘട്ടത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കെ.എസ്.ഇ.ബി തീവ്രശ്രമം നടത്തിയതിന്റെ ഭാഗമായി ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും വർദ്ധിച്ചുവരുന്ന ഉപഭോഗത്തിനനുസരിച്ച് ഇനിയും ഒട്ടനവധി കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

**പ്രശ്നങ്ങൾ :-**

1. വലപ്പാട് 110 കെ.വി സബ്സ്റ്റേഷനിൽ നിന്നും 30 കിലോമീറ്റർ ദൂരം തെങ്ങുകളുടേയും വൻമരങ്ങളുടെയും ഇടയിൽ കൂടി വലിച്ചിട്ടുള്ള 33 കെ.വി. ലൈനിൽ നിന്നാണ് അഞ്ചാങ്ങാടി, മേത്തല സബ്സ്റ്റേഷനുകൾ പ്രവർത്തിക്കുന്നത്. ഈ 30 കിലോമീറ്ററിൽ നിന്ന് ഇടയിലുണ്ടാകുന്ന തകരാറുകൾ ഏറ്റവും അറ്റത്തുകിടക്കുന്ന എറിയാട് പഞ്ചായത്തിൽ നിരന്തമായി വൈദ്യുതി തടസ്സങ്ങൾ സൃഷ്ടിക്കുന്നു.
2. വേണ്ടത്ര ക്ലിയറൻസ് ഇല്ലാതെ തെങ്ങുകളുടേയും വൃക്ഷങ്ങളുടേയും ഇടയിൽ കൂടി വലിച്ചിട്ടുള്ള 48 കിലോ മീറ്റർ 11 കെ.വി. ലൈനുകളിൽ ഓലപ്പട്ട വീണും മരകൊമ്പുകൾ വീണും വൈദ്യുതി തടസ്സം ഉണ്ടാകുന്നു.

3. സാമ്പത്തികമായി ശേഷിയുള്ളവർ വീടുകളിലും മറ്റും സ്ഥാപിച്ചിട്ടുള്ള എയർകണ്ടീഷണർ, കൂളർ എന്നിവ പ്രവർത്തിക്കുന്നതിന്റെ ഭാഗമായി വേനൽകാലത്ത് പ്രത്യേകിച്ചും വോൾട്ടേജ് കുറവ് അനുഭവപ്പെടുന്നുണ്ട്.

4. പഞ്ചായത്ത് പ്രദേശം മുഖ്യമായും എറിയാട് ഇലക്ട്രിക്കൽസെക്ഷനാഫീസ് പരിധിയിലാണെങ്കിലും, കൊടുങ്ങല്ലൂർ മുൽസിപാലിറ്റിയിൽ പ്രവർത്തിക്കുന്ന (ചാപ്പാറയിൽ) കൊടുങ്ങല്ലൂർ No. II ഓഫീസിന്റെയും മേത്തലയിൽ പ്രവർത്തിക്കുന്ന കൊടുങ്ങല്ലൂർ No. I ഓഫീസിന്റെയും പരിധിയിൽ കുറെ അധികം പ്രദേശങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. ഇത് ഉപഭോക്താക്കൾക്ക് പണം അടക്കുന്നതിനും അറ്റകുറ്റ പണികൾക്കും മറ്റും പ്രയാസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

5. പുതിയ റോഡുകൾ വന്നുട്ടുണ്ടെങ്കിലും പണ്ട് കാലങ്ങളിൽ വലിച്ചിട്ടുള്ള വൈദ്യുതി ലൈനുകൾ പലതും പറമ്പുകളിൽ കൂടി കിടക്കുന്നത് അപകടത്തിനും വൈദ്യുതി തടസ്സത്തിനും കാരണമാകുന്നു.

6. വൈദ്യുതി സംബന്ധിച്ച് ഉപഭോക്താക്കൾക്ക് ആവശ്യമായി മുന്നറിയപ്പുകൾ നൽകുന്നതിനും വൈദ്യുതി തകരാറുകൾ പരിഹരിച്ച് കിട്ടുന്നതിനും പണം അടക്കുന്നതിനും മറ്റെല്ലാ സംശയങ്ങളും ചോദിച്ചറിയുന്നതിനുമായി കെ.എസ്.ഇ.ബി ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സംവിധാനങ്ങൾ എല്ലാവർക്കും ഉപയോഗിക്കാൻ കഴിയുന്നില്ല.

7. പാരമ്പരേതരായ ഊർജ്ജ ശ്രോതസ്സുകൾ ഫലപ്രദമായി ഉപയോഗപ്പെടുന്നില്ല.

8. പ്രകൃതിക്ഷോഭം മൂലം കടലിനോട് ചേർന്നുള്ള പ്രദേശങ്ങളിലെ ലൈനുകൾ പൊട്ടിവീണും പോസ്റ്റുകൾ കടപുഴകിയും നിരവധി അപകടങ്ങൾ ഉണ്ടാവുന്നു.

9. ആഗോള താപനത്തിന്റെ ഭാഗമായി കേരളത്തിലും നമ്മുടെ നാട്ടിലും ചൂട് കൂടി വരുകയാണ്. ഇക്കാരണത്താൽ സാധാരണക്കാർ പോലും എയർകണ്ടീഷൻ ഉപയോഗിക്കുന്ന അവസ്ഥയിലാണ്. ഈ സാഹചര്യം മുതലാക്കി വിവിധ എയർകണ്ടീഷൻ നിർമ്മതാക്കൾ ഈ വർഷം കേരളത്തിൽ 3 ലക്ഷത്തിൽപരം എയർ വിറ്റഴിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കണക്കുകൾ നോക്കുമ്പോൾ അതിലധികം എയർകണ്ടീഷണർ വിറ്റഴിക്കപ്പെട്ടു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു എ.സിക്ക് 1000 വാട്ട് എന്ന രീതിയിൽ കണക്കാക്കിയാൽ തന്നെ 300 മെഗാവാട്ട് അധികം ഉപയോഗം വരുന്നത്. ഇതേ രീതിയിൽ ഓരോ വർഷം ഉപഭോഗം കൂടി വരുകയാണ്. ഇതിനനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ നമുക്ക് സാധിക്കുന്നില്ല. വൈദ്യുതിയുടെ വർദ്ധിച്ചുവരുന്ന ആവശ്യത്തിന നുസരിച്ച് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കും എന്ന് വികസന സെമിനാർ ചർച്ച ചെയ്യണം.

## സാധ്യതതകൾ

1. ഊർജ്ജം ലാഭിക്കാൻ കഴിയുന്ന എൽ.ഇ.ഡി. ബൾബുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കൽ

2. വിറക് ഉല്പ്പാദനത്തിനായുള്ള സാമൂഹ്യ വനവൽക്കരണം നടപ്പിലാക്കണം.

3. വൈദ്യുതി പ്രവാഹത്തെ തടസ്സപ്പെടുത്തുന്ന വൃക്ഷ ശിഖിരങ്ങൾ മുറിച്ച് മാറ്റുന്നതിന് കെ.എസ്.ഇ.ബി. യെ സഹായിക്കാൻ സന്നദ്ധ സംഘടനകളും യുവജന പ്രസ്ഥാനങ്ങളും മുന്നോട്ടുവരാൻ പ്രേരിപ്പിക്കണം.

4. സമഗ്ര ഊർജ്ജാസൂത്രണ പരിപാടി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കണം.

5. കടൽക്ഷോഭം അനുഭവിക്കപ്പെടുന്ന പ്രദേശങ്ങളിൽ കേബിൾ സംവിധാനത്തിലൂടെ വൈദ്യുതി വിതരണം നടത്തുന്നതിന് കഴിയണം.

6. വൈദ്യുതി തടസ്സങ്ങൾ ലഘൂകരിക്കുന്നതിനായി കൂടുതൽ പ്രശ്നങ്ങളുള്ള സ്ഥലങ്ങളിൽ ലൈനുകൾ മാറ്റി കേബിളുകൾ സ്ഥാപിക്കുന്നതിന് കഴിയണം. പുതിയതായി 11 കെ.വി. ലൈനുകൾ വലിയ്ക്കാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ 11 കെ.വി. കേബിൾ ഉപയോഗിച്ച് വലിച്ച് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ കഴിയണം.

7. എയർ കണ്ടീഷനുകളും ആധുനിക വൈദ്യുതി ഉപകരണങ്ങളും പ്രവർത്തിപ്പിക്കുന്ന എല്ലാവർക്കും സോളാർ പാനൽ നിർബന്ധമാക്കാൻ കഴിയണം.

8. പറമ്പുകളിൽ കൂടി പഴയ കാലങ്ങളിൽ വലിച്ചിട്ടുള്ള ലൈനുകൾ റോഡുകളിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള പ്രൊജക്റ്റുകൾ ഉണ്ടാകണം. അതോടൊപ്പം തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ കഴിയണം.

9. പാരമ്പര്യ ഊർജ്ജ സ്രോതസ്സായ കാറ്റ്, തിരമാല, സോളാർ എന്നിവ ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള സാധ്യതകൾ നമ്മുടെ പഞ്ചായത്ത് പ്രദേശത്തുണ്ട്. അത് പരമാവധി ഉപയോഗിക്കാൻ കഴിയുന്ന പ്രജക്റ്റുകൾക്ക് രൂപം നല്കണം.

1. മുനക്കൽ ബീച്ച് പരിസരത്ത് കാറ്റാടി യന്ത്രം നിർമ്മിക്കാനുള്ള സാധ്യത പരിശോധിക്കണം.
2. മുനയ്ക്കലിൽ തിരമാലയിൽ നിന്നും വൈദ്യുതി ഉണ്ടാക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം.
3. സോളാർ പാനലുകൾ സ്ഥാപിക്കാൻ തയ്യാറാകുന്നവർക്ക് ആവശ്യമായ സഹായങ്ങൾ നൽകണം.

13. പുതുതായി വന്നിട്ടുള്ള എല്ലാ റോഡുകളിലും എൽ.ഇ.ഡി. ബൾബുകൾ ഘടിപ്പിച്ചിട്ടുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

എറിയാട് പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങൾ ഇപ്പോൾ പുല്ലൂറ്റ് ചാപ്പാറയിൽ പ്രവർത്തിക്കുന്ന കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റിയിലെ ഇലക്ട്രിക്കൽ സെക്ഷൻ നമ്പർ 2ലും മേത്തലയിൽ പ്രവർത്തിക്കുന്ന സെക്ഷൻ 1ലും ആണ് ഉൾപ്പെട്ടിരിക്കുന്നു. ഈ പ്രദേശങ്ങൾ പൂർണ്ണമായും എറിയാട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ ഉൾപ്പെടുത്തണം. ഇപ്പോൾ എടവിലങ്ങ് പഞ്ചായത്തിന്റെ കൂടി പ്രദേശങ്ങൾ എറിയാട് ഇലക്ട്രിക്കൽ സെക്ഷനിലാണ് ഉൾപ്പെട്ടിരിക്കുന്നത്. എടവിലങ്ങ് പഞ്ചായത്തിന് തനതായി ഇല്ക്ട്രിസിറ്റി ആഫീസ് ആരംഭിച്ച് എറിയാട് ഓഫീസിന്റെ പ്രവർത്തനം ചിട്ടപ്പെടുത്തേണ്ടതാണ്.

15. പണി തുടങ്ങിവെച്ചിട്ടുള്ള കൊടുങ്ങല്ലൂർ 110 കെ.വി. സബ്സ്റ്റേഷന്റെ ഇപ്പോഴത്തെ സ്തംഭനാവസ്ഥ ഒഴിവാക്കി കഴിയുന്നതും വേഗത്തിൽ പണിപൂർത്തിയാക്കിയാൽ മാത്രമേ എറിയാട് പ്രദേശത്തെ വൈദ്യുതി തടസ്സങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയുകയുള്ളൂ. അതിനുള്ള ഇടപെടലുകൾ അടിയന്തിരമായി ഉണ്ടാകണം.

## പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.റ്റി. ട്രാൻസ്ഫോമറുകളുടെ പേരുകൾ

| സെക്ഷൻ നമ്പർ 1 | സെക്ഷൻ നമ്പർ 2 |
|---|---|
| 1. അത്താണി പി.എച്ച്.സി | 1. കുട്ടാകുളം |
| 2. അത്താണി സെന്റർ | 2. തിരുവള്ളൂർ |
| 3. അത്താണി ഒ.എസ്. | 3. ജനത |
| 4. അത്താണി നോർത്ത് | 4. അബ്ദുള്ള റോഡ് |
| 5. എ.1 | 5. യൂബസാർ |
| 6. ഐ.ടി.ഐ. | 6. അസ സ്ലോപ്പ് |
| 7. എം.ഐ.ടി. | |
| 8. ജാമിയ | |
| 9. കാട്ടാകുളം വെസ്റ്റ് | |
| 10. കാട്ടാകുളം ഈസ്റ്റ് | |

**എറിയാട് സെക്ഷൻ**

1. അറപ്പപ്പുറം
2. ആറാട്ടുവഴി
3. ബ്ലോക്ക്
4. ബി.എസ്.എൻ.എൽ
5. ചൈതന്യ
6. കോമു
7. ഡിസ്പൻസറി
8. എറിയാട് ബീച്ച്
9. ഗ്യാലക്സി
10. ജഡ്ജി നഗർ
11. കൊട്ടിക്കൽ സൗത്ത്
12. കൊട്ടിക്കൽ ടെംബിൾ
13. മാമൻ കവല
14. മണപ്പാട്ട് ചാൽ
15. മഞ്ഞളി
16. മഞ്ഞളി തട്ടുപള്ളി
17. മഞ്ഞളി വെസ്റ്റ്
18. പേബസാർ ബീച്ച്
19. പഞ്ചായത്ത്
20. പ്രിയദർശിനി

21. യൂബസാർ
22. അൽ അമീൻ
23. ആറാട്ടുവഴി
24. ചേരമാൻ
25. എറിയാട്
26. കെ.വി.എച്ച്.എസ്. വെസ്റ്റ്
27. കെ.വി.എച്ച്.എസ്. വെസ്റ്റ്
28. പി.എസ്. കവല
29. വൈദ്യർ ജംഗ്ഷൻ
30. ശാരദ സമാജം
31. അലങ്കാർ റോഡ്
32. ഗോകുൽ
33. ഹാച്ചറി
34. ഐഷ റോഡ്
35. കൽപ്പക
36. കപ്പൽബസാർ
37. കണ്ണരചാൽ
38. ലൈറ്റ് ഹൗസ് 1
39. ലൈറ്റ് ഹൗസ് 2
40. മരപ്പാലം
41. മാർത്തോമ
42. മാർത്തോമ സ്കൂൾ
43. മേനോൻ ബസാർ 2
44. മോഹൻ റോഡ് 1
45 പേബസാർ
46. പുത്തൻപള്ളി വെസ്റ്റ്
47. എസ്.എസ്.എം. ഈസ്റ്റ്
48. ടി.ആർ.പി. മുനക്കൽ
49. അയ്യപ്പ
50. അമീൻ ഐസ് പ്ലാന്റ്
51. ആശ്രയ
52. ഗ്രീൻവാലി
53. ഐസ് ബർഗ്ഗ്
54. ജെട്ടി
55. കരിക്കുളം
56. മേനോൻ ബസാർ 1
57. മുനയ്ക്കൽ
58. പടന്ന ഐസ് പ്ലാന്റ്
59. എസ്.എസ്.എം.
60. ത്രീസ്റ്റാർ
61. പുത്തൻ പള്ളി
62. പടന്ന
63. കെ.എം. ഫിഷറീസ്
64. സഫ പടന്ന

## അനുബന്ധം

### പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള വൈദ്യുതി കണക്ഷനുകളുടേയും തെരുവ് വിളക്കുകളുടേയും വിവരങ്ങൾ

### നിലവിലുള്ള ഉപഭോക്താക്കൾ

| ഇലക്ട്രിക്കൽ സെക്ഷൻ | എറിയാട് | കൊടുങ്ങല്ലൂർ നമ്പർ 1 | കൊടുങ്ങല്ലൂർ നമ്പർ 2 |
|---|---|---|---|
| ഗാർഹികം | 10992 | 1409 | 1002 |
| വ്യാപാരം | 2174 | 196 | 150 |
| വ്യവസായം | 143 | 23 | 23 |
| കാർഷികം | 1461 | 304 | 275 |
| തെങ്ങ് വിളക്ക് കണക്ഷൻ | 64 | 8 | 6 |
| ആകെ | 14834 | 1940 | 1456 |

### തെരുവ് വിളക്കുകൾ

| | |
|---|---|
| എൽ.ഇ.ഡി. | 570 |
| ഫ്ളോറസന്റ് പേപ്പർ ലാമ്പ് | 3 |
| ഹൈമാസ്റ്റ് | 6 |
| മിനിമാസ്റ്റ് | 5 |
| ആകെ | 584 |

## അദ്ധ്യായം - 2

# 14-ാം പഞ്ചവത്സര പദ്ധതി (2021-2026) വിലയിരുത്തലുകൾ

| വർഷം | ആകെ വരവ് | | | ആകെ ചെലവ് | | |
|---|---|---|---|---|---|---|
| | ഉൽപാദന മേഖല | സേവന മേഖല | പശ്ചാത്തല മേഖല | ഉൽപാദന മേഖല | സേവന മേഖല | പശ്ചാത്തല മേഖല |
| 2021-22 | 15895512 | 125091966 | 46155728 | 13415963 | 73110664 | 3842425 |
| 2022-23 | 19983773 | 115662118 | 36379595 | 11650662 | 69005574 | 17644877 |
| 2023-24 | 12404658 | 160173132 | 54695142 | 3321617 | 44208912 | 6937500 |
| 2024-25 | 20727946 | 160824301 | 111215549 | 14187413 | 97630144 | 40917533 |
| 2025-26 | 19823260 | 178340952 | 77723311 | 6486472 | 79569446 | 21516262 |

# അദ്ധ്യായം - 3

# പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

## 1. പൊതുഭരണവും ധനകാര്യവും

| | പ്രശ്നങ്ങൾ | ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ |
|---|---|---|
| 1. | ജീവനക്കാരുടെ അപര്യപ്തത | 1. പഞ്ചായത്തിലേയും ഘടകസ്ഥാപനങ്ങളിലേയും ജോലി ഭാരമനുസരിച്ച് ആവശ്യമായ ജീവനക്കാരെ സർക്കാർ തലത്തിൽ നിയമിക്കണം. |
| 2. | പഞ്ചായത്ത് ഓഫീസിലെ സ്ഥലപരിമിതി | 2. പഞ്ചായത്താഫീസിന് പുതിയ സ്ഥലം കണ്ടെത്തി ആധുനിക രീതിയിലുള്ള കെട്ടിടം നിർമ്മിക്കൽ. |
| 3. | സേവനങ്ങൾ ലഭ്യമാക്കാൻ കാലതാമസം | 3. ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക, ഘടക സ്ഥാപനങ്ങളെ ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്തൽ |
| 4. | നിയമങ്ങളെ സംബന്ധിച്ച് അവബോധമില്ലായ്മ | 4. നിരന്തരപരിശീലനം, പൗരാവകാശരേഖ, സേവനാവകാശ നിയമം എന്നിവ പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തുക. |
| 5. | പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടറുകളുടെ അറ്റകുറ്റപണി എ.എം.സി. മുതലായവയുടെ അഭാവം | 5. ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ മെയിന്റനൻസ്, പുതിയ ഉപകരണങ്ങൾ, ഫർണ്ണീച്ചർ എന്നിവ വാങ്ങുക |

## 2. കൃഷി (ഉൽപന്ന സംഭരണവും, സംസ്കരണവും, വിപണനവും ഉൾപ്പെടെ

| | | |
|---|---|---|
| 1. | ഭക്ഷ്യോൽപ്പാദനം/പച്ചക്കറി എന്നിവയിവയിൽ അപര്യാപ്തത | 1. പച്ചക്കറി വിത്തുകൾ സൗജന്യമായി വിതരണം ചെയ്യുക.<br>2. മട്ടുപ്പാവിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക<br>3. വീട്ടിൽ ഒരു അടുക്കളത്തോട്ടം പ്രോത്സാഹിപ്പിക്കുക |
| 2. | ജൈവവളത്തിന്റെ ലഭ്യതക്കുറവ് | 4. ജൈവവള നിർമ്മാണം പ്രോത്സാഹിപ്പിക്കുക<br>5. ജൈവവളം കർഷകർക്ക് സൗജന്യമായി /സബ്സിഡിയോടെ വിതരണം ചെയ്യുക |
| 3. | കിഴങ്ങുവർഗ്ഗ ഇനങ്ങളുടെ വിത്തുകളുടെ ലഭ്യതക്കുറവ് | 6. ചേന, ചേമ്പ് മുതലായ കിഴങ്ങുവർഗ വിളകളുടെ വ്യാപനം |
| 4. | ഇടവിളകൃഷികളുടെ അഭാവം | 7. ജാതി, കൊക്കൊ, കിഴങ്ങുവർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ, എന്നിവയുടെ കൃഷിക്ക് പ്രോത്സാഹനം, വിത്തുകൾ സൗജന്യമായി നൽകുക. |
| 5. | സസ്യസംരക്ഷണ പ്രവർത്തനങ്ങളുടെ അപര്യപ്തത | 8. സസ്യസംരക്ഷണത്തിനാവശ്യമായ ജൈവകീടനാശിനി, ഫിറമോൺ കെണി എന്നിവ നൽകൽ |
| 6. | ഉൽപ്പാദനക്ഷമതയില്ലാത്തതും രോഗം ബാധിച്ചവയുമായ തെങ്ങുകൾ | 9. പ്രായമായതും ഉൽപ്പാദനക്ഷമതയില്ലാത്തതും രോഗം ബാധിച്ചതുമായ തെങ്ങുകൾ സബ്സിഡിയോടെ വെട്ടിമാറ്റൽ |
| 7. | കാർഷിക ഉപകരണങ്ങളുടെ ലഭ്യതകുറവ് | 10. ആധുനിക കാർഷിക ഉപകരണങ്ങൾ വാങ്ങി കർഷകർക്ക് നൽകുക. |
| 8. | കാർഷിക ജോലിക്ക് തൊഴിലാളികളുടെ ലഭ്യതകുറവ് | 11. ഹരിത സേന രൂപീകരിക്കുക.<br>12. തരിശ് സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക. |
| 9. | തോട്, കുളം എന്നിവ വെട്ടാത്തത് മൂലം ജല ലഭ്യത കുറയുന്നു | 13. തൊഴിലുറപ്പ് പദ്ധതി വഴി പ്രവർത്തി ചെയ്യണം.<br>14. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |

## മത്സ്യബന്ധനം

| | പ്രശ്നങ്ങൾ | ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ |
|---|---|---|
| 1. | മത്സ്യബന്ധന ഉപകരണങ്ങളുടെ അഭാവം | മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വള്ളം, വല മറ്റു മത്സ്യബന്ധനോപകരണങ്ങൾ നൽകുക. |
| 3. | മത്സ്യത്തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷയുടെ അഭാവം | മത്സ്യത്തൊഴിലാളികളുടെ ജീവനും മത്സ്യബന്ധന ഉപകരണങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ സർക്കാർ തലത്തിൽ നടപ്പാക്കുക. |
| 4. | തൊഴിലില്ലായ്മ | മത്സ്യബന്ധനത്തിനേർപ്പെടാത്ത സമയങ്ങളിൽ ആവശ്യമായ അനുബന്ധ തൊഴിലിനുള്ള സൗകര്യം ഏർപ്പെടുത്തുക. |

## 3. മൃഗസംരക്ഷണവും ക്ഷീരവികസനവും

| | | |
|---|---|---|
| 1. | പാൽ ഉൽപ്പാദനത്തിലെ അപര്യാപര്യപ്തത ഉൽപ്പാദകരുടെ കുറവ് | 1. വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.,സബ്സിഡികൾ അനുവദിക്കൽ.<br>2. പാലിനു താങ്ങുവില നൽകൽ.<br>3. യുവാക്കൾ, പ്രവാസികൾ എന്നിവർക്ക് പ്രോത്സാഹനം നൽകുക.<br>4. ശാസ്ത്രീയമായ തൊഴുത്ത് നിർമ്മാണത്തിനും ആധുനികവൽക്കരണത്തിനും ധനസഹായം നൽകുക, കറവയന്ത്രങ്ങൾക്ക് ധനസഹായം നൽകുക.<br>5. തീറ്റപ്പുൽ കൃഷിക്ക് സബ്സിഡി, കാലിതീറ്റക്ക് സബ്സിഡി, കർഷകർക്ക് ബോധവൽക്കരണ പരിപാടികൾ. |
| 2. | മാംസോൽപ്പാദനത്തിലെ അപര്യാപ്തത ഉൽപ്പാദകരുടെ കുറവ് ഉൽപ്പാദിപ്പിക്കുന്ന ഉരുക്കളുടെ എണ്ണക്കുറവ് | 6. വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കൽ<br>7. ആട് പോത്തിൻക്കുട്ടി, കോഴി, കാളക്കുട്ടി, മുയൽ, താറാവ് എന്നിവ വളർത്തുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുക |
| 3. | അശാസ്ത്രീയമായ അറവ്, മാംസസംസ്കരണ പരിപാടികൾ | 8. പരിശോധനകൾ കർശനമാക്കൽ, ലൈസൻസിങ്ങ് ഏർപ്പെടുത്തൽ<br>9. നല്ലയിനം മുട്ടക്കോഴികളെയും താറാവുകളെയും ലഭ്യമാക്കുക, കോഴിതീറ്റ സബ്സിഡി നിരക്കിൽ നൽകുക. |

## 4. പ്രാദേശിക സാമ്പത്തിക വികസനം സഹകരണം മുതലായവ

**(ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ)**

| | | |
|---|---|---|
| 1. | സംരംഭങ്ങൾക്ക് ഫണ്ടിന്റെ കുറവ് സംരംഭകർക്ക് ബാങ്കിൽ കുടിശ്ശിക | 1. അനുയോജ്യമായ സംരംഭങ്ങൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് സബ്സിഡി നൽകൽ. |
| 2. | ധനകാര്യ സ്ഥാപനങ്ങളുടെ നിസ്സഹകരണം | 2. ധനകാര്യ സ്ഥാപനങ്ങളെ വായ്പ അനുവദിക്കുന്നതിന് നിഷ്കർഷിക്കുക |
| 3. | ലൈസൻസിങ്ങ് ഏകോപനമില്ലായ്മ യൂണിറ്റുകൾ തുടങ്ങുമ്പോൾ പരിസര വാസികളുടെ എതിർപ്പ് | 3. ലൈസൻസിങ്ങിന് സർക്കാർ തലത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുക.<br>4. കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സംരംഭങ്ങൾ ആരംഭിക്കുക. |
| 4. | പരിശീലനങ്ങളുടെ അഭാവം | 5. സംരംഭകർക്ക് പരിശീലനം ഏർപ്പെടുത്തുക. |

## 5. ദാരിദ്ര്യലഘൂകരണം

| | പ്രശ്നങ്ങൾ | ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങൽ |
|---|---|---|
| 1. | തൊഴിലില്ലായ്മ | 1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് തൊഴിൽദാന പദ്ധതികളിൽ ഉൾപ്പെടുത്തി തൊഴിൽ നൽകുക, തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കുക. |
| 2. | ശുദ്ധജലത്തിന്റെ അഭാവം | 2 . പുതിയ കിണറുകൾ നിർമ്മിക്കുവാൻ ധനസഹായം നൽകുക |

## 6. സാമൂഹ്യനീതി (ഭിന്ന ശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ഭിന്നലിംഗ വിഭാഗം മുതലായവ)

| | | |
|---|---|---|
| 1. | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങളുടെ ലഭ്യത കുറവ് | 1. ഭിന്നശേഷിയുള്ളവർക്ക് ഗുണമേന്മയുള്ള ഉപകരണങ്ങൾ നൽകുക. |
| 2. | കുട്ടികളുടെ വ്യക്തിത്വ വികസനവുമായി ഉണ്ടാകുന്ന പ്രശ്നങ്ങൾ | 2. ബാലപഞ്ചായത്ത് രൂപീകരിക്കുക |
| 3. | വീടുകളിൽ വയോജനങ്ങളുടെ ഒറ്റപ്പെടൽ | 3. പകൽ വീടുകളുടെ ആവിഷ്കരണം |
| 4. | അംഗണവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ല. | 4. അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കൽ |

## 7. വനിതാവികസനം

| | | |
|---|---|---|
| 1. | തൊഴിലില്ലായ്മ | 1. ഗ്രൂപ്പ് അടിസ്ഥാനത്തിൽ തൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തൽ |
| 2. | സ്ത്രീകൾക്ക് സുരക്ഷിതത്വമില്ലായ്മ | 2. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നടപടികൾ സ്വീകരിക്കുക |
| 4. | സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് അറിവില്ലായ്മ | 4. ജാഗ്രതാസമിതി കാര്യക്ഷമമാക്കൽ, നിയമ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കൽ |

## 8. പട്ടികജാതി വികസനം/പട്ടിക വർഗ വികസനം.

| | | |
|---|---|---|
| 1) | 1. തൊഴിലില്ലായ്മ<br>2. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സാങ്കേതിക വിദ്യാഭ്യാസം, മൂലധനം എന്നിവയിലെ അപര്യാപ്തത<br>3. ഭൂരഹിതർ/ഭവനരഹിതർ ഭൂമിയുടെ ലഭ്യതക്കുറവും, ഭൂമിയുടെ വില വർധനയും. | 1. സർക്കാർ തലത്തിൽ സാങ്കേതിക വിദ്യാഭ്യാസവും മൂലധനവും ലഭ്യമാക്കി തൊഴിൽ സംരംഭങ്ങൾ തുടങ്ങുക.<br>2. ഭൂരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് സർക്കാർ തലത്തിൽ ഭൂമി ലഭ്യമാക്കുക.<br>3. വീടില്ലാത്തവർക്ക് വീട്,/ഫ്ളാറ്റുകൾ നിർമ്മിച്ച് പുനരദ്ധിവസിപ്പിക്കുക. |
| 3) | കലാ സാംസ്കാരിക ഉന്നമനം | 4. കലാ സാംസ്കാരിക കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക./ തൊഴിലിനായി ഗ്രൂപ്പടിസ്ഥാനത്തിൽ കലാകാരന്മാർക്ക് പരിശീലനം നൽകി വാദ്യോപകരണങ്ങൾ നൽകുക. |
| 4) | വൃദ്ധജനങ്ങളുടെ സംരക്ഷണം, പെൺകുട്ടികളുടെ വിവാഹം | 5. വൃദ്ധജനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകുക.<br>6. സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള പെൺ കുട്ടികളുടെ വിവാഹത്തിന് ധന സഹായം നൽകുക. |

## 9. ആരോഗ്യം

| | പ്രശ്നങ്ങൾ | ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ |
|---|---|---|
| 1) | ജീവനക്കാരുടെ കുറവ്ആധുനിക സൗകര്യങ്ങളുടെ അഭാവം | 1. ഹോമിയോ, ആയുർവ്വേദാശുപത്രികളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി മാതൃകാശുപത്രിയായി ഉയർത്തുക.<br>2. ഹോമിയോ, ആയുർവ്വേദാശുപത്രികളിൽ ആവശ്യമായ ജീവനക്കാരെ സർക്കാർ ഇടപ്പെട്ട് നിയമിപ്പിക്കുക.ക. |
| 2) | സബ്സെന്ററുകളുടെ കുറവ് | 3. സബ്സെന്ററില്ലാത്ത ഭാഗങ്ങളിൽ പുതിയ സബ്സെന്ററുകൾ സ്ഥാപിക്കുക. |
| 3) | പാലിയേറ്റീവ് കെയർ | 4. പാലിയേറ്റീവ് രോഗികൾക്ക് ആവശ്യമായ വാട്ടർ ബെഡ്, എയർ ബെഡ്, വേദന സംഹാരികൾ, എന്നിവ നൽകൽ ഓക്സിജൻ സിലണ്ടർ ലഭ്യമാക്കൽ |

## 10. കുടിവെള്ളം, ശുചിത്വം

| | | |
|---|---|---|
| 1) | വേനൽക്കാലത്ത് കുടിവെള്ളത്തിന്റെ ലഭ്യതക്കുറവ് | 1. എല്ലാവർക്കും എല്ലാ കാലത്തും ശുദ്ധ ജലം എത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. |
| 3) | പൊതുകിണറുകളിലെയും പൊതുകുളങ്ങളിലെയും വെള്ളം മലിനമാകുന്നു. | 3. കുടിവെള്ള സ്രോതസുകൾ കാലാകാലങ്ങളിൽ ശുചീകരിക്കുക, പൊതുകിണറുകൾ, പൊതുകുളങ്ങൾ എന്നിവ ശുചിയാക്കുക. |
| 4) | കിണറുകളിൽ ശുദ്ധജലത്തിന്റെ ലഭ്യതക്കുറവ്, ഗുണമേന്മകുറവ് | 4. പഞ്ചായത്തിലെ എല്ലാ വീടുകളിലെയും കിണറുകൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ റീച്ചാർജിംഗ് നടത്തുക. |
| 5) | പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ | 5. പൊതുസ്ഥലത്ത് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് കർഷനമായി നിരോധിക്കുക |

## 11. വിദ്യാഭ്യാസം, കലയും സംസ്കാരികവും, യുവജനകാര്യം

| | | |
|---|---|---|
| 1) | വായനശാലകളിൽ പുതിയ പുസ്തകങ്ങൾ, ആനുകാലികങ്ങൾ എന്നിവയുടെ അഭാവം | 1. പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പുസ്തകങ്ങളും ആനുകാലികങ്ങളും ഫർണീച്ചർ, കമ്പ്യൂട്ടർ എന്നിവ നൽകുക. |
| 2) | കളിസ്ഥലങ്ങളുടെ അഭാവം | 2. പഞ്ചായത്തിന്റെ അധീനതയിലുള്ള ജി.യു.പി.എസ്, കെ.വി.എച്ച്.എസ്, ജി.എൽ.പി.എസ്. സ്കൂൾ ഗ്രൗണ്ടുകൾ വികസിപ്പിക്കണം, പ്രാദേശിക കളിസ്ഥലങ്ങൾ കണ്ടെത്തണം |
| 3) | കലാകായിക പരിശീലനത്തിന്റെ അഭാവം | 3. കുട്ടികൾക്കും യുവതീയുവാക്കൾക്ക് കലാകായിക പരിശീലനം നൽകുക |
| 4) | വിദ്യാഭ്യാസ ഗുണനിലവാരമില്ലായ്മ | |

## 12. പൊതുമരാമത്ത് (വൈദ്യുതിയും ഊർജവും ഉൾപ്പെടെ)

| | പ്രശ്നങ്ങൾ | ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ |
|---|---|---|
| 1) | റോഡുകളുടെ വികസനമില്ലായ്മ | 1. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഭാഗത്ത് പുതിയ റോഡുകളുടെ നിർമ്മാണം. |
| 2) | ഓടകളുടെ അഭാവം. | 2. മഴവെള്ളം സുഗമമായി ഒഴുകിപ്പോകുന്നതിന് ആവശ്യമായ ഓടകൾ നിർമ്മിക്കുക. |
| 3) | പാലങ്ങൾ, കൽവെർട്ടുകൾ എന്നിവയുടെ അഭാവം | 3. ആവശ്യമായ സ്ഥലങ്ങളിൽ പാലങ്ങൾ കൽവെർട്ട് എന്നിവ നിർമ്മിക്കുക. |
| 4) | റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കൽ | 4. കൂടുതൽ ജനങ്ങൾ സഞ്ചരിക്കുന്ന റോഡുകൾ റബറൈസ് ചെയ്ത് ഗുണമേന്മയുള്ളവയാക്കുക. |
| 5) | റോഡുകളിലെ ശുചിത്വമില്ലായ്മ | 5. റോഡുകളും കവലകളും പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ ശുചീകരിക്കുക, ജനങ്ങളെ ബോധവൽക്കരിക്കുക. |

**ഊർജം**

| | | |
|---|---|---|
| 1) | പാരമ്പര്യേതര ഊർജ ഉപകരണങ്ങളുടെ അഭാവം | 1. പഞ്ചായത്തോഫീസിലും ഘടക സ്ഥാപനങ്ങളിലും സോളാർ സെറ്റ് സ്ഥാപിച്ച് ഊർജ സംരക്ഷണം നടത്തുക. |

## അദ്ധ്യായം - 4

# വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

ജനങ്ങളുടെ ജീവിത നിലവാരത്തിൽ ഉണ്ടാകുന്ന പടിപടിയായ പുരോഗതിയാണ് രാഷ്ട്രത്തിന്റെ വികസനം കൊണ്ട് ഉദ്ദേശിക്കുന്നത്. സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനോടൊപ്പം സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണം ഉറപ്പാക്കുക എന്നതും വികസനത്തിന്റെ ഭാഗമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിലേക്കായി പല തട്ടുകളായാണ് ആസൂത്രണ പ്രക്രിയ നടക്കുന്നത്. കേന്ദ്ര ആസൂത്രണ കമ്മീഷന്റെ മാർഗ നിർദേശങ്ങൾക്കനുസൃതമായി സംസ്ഥാന പദ്ധതികൾക്കും, സംസ്ഥാന പദ്ധതിയുടെ വികസന മുൻഗണനകൾക്ക് വിധേയമായി താഴേ തട്ടിലും പരസ്പര പൂരകമാവും വിധം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതത് ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിന് അനിവാര്യമാണ്.

ഗ്രാമപഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ടുകൊണ്ട് സമസ്ഥ മേഖലകളിലും സമഞ്ജസമായ വികസനം അതാണ് ഭരണ സമിതി ലക്ഷ്യം വക്കുന്നത്. കക്ഷി രാഷ്ട്രീയത്തിനതീതമായി നാടിന്റെ വികസനവും നാട്ടുകാരുടെ ക്ഷേമവും ഉറപ്പാക്കുന്ന സമഗ്ര പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നത് തന്നെയാണീ ഭരണ സമിതിയുടെ കാഴ്ചപ്പാട്. അതിനനുസൃതമായ വികസന തന്ത്രമാണ് പഞ്ചായത്ത് ആവിഷ്കരി ച്ചിരിക്കുന്നത്.

കേരള സർക്കാരിന്റെ വികസനത്തിന് ഒരു പുതു അദ്ധ്യായമാണ് നവകേരള മിഷൻ. കേരള വികസന മാതൃകയുടെ രണ്ടാം തലമുറ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമമാണ് നവകേരളാ മിഷൻ. നാല് മിഷനുകളും (ആർദ്രം, ലൈഫ്, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരളം) മൂന്ന് ഉപ മിഷനുകളും (കൃഷി, ജലം, ശുചിത്വം) എന്നിവയിലൂടെ കേരളത്തിന്റെ രണ്ടാം തലമുറ പ്രശ്നങ്ങൾ പരിഹരിക്കാനാണ് പഞ്ചായത്തും ലക്ഷ്യമിടുന്നത്. മേൽപ്പറഞ്ഞ മിഷനുകൾ സാക്ഷാൽക്കരിക്കുന്നത് ജനപങ്കാളിത്തതോടെയാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണത്തിലൂടെ നടപ്പാക്കുവാനാണ് പഞ്ചായത്ത് വിഭാവനം ചെയ്യുന്നത്. ഫലപ്രദമായ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ആസൂത്രണത്തിന്റെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനാണ് ജനകീയാസൂത്രണം. ജനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും വിദഗ്ദരുടെയും ക്രിയാത്മകമായ പങ്കാളിത്തത്തോടെ മാത്രമേ ആസൂത്രണത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തുവാനാകൂ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യവും വിവിധ വകുപ്പുകളുടെ സമന്വയവുമാണ് പതിമൂന്നാം പദ്ധതിയിലെ ജനകീയാസൂത്രണത്തിന്റെ മുഖമുദ്ര.

പദ്ധതി വിഹിതത്തിന്റെ 30% ഉൽപാദന മേഖലയിലും 40% സേവന മേഖലയിലും 30% പശ്ചാത്തല മേഖലയിലും നീക്കിവച്ചുകൊണ്ടുള്ള ഒരു വികസന നയസമീപനത്തിനാണ് പഞ്ചായത്ത് രൂപം കൊടുത്തിട്ടുള്ളത്. കൂടാതെ വനിതാ വികസനത്തിന് മൊത്തം പദ്ധതി അടങ്കലിന്റെ 10% തുകയും, വൃദ്ധന്മാർക്കും അംഗപരിമിതർക്ക് 5% തുകയും നീക്കിവച്ചിട്ടുണ്ട്.

കാർഷിക മേഖലയിൽ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കാനുതകുന്ന പ്രോജക്ടുകൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്.

കൃഷി അനുബന്ധ മേഖലകളിൽ തെങ്ങ് കൃഷി വികസനവും വിവിധയിനം പച്ചക്കറികളുടെ വ്യാപനത്തിനുമാണ് ഊന്നൽ നൽകിയിട്ടുള്ളത്. ജൈവ-രാസ വളങ്ങളുടെ വർദ്ധിച്ച വിലയും, കീടരോഗ ബാധകളും, തൊഴിലാളികളുടെയും കാർഷികോപകരണങ്ങളുടെ ലഭ്യതക്കുറവും, കാർഷികോൽപ്പന്നങ്ങളുടെ വില തകർച്ചയും ഈ മേഖലയിലെ പ്രധാന വെല്ലുവിളികളാണ്. ഉൽപാദന ചെലവനുസരിച്ച് വില ലഭിക്കുന്നില്ലെന്ന പ്രശ്നം ഇപ്പോഴും നിലനിൽക്കുന്നു. പഞ്ചായത്തിലെ പ്രധാന നാണ്യവിളയായ നാളികേരോൽപാദനം ഗണ്യമായി കുറഞ്ഞുവരുന്നു. തെങ്ങുകളെ ബാധിച്ച മണ്ഡരി, കാറ്റുവീഴ്ച മുതലായ രോഗങ്ങളും നാളികേരത്തിന്റെ എണ്ണത്തിലും ഗുണത്തിലും കുറവ് വരുവാൻ കാരണമായിട്ടുണ്ട്.

മൃഗസംരക്ഷണ മേഖലയിൽ സങ്കരയിനം പശുക്കളുടെ വ്യാപനക്കുറവ് പാലിന്റെ ഉൽപാദനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. കാലിത്തീറ്റയുടെ വില വർദ്ധനയും, ദൗർലഭ്യവും ഈ മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പാലിന്റെ വർദ്ധിച്ച ഉപഭോഗം കണക്കിലെടുത്ത് പശു, എരുമ, ആട് എന്നിവയേയും കോഴി, താറാവ് എന്നിവയെ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ ധാരാളം തൊഴിലവസരങ്ങളും അതുവഴി കൂടുതൽ സാമ്പത്തിക നേട്ടവും കൈവരിക്കുവാൻ സാധിക്കും.

മത്സ്യബന്ധന മേഖല പരമ്പരാഗതമായി അനവധി കുടുംബങ്ങളുടെ വരുമാന മാർഗവും തൊഴിൽ മേഖലയുമാണ്. പഞ്ചായത്തിന്റെ തീരപ്രദേശത്ത് അനവധി കുടുംബങ്ങൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടു ജീവിക്കുന്നു. അശാസ്ത്രീയമായ മത്സ്യബന്ധന രീതികളും പരിസ്ഥിതി പ്രശ്നങ്ങളും മത്സ്യമേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ശേഖരിക്കുന്ന മത്സ്യം സംസ്കരിച്ച് മാർക്കറ്റിലെത്തിക്കുവാനും നാനാതരം മത്സ്യ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിൽക്കുവാനും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. മത്സ്യബന്ധനത്തിൽ ഏർപ്പെടാത്ത സന്ദർഭങ്ങളിൽ മറ്റ് ഉപ തൊഴിലുകളും പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

കാർഷിക മേഖലക്കൊപ്പം പഞ്ചായത്തിന്റെ സ്ഥിരമായ വികസനത്തിനും പുരോഗതിക്കും വ്യവസായങ്ങൾക്ക് മുഖ്യ പങ്ക് വഹിക്കുവാനുണ്ട്.

തൊഴിലില്ലായ്മ പരിഹരിക്കണമെങ്കിൽ വ്യവസായങ്ങൾ ഉണ്ടായേ തീരൂ. സാമ്പത്തികമായും സമൂഹികമായും പുറകിലല്ലാത്ത നമ്മുടെ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല. കാർഷിക ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. കുടുംബശ്രീ ഗ്രൂപ്പുകളുടെ സമ്പാദ്യം ഫലപ്രദമായി സ്വരൂപിച്ച് തൊഴിൽ സാധ്യതകൾക്കായി വിനിയോഗിക്കണം.

ഒരു പരിഷ്കൃത സമൂഹത്തിന്റെ അടിസ്ഥാന ലക്ഷ്യം ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ മുഖ്യശ്രേണിയിലേക്ക് ഉയർത്തുക എന്നുള്ളതാകുന്നു. ഗൾഫ് മേഖലയിലെ തകർച്ച ഇവിടുത്തെ സാമ്പത്തിക സ്ഥിതിയെയും കാര്യമായി ബാധിച്ചിട്ടുണ്ട്. ദാരിദ്ര്യ നിർമാർജ്ജനത്തിന്റെ ഭാഗമായി കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്.ഇവയുടെ പ്രവർത്തനം ശക്തമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ 2593 പട്ടികജാതി കുടുംബ ങ്ങളുണ്ട്. പട്ടികജാതി വിഭാഗത്തിന്റെ ഇപ്പോഴുള്ള പിന്നോക്കാവസ്ഥക്ക് മാറ്റം വരണമെങ്കിൽ പൊതുസമൂഹത്തിന്റെ ഇടപെടൽ ആവശ്യമാണ്. സാമൂഹിക-സാമ്പത്തിക മേഖലകളിലും വിദ്യാഭ്യാസ രംഗത്തും വേണ്ടത്ര പുരോഗതി ഇനിയും കൈവരിച്ചിട്ടില്ല. സാങ്കേതിക പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് പട്ടികജാതി വിദ്യാർത്ഥികളുടെ സാന്നിധ്യം വളരെ കുറവാണ്. ഭൂമി, മൂലധനം, സംരംഭകത്വം എന്നിവ കരസ്ഥമാക്കിയാൽ മാത്രമേ വേണ്ടത്ര സാമ്പത്തിക വളർച്ച ഈ വിഭാഗത്തിന് ഉണ്ടാകുകയുള്ളൂ. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനു വേണ്ടി അടിസ്ഥാന സൗകര്യങ്ങൾക്ക് ഊന്നൽ നൽകി പദ്ധതികൾ ആവിഷ്കരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ആരോഗ്യരംഗത്ത് നമ്മുടെ പഞ്ചായത്ത് കുറഞ്ഞ ജനനനിരക്കും, കുറഞ്ഞ മരണനിരക്കും കൈവരിച്ചുവെങ്കിലും ദാരിദ്രരോഗങ്ങളെന്ന് വിശേഷിക്കപ്പെടുന്ന പകർച്ചവ്യാധികൾ ഒരു ഭാഗത്തും സമൃദ്ധിയുടേതെന്ന് വിശേഷിക്കപ്പെടുന്ന ജീവിതശൈലി രോഗങ്ങൾ മറുഭാഗത്തും കാണുന്നുണ്ട്. ആര്യോഗ്യമേഖലയിൽ ആയുർവേദാശുപത്രിയും, ഒരു ഹോമിയോ, ഡിസ്പെൻസറിയും സി.എച്ച്.സിയുടെ കീഴിലുള്ള സബ്സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് രോഗികൾക്ക് ആശ്വാസം നൽകുന്ന വിവിധ പദ്ധതികൾക്കാണ് രൂപം കൊടുത്തിട്ടുള്ളത്.

കുടിവെള്ള വിതരണത്തിനായി എല്ലാ വാർഡുകളും കേരള വാട്ടർ അതോറിറ്റി പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഏപ്രിൽ, മെയ് മാസങ്ങളിൽ ആവശ്യമായ കുടിവെള്ളം ലഭിക്കാത്തതിനാൽ ശുദ്ധജല ദൗർലഭ്യം ആനുഭവപ്പെടാറുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പൈപ്പ് ലൈൻ ഇല്ലാത്ത ഭാഗത്ത് പുതിയ പൈപ്പ് ലൈൻ സ്ഥാപിച്ച് പരമാവധി വീടുകളിൽ നൽകുവാനാണ് പഞ്ചായത്ത് ശ്രമിച്ചുവരുന്നത്. ശുചിത്വത്തിന്റെ കാര്യത്തിൽ സമ്പൂർണ ശുചിത്വം കൈവരിച്ചുവെങ്കിലും ഈ മേഖലയിൽ ഇനിയും ധാരാളം പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. താഴ്ന്ന ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ശുചിത്വക്കുറവ് ഏറെയുണ്ട്. പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങളും പ്ലാസ്റ്റിക്ക് മാലിന്യങ്ങളും പരിസ്ഥിതിക്ക് വലിയ ഭീഷണിയായി മാറിയിരിക്കുകയാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള പദ്ധതികൾ പഞ്ചായത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ശ്രമിക്കുന്നുണ്ട്.

73,74 ഭരണഘടന ഭേദഗതിയിലൂടെ അധികാര വികേന്ദ്രീകരണം ഏർപ്പെടുത്തുകയും ചെയ്തതോടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വനിതകളെ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നമുടെ പഞ്ചായത്തിൽ കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചതിലൂടെ നിരവധി തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുവാനും സ്ത്രീകളിൽ സാമ്പത്തിക ഭദ്രത കൈവരിക്കുവാനും പരസ്പരം സഹായ മനസ്ഥിതി വളർത്തിയെടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. ശിശുക്ഷേമരംഗത്ത് 46 അംഗൻവാടികളിലെ കുട്ടികൾക്ക് പോഷണക്കുറവ് പരിഹരിക്കുന്നതിനും കൂടാതെ കൗമാര പ്രായക്കാരായ പെൺക്കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനായുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. മാത്രമല്ല സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാനും അംഗൻവാടികളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികളും അടുത്ത 5 വർഷത്തിനുള്ളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് നമ്മുടെ പഞ്ചായത്ത് ഏറെ മുമ്പിലാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മുന്നോടിയായി മുഴുവൻ സ്കൂളുകളിലും ദീർഘകാല കാഴ്ചപ്പാടോടുകൂടിയ സമഗ്ര ഗുണമേന്മ വിദ്യാലയ പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്.

അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിയാണ് വിദ്യാലയ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ഇതിലേക്ക് നയിക്കുന്ന തരത്തിൽ ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്നതിന് സഹായകരമായ കർമ്മ പദ്ധതികൾ ഉൾകൊള്ളുന്നതായിരിക്കണം വിദ്യാലയ വികസന പദ്ധതി. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതികൾ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ നടപ്പിലാക്കുവാനാണ് പഞ്ചായത്ത് ഉദ്ദേശിക്കുന്നത്.

ഒരു പൗരന്റെ ജനനം മുതൽ മരണം വരെയുള്ള വിവിധ ജീവിതാവശ്യങ്ങളുമായി ബന്ധപ്പെട്ട വിപുലവും അനിവാര്യവുമായ ഒട്ടേറെ ചുമതലകൾ പഞ്ചായത്തിനു നിർവ്വഹിക്കേണ്ടതുണ്ട്. ഗ്രമപഞ്ചായത്തിനെയും പൊതുജനത്തെയും പരസ്പരം ബന്ധിപ്പിക്കുന്ന പ്രധാന ഇടമായ അതിന്റെ ഓഫീസ് ഫലപ്രദമായി പ്രവർത്തിക്കേണ്ടതുണ്ട്. ഏറ്റവും വേഗത്തിലും കൃത്യതയിലും പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിന് ഗുണകരമായ തരത്തിൽ പഞ്ചാത്ത് ഓഫീസ് ഭരണ നിർവ്വഹണം ഉയർന്ന നിലവാരത്തിൽ ചിട്ടപ്പെടുത്തേണ്ടതുണ്ട്. പഞ്ചാത്ത് ഓഫീസ് പൂർണമായും കംപ്യൂട്ടർ വൽക്കരിച്ച് ഒരു പേപ്പർ ലെസ്സ് ഓഫീസാക്കി മാറ്റുന്നതിനുള്ള പദ്ധതികളാണ് ഈ പഞ്ചവത്സര പദ്ധതികാലത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഫണ്ട്, തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് ഭൂരിഭാഗം റോഡുകളും നിർമ്മിക്കുകയും നിർമ്മിച്ചവയുടെ സംരക്ഷണ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കുകയും ചെയ്യുന്നതിനുള്ള പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നത്. റോഡ് ശൃംഗല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും മഴക്കാലത്ത് മിക്കവാറും റോഡുകളിലും വെള്ളക്കെട്ട് അനുഭവപ്പെടുന്നുണ്ട്. പല സ്ഥലങ്ങളിലും പറമ്പുകൾ റോഡിനേക്കാൾ ഉയർന്നു നിൽക്കുന്നതിനാലും മഴക്കാലത്ത് പറമ്പുകളിൽ നിന്നുള്ള വെള്ളം റോഡിലേക്ക് ഒഴുകിയെത്തുന്നു. ഈ വെള്ളം ഒഴുകിപോകുന്നതിനുള്ള കാനകൾ ഇല്ലാത്തതിനാൽ റോഡിൽ തന്നെ ഈ വെള്ളം കെട്ടി നിൽക്കുകയും റോഡുകൾ നാശ മോശമാകുകയും ചെയ്യുന്നു.

പദ്ധതി പ്രവർത്തനങ്ങൾ കേവലം ചടങ്ങുകളാകാതെ മാറണമെങ്കിൽ പൊതുജനങ്ങളുടെ സജീവ പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. ഇതിലേക്കായി ബന്ധപ്പെട്ട മുഴുവൻ പേരുടെയും സഹകരണം സാദരം ക്ഷണിക്കുകയാണ്. ലഭ്യമായ വിഭവങ്ങൾ കുറവും നമ്മുടെ ആവശ്യങ്ങൾ കൂടുതലുമാണ് എന്നതിനാലാണ് ആസൂത്രണത്തിന്റെ പ്രസക്തി. ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തി ബഹുജനങ്ങൾക്ക് പരമാവധി ഗുണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികളാണ് പഞ്ചായത്ത് ആവിഷ്ക്കരിക്കുന്നത്.

# വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

## 1. പൊതുഭരണവും ധനകാര്യവും

| വികസന കാഴ്ചപ്പാട്/പൊതുനയം | വികസന ലക്ഷ്യങ്ങൾ/മുൻഗണന (2022–23 മുതൽ 2026–27 വരെ) |
|---|---|
| 1. സീറോ ഫയൽ പഞ്ചായത്താക്കുക<br>2. കടലാസ് രഹിത പഞ്ചായത്താക്കുക<br>3. സ്വയംപര്യപ്തമായ പഞ്ചായത്താക്കി ഉയർത്തുക<br>4. പഞ്ചായത്ത് ഓഫീസും, ഘടക സ്ഥാപനങ്ങളും ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്തുക. | 1. പുതിയ ഓഫീസ് കെട്ടിടം<br>2. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ (ഘടകസ്ഥാപനങ്ങൾ ഉൾപ്പെടെ) |

## 2. കൃഷിയും മത്സ്യബന്ധനവും

| | |
|---|---|
| 1. ജൈവകൃഷി രീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം<br>2. തെങ്ങ്, കവുങ്ങ് എന്നിവയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക.<br>3. ഇടവിളകൃഷികൾ പ്രോത്സാഹിപ്പിക്കുക.<br>4. ഭക്ഷ്യോൽപ്പാദനത്തിൽ സ്വയം പര്യപ്തത കൈവരിക്കുക<br>5. സസ്യസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക<br>6. ആധുനിക കാർഷികോപരണങ്ങൾ കർഷകർക്ക് ലഭ്യമാക്കുക.<br>7. ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് തടയുക.<br>8. പഞ്ചായത്ത് പ്രദേശത്തെ കണ്ടൽകാടുകളെ സംരക്ഷിക്കുക.<br>9. ഹരിത കേരളം മിഷൻ പദ്ധതി നടപ്പാക്കുക.<br>10. നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ നവീകരിക്കുക. | 1. ജാതിക്ക് ജൈവവളം വിതരണം<br>2. ചേന, ചേമ്പ് എന്നിവയുടെ വ്യാപനം<br>3. വാഴക്കണ്ണ് നൽകൽ<br>4. കർഷകർക്ക് നൂതന കാർഷികോപകരണങ്ങൾ നൽകൽ<br>5. ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് ബണ്ടുനിർമ്മാണം.<br>6. തരിശ് നിലങ്ങളിൽ പരമാവധി കൃഷികൾ പ്രോത്സാഹിപ്പിക്കുക.<br>7. തൊഴിലുറപ്പ് പദ്ധതി വഴി സുസ്ഥിര ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തികൾ ഏറ്റെടുത്ത് ചെയ്യുക.<br>8. കാർഷിക പ്രവർത്തികൾ ചെയ്യുന്നതിന് ഹരിത സേന രൂപീകരിക്കുക<br>9. കണ്ടൽ കാട് സംരക്ഷണം |

## 3. മൃഗസംരക്ഷണവും ക്ഷീരവികസനവും

| | |
|---|---|
| 1. പാലുൽപ്പാദനത്തിന് സ്വയംപര്യാപ്തത കൈവരിക്കൽ.<br>2. മുട്ട ഉൽപ്പാദനത്തിന് സ്വയംപര്യാപ്തത കൈവരിക്കുക.<br>3. പശു, ആട് മുതലായവ വളർത്തുന്നതുവഴി തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുക.<br>4. മൃഗാശുപത്രിയിൽ ലാബ് സൗകര്യങ്ങൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക. | 1. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ<br>2. പെണ്ണാടുകളുടെ യൂണിറ്റ്, മുട്ടക്കോഴി വിതരണം<br>3. മൃഗാശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ<br>4. കന്നുകുട്ടി പരിപാലനം<br>5. കന്നുകുട്ടികൾക്ക് ഇൻഷുറൻസ്, ഗർഭിണി കിടാരി വളർത്തൽ |

## 4. പ്രാദേശിക സാമ്പത്തിക വികസനം

| വികസന കാഴ്ചപ്പാട്/പൊതുനയം | വികസന ലക്ഷ്യങ്ങൾ/മുൻഗണന |
|---|---|
| 1. പ്രാദേശിക സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക.<br>2. സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുക.<br>3. യുവതീ യുവാക്കൾക്ക് സ്വയം തൊഴിലിന് സബ്സിഡി നൽകി പ്രാപ്തരാക്കുക.<br>4. തൊഴിൽ ഗ്രൂപ്പുകൾ ഉണ്ടാക്കി തൊഴിൽ ലഭ്യത ഉറപ്പുവരുത്തുക.<br>5. പുരുഷ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക.<br>6. ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.<br>7. നാളികേര ഉൽപ്പന്ന യൂണിറ്റ് ആരംഭിക്കുക. | 1. സ്വയം തൊഴിലിന് ഓട്ടോറിക്ഷ/പിക് അപ് ഓട്ടോറിക്ഷ<br>2. സ്വയം തൊഴിലിന് ആസ്തി സൃഷ്ടിക്കുന്നതിന് ധനസഹായം<br>3. സ്വയം തൊഴിലിന് ഇരുചക്രവാഹനം<br>4. കൃഷിയിലൂടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സംരംഭങ്ങളിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. |

## 5. ദാരിദ്ര ലഘൂകരണം

| | |
|---|---|
| 2. ഭൂരഹിതരായ ആളുകൾക്ക് വീട് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങി വീട് / ഫ്ളാറ്റ് നിർമ്മിച്ച് നൽകുക.<br>3. സ്വന്തമായി ഭൂമിയുള്ളവരും ഭവന രഹിതരുമായ ആളുകൾക്ക് വീട് നൽകുക.<br>4. വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് സബ്സിഡി നൽകുക.<br>5. അറ്റകുറ്റപ്പണി നടത്തിയാൽ വാസയോഗ്യമാക്കാവുന്ന വീടുകളുടെ ഉടമസ്ഥർക്ക് സബ്സിഡി നൽകി പുനരധിവസിപ്പിക്കുക | 1. സമ്പൂർണ്ണ പാർപ്പിടം-ലൈഫ് മിഷൻ പദ്ധതി നടപ്പാക്കുക.<br>2. വീട് വാസയോഗ്യമാക്കൽ<br>3. ഭവന നിർമ്മാണം<br>4. പി.എം.എ.വൈ. വിഹിതം<br>5. ഭൂരഹിതരായവർക്ക് വീട് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കൽ<br>6. തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കുക. |

## 6. സാമൂഹ്യനീതി

| | |
|---|---|
| 1. ഭിന്നശേഷിയുള്ളവർക്ക് ഉപകരണം നൽകുക.<br>2. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുക.<br>3. ബാല സൗഹൃദ പഞ്ചായത്ത് ആക്കുക.<br>4. വയോജന സൗഹൃദ പഞ്ചായത്ത് ആക്കുക.<br>5. വൃദ്ധർക്ക് വേണ്ടി പകൽ വീട് ഏർപ്പെടുത്തുക.<br>6. എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം | 2. അങ്കണവാടി വഴി പോഷകാഹാരം<br>3. അങ്കണവാടി പ്രവർത്തകർക്ക് വർദ്ധിപ്പിച്ച ഹോണറേറിയം.<br>4. വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം.<br>5. ഭിന്നശേഷിയുള്ളവർക്ക് റിസോഴ്സ് സെന്റർ<br>6. ബാല സഭ രൂപീകരണം<br>7. പകൽ വീടുകളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ<br>8. അങ്കണവാടി നിർമ്മാണം വാർഡുകളിൽ |

## 7. വനിത വികസനം

| | |
|---|---|
| 1. സ്ത്രീ ശാക്തീകരണം<br>2. കുടുംബ അദാലത്തുകൾ സംഘടിപ്പിക്കുക.<br>3. സ്ത്രീകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.<br>4. കുടുംബശ്രീയുടെ പ്രവർത്തനം വിപുലമാക്കുക.<br>5. സ്ത്രീകൾക്ക് നിയമബോധവൽക്കരണ ക്യാമ്പ് സംഘടിപ്പിക്കുക.<br>6. സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനത്തിന് കരാട്ടേ, കുംഫു എന്നിവയിൽ പരിശീലനം നൽകുക.<br>7. സ്ത്രീ രോഗങ്ങൾ കണ്ടെത്തുന്നതിന് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക. | 1. കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്<br>2. അങ്കണവാടി പോഷകാഹാരം<br>3. ജാഗ്രത സമിതി<br>4. ആശ്രയ ഭവന നിർമ്മാണം<br>5. വനിതാഗ്രൂപ്പുകൾ രൂപീകരിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ<br>6. വനിതാഗ്രൂപ്പുകൾ രൂപീകരിച്ച് ജൈവ പച്ചക്കറി കൃഷി ആരംഭിക്കൽ.<br>7. കൗമാര പ്രായക്കാർക്കും, ഗർഭിണികൾക്കും പോഷകാഹാരം വിതരണം. |

## 8. പട്ടികജാതി വികസനം/പട്ടികവർഗ്ഗ വികസനം

| വികസന കാഴ്ചപ്പാട്/പൊതുനയം | വികസന ലക്ഷ്യങ്ങൾ/മുൻഗണന |
|---|---|
| 1. പാരമ്പര്യ തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുക.<br>2. തൊഴിൽ സുരക്ഷക്കായി പാട്ടകൃഷി സംബ്രദായം വിപുലീകരിക്കുക.<br>3. ഭൂരഹിതർ/ഭവന രഹിതർക്ക് ഭൂമിയും ഭവനവും/ഫ്ളാറ്റ് നിർമ്മിച്ച് നൽകുക.<br>4. തൊഴിലില്ലായ്മക്ക് പരിഹാരമായി സ്വയം തൊഴിൽ യൂണിറ്റുകൾ സംഘടിപ്പിക്കുക.<br>5. കലാ സാംസ്കാരിക ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.<br>8. യുവതി/യുവാക്കൾ വിദേശത്ത് പോകുന്നതിന് യാത്ര ചിലവിന് ധനസഹായം നൽകുക.<br>9. പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുക. | 1. സ്വയം തൊഴിലിന് ഇരുചക്രവാഹനം<br>2. സ്വയം തൊഴിലിന് ആസ്തി 5 പേർക്ക്<br>3. രണ്ട് പെണ്ണാടുകളുടെ യൂണിറ്റ് (പട്ടികജാതി വിഭാഗത്തിന്)<br>4. ഓട്ടോറിക്ഷ/പിക്കപ്പ് ഓട്ടോറിക്ഷ (എസ്.സി.)<br>5. എസ്.സി. സ്ഥലം വാങ്ങൽ ലൈഫ് മിഷൻ പദ്ധതി നടപ്പാക്കൽ.<br>6. എസ്.സി. വിവാഹ ധനസഹായം<br>7. എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണീച്ചർ, സൈക്കിൾ<br>8. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി<br>9. എസ്.സി. സാംസ്കാരിക നിലയം, പുസ്തകങ്ങൾ<br>10. പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്<br>11. പി.വി.സി. വാട്ടർ ടാങ്ക്<br>12. ഗ്രൂപ്പ് അടിസ്ഥാനത്തിൽ തൊഴിലിനായി വാദ്യോപകരണ യൂണിറ്റ് രൂപീകരിക്കുക.<br>13. വീട് വാസയോഗ്യമാക്കൽ (എസ്.സി.)<br>14. എസ്.സി. സാംസ്കാരിക നിലയം സൗകര്യം വർദ്ധിപ്പിക്കൽ<br>15. ബയോഗ്യാസ് പ്ലാന്റ് |

## 9. ആരോഗ്യം

| | |
|---|---|
| 1. ആശുപത്രികൾ ജന സൗഹൃദമാക്കുക<br>2. ആരോഗ്യപൂർണ്ണമായ ജീവിതം ഉറപ്പുവരുത്തുക.<br>3. കൗമാരപ്രായമായ പെൺകുട്ടികൾക്ക് പോഷകാഹാരം നൽകുക.<br>4. മുലയൂട്ടുന്ന അമ്മമാർക്കും, ഗർഭിണികൾക്കും പോഷകാഹാരം നൽകുക.<br>5. ജീവിത ശൈലി പ്രതിരോധ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.<br>6. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് മാരക രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുക.<br>7. ബി.പി.എൽ. കുടുംബങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്തുക.<br>8. കിടപ്പ് രോഗികൾക്ക് സാന്ത്വന ചികിത്സ | 1. ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സ തേടുന്നവർക്ക് ഗുണമേന്മയും, സൗഹാർദ്ദപരവുമായ സേവനം ഉറപ്പാക്കുക.<br>2. ആർദ്രം ജീവിത ശൈലി രോഗങ്ങളുടെ പരിശോധന (വിനിത)<br>3. വനിതകൾക്ക് ക്യാൻസർ രോഗനിർണ്ണയ ക്യാമ്പ്.<br>4. ആയുർവേദാശുപത്രിക്ക് മരുന്ന്.<br>5. ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾക്കും, സേവനങ്ങൾക്കും നിലവാരം നിശ്ചയിച്ച് ഘട്ടംഘട്ടമായി അവ കൈവരിക്കുക.<br>6. സാംക്രമിക രോഗങ്ങളുടെ പ്രരിരോധ പ്രവർത്തനങ്ങൾ, തുടർ ചികിത്സ<br>7. സാന്ത്വന പരിചരണം |

## 10. കുടിവെള്ളം, ശുചിത്വം

| | |
|---|---|
| 3. ഗ്രൗണ്ട് വാട്ടറിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക.<br>4. കുടിവെള്ള സ്രോതസ്സുകൾ ശുദ്ധീകരിക്കുക.<br>5. സമ്പൂർണ്ണ ശുചിത്വ പഞ്ചായത്താക്കുക.<br>6. ശാസ്ത്രീയമായ മാലിന്യ പരിപാലനം.<br>7. മഴവെള്ള സംഭരണം വ്യാപകമാക്കുക.<br>8. ഭൂഗർഭ ജല സംപോഷണം ഉറപ്പാക്കുക.<br>9. ജലസ്രോതസ്സുകൾ സംരക്ഷിക്കുക | 1. കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ.<br>2. കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള പദ്ധതികൾ<br>3. പൊതുകിണറുകൾ, പൊതുകുളങ്ങൾ എന്നിവ എല്ലാവർഷവും ശുചീകരിക്കുക.<br>4. ബയോഗ്യാസ് പ്ലാന്റ്<br>5. ബയോകമ്പോസ്റ്റ് ബിൻ നൽകൽ.<br>6. ഉറവിട മാലിന്യ സംസ്കരണ പദ്ധതി<br>7. അജൈവ മാലിന്യങ്ങളുടെ ശേഖരണം, പുനചംക്രമണം.<br>8. ജല സുരക്ഷ |

## 11. വിദ്യാഭ്യാസം, കലയും – സംസ്കാരവും – യുവജനകാര്യം

| വികസന കാഴ്ചപ്പാട്/പൊതുനയം | വികസന ലക്ഷ്യങ്ങൾ/മുൻഗണന |
|---|---|
| 1. പഞ്ചായത്തിലെ സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുക.<br>2. സ്കൂളിൽ സ്മാർട്ട് ക്ലാസ് മുറികൾ സജ്ജീകരിക്കുക. കമ്പ്യൂട്ടർ വൽക്കരണം, മറ്റു പഠനോപകരണങ്ങൾ ഏർപ്പെടുത്തുക.<br>3. വിദ്യാഭ്യാസ ഗുണനിലവാരം ഉറപ്പുവരുത്തുക.<br>4. കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുക.<br>5. അധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുക<br>6. സ്കൂളുകളിലേക്ക് പുതിയ പുസ്തകങ്ങൾ, പത്രങ്ങൾ, ആനുകാലികങ്ങൾ, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ നൽകൽ<br>7. വായനശാലകൾക്ക് പുതിയ പുസ്തകങ്ങൾ, പത്രങ്ങൾ, ആനുകാലികങ്ങൾ, കമ്പ്യൂട്ടർ മറ്റു അനുബന്ധ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ നൽകൽ<br>8. യുവതി യുവാക്കൾക്ക് കലാ കായിക പരിശീലനം നൽകുക.<br>9. വായനശാലകൾക്ക് സുരക്ഷിതമായ കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുക | 1. കേരളോത്സവം സംഘടിപ്പിക്കൽ.<br>2. രജിസ്ട്രേഡ് ക്ലബ്ബുകൾക്ക് കോച്ചിംഗ് ക്യാമ്പും ഉപകരണങ്ങളും<br>3. ബാലസഭ പ്രവർത്തനങ്ങൾ<br>4. സ്കൂളുകൾക്ക് ഫർണിച്ചറുകൾ, പത്രങ്ങൾ, ആനുകാലികങ്ങൾ, റഫറൻസ് ഗ്രന്ഥങ്ങൾ, കമ്പ്യൂട്ടറുകൾ, ആധുനിക ലാബ്<br>5. പഠനമുറി<br>6. തുടർ സാക്ഷരത പ്രവർത്തനം വിപുലമാക്കൽ– സാക്ഷരത കേന്ദ്രങ്ങളിലേക്ക് ഫർണിച്ചർ, പത്ര മാസികകൾ, പഠിതാക്കൾക്ക് ഫീസ് നൽകൽ.<br>7. രജിസ്ട്രേഡ് ക്ലബ്ബുകൾക്ക് ഫർണിച്ചർ, പത്ര മാസികകൾ, റഫറൻസ് ഗ്രന്ഥങ്ങൾ, കെട്ടിടം ഇല്ലാത്ത ക്ലബ്ബുകൾക്ക് കെട്ടിടം നിർമ്മിക്കൽ |

## 12. പൊതുമരാമത്ത്, ഊർജ്ജം

| | |
|---|---|
| 1. പഞ്ചായത്തിലെ കേടുവന്ന എല്ലാ റോഡുകളും മെയിന്റനൻസ് നടത്തുക.<br>2. ആവശ്യമായ സ്ഥലങ്ങളിൽ പുതിയ റോഡുകൾ നിർമ്മിക്കുക.<br>3. ആവശ്യമായ സ്ഥലങ്ങളിൽ ഓടകൾ നിർമ്മിക്കുക.<br>4. പ്രധാന റോഡുകൾ റബ്ബറൈസ്ഡ് ചെയ്യുക.<br>5. റോഡുകൾ, ജംഗ്ഷനുകൾ ശുചീകരിക്കുക<br>6. തെരുവ് വിളക്കുകൾ അറ്റകുറ്റപണി നടത്തുക.<br>7. തെരുവ് വിളക്ക് ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.<br>8. സോളാർ ഉപകരണങ്ങൾ സ്ഥാപിച്ച് ഊർജ്ജ സംരക്ഷണം ഉറപ്പ് വരുത്തുക.<br>9. എല്ലാ വീടുകളിലും സോളാർ ഉപകരണങ്ങൾ നൽകുന്നതിന് സബ്സിഡി നൽകുക. | 1. റോഡുകൾ മെയിന്റനൻസ്<br>2. പുതിയ റോഡുകളുടെ നിർമ്മാണം<br>3. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം<br>4. ഡ്രൈനേജ് നിർമ്മാണം<br>5. കാനകൾക്ക് സ്ലാബ് സ്ഥാപിക്കൽ<br>6. പ്രധാന റോഡുകൾ റബ്ബറൈസ് ചെയ്യൽ, ഇന്റർലോക്ക് ടൈൽ സ്ഥാപിക്കൽ<br>7. സൗര വൈദ്യുതി ഉൽപ്പാദനം<br>8. റോഡുകളിൽ മാർഗ്ഗതടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ<br>9. സ്ട്രീറ്റ് ലൈൻ നീട്ടൽ<br>10. തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ, പരിപാനത്തിന് എ.എം.സി.<br>11. സോളാർ വാട്ടർ ഹീറ്റർ സബ്സിഡി |

# അധ്യായം 5

## വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

2026 - 2027 വർഷത്തില് പഞ്ചായത്തിന് ലഭ്യമാകുന്ന വിവിധ ഗ്രാന്റുകള്

പതിനാലാം പഞ്ചവത്സര പദ്ധതി : വിഭവ വകയിരുത്തൽ

| ക്രമ നമ്പർ | വിഭവ സ്രോതസ്സുകൾ | | | വകയിരുത്തുന്ന തുക ( രൂപ) |
|---|---|---|---|---|
| 1 | 2 | | | 3 |
| 1 | വികസന ഫണ്ട് | സാധാരണ വിഹിതം | | 53197000 |
| | | പട്ടികജാതി ഉപപദ്ധതി | | 8585000 |
| | | പട്ടിക വർഗ്ഗ ഉപപദ്ധതി | | 0 |
| | | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | പ്രത്യേക ഉദ്ദേശ ഗ്രാന്റ് | 0 |
| | | | അടിസ്ഥാന ഗ്രാന്റ് | 0 |
| | | ആകെ വികസന ഫണ്ട് | | 61782000 |
| 2 | മെയിൻറനൻസ് ഫണ്ട് | റോഡ് ഇതരം | | 17558000 |
| | | റോഡ് | | 18926000 |
| | | ആകെ | | 36484000 |
| 3 | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യ ഗ്രാന്റ് | | | 0 |
| 4 | പതിനഞ്ചാം ധനകാര്യ കമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ് | | | 0 |
| 5 | തനത് ഫണ്ട് (ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പെടെ) | | | 4851300 |
| 6 | സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | | | 27500000 |

| | | | |
|---|---|---|---|
| 7 | കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | | 1000000 |
| 8 | വായ്പ - സഹകരണ സ്ഥാപനങ്ങളിൽ നിന്ന് | | 0 |
| 9 | വായ്പ- മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് | | 0 |
| 10 | ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടക്കുന്നത് | | |
| 11 | ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം | | |
| 12 | സന്നദ്ധ സേവനം | | |
| 13 | സംഭാവന | | |
| 14 | മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം | I) ഗ്രാമപഞ്ചായത്തുകളിൽ നിന്ന് | 0 |
| | | II) ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് | 17410000 |
| | | III) ജില്ല പഞ്ചായത്തിൽ നിന്ന് | 25600000 |
| | | IV) മുനിസിപാലിറ്റികളിൽ നിന്ന് | 0 |
| | | V) കോർപ്പറേഷനില് നിന്ന് | 0 |
| | | VI) നഗര സഞ്ചയഗ്രാൻറില് നിന്നുള്ള വിഹിതം | 0 |
| | | ആകെ | 43010000 |
| 15 | മറ്റുള്ളവ | | 28877000 |

| നിർബന്ധമായി വകയിരുത്തേണ്ട വിഭാഗങ്ങൾക്കുള്ള /പ്രത്യേക പദ്ധതികൾക്കുള്ള വകയിരുത്തൽ | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | നിർ ബന്ധമായി തുക വകയിരുത്തേണ്ട വിഭാഗത്തിൻറെ / പ്രത്യേക പദ്ധതിയുടെ പേര് | വകയിരുത്തേണ്ട തുക (രൂപ) | വകയിരുത്തിയ തുക | | |
| | | | വികസന ഫണ്ട് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 |
| 1 | അംഗനവാടി പോഷകാഹാര വിതരണം | 4300000 | 2300000 | 2000000 | 4300000 |
| 2 | എസ് എസ് എ | 1000000 | 1000000 | 0 | 1000000 |
| 3 | പാലിയേറ്റീവ് കെയർ പ്രൊജക്റ്റിനുള്ള വിഹിതം | 1000000 | 700000 | 300000 | 1000000 |
| 4 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ഭത്തയും | 3400000 | 1700000 | 1700000 | 3400000 |
| 5 | ഐ കെ എം വിഹിതം നൽകല് | 200000 | 200000 | 0 | 200000 |
| | ആകെ | 9900000 | 5900000 | 4000000 | 9900000 |

വികസന ഫണ്ടിൻറെ വിഷയാടിസ്ഥാനത്തിലുള്ള വകയിരുത്തല്

| ക്രമ നമ്പർ | വികസന മേഖല | വകയിരുത്തൽ ( രൂപ) | | | | | |
|---|---|---|---|---|---|---|---|
| | | സാധാരണ വിഹിതം | പട്ടികജാതി ഉപപദ്ധതി | പട്ടിക വർഗ്ഗ ഉപപദ്ധതി | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാൻറ് | | ആകെ |
| | | | | | ബേസിക് | ടൈഡ് | |
| 1) | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | കൃഷി | 3318800 | 0 | 0 | 0 | 0 | 3318800 |
| 2 | മൃഗസംരക്ഷണം | 1320000 | 0 | 0 | 0 | 0 | 1320000 |
| 3 | ക്ഷീര വികസനം | 625000 | 0 | 0 | 0 | 0 | 625000 |
| 4 | മണ്ണ് ജലസംരക്ഷണം | 200000 | 0 | 0 | 0 | | 200000 |
| 6 | വിദ്യാഭ്യാസം | 2325000 | 0 | 0 | 0 | | 2325000 |
| 7 | കല, സംസ്കാരം യുവജനക്ഷേമം | 2318000 | 0 | 0 | 0 | 0 | 2318000 |
| 8 | ആരോഗ്യം | 1950000 | 0 | 0 | 0 | 0 | 1950000 |
| 9 | കുടിവെള്ളം | 160000 | 0 | 0 | 0 | 0 | 160000 |
